بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 4

ലക്കം 8

# ബദർ

വീക്കിലി ഖാദിയാൻ

The weekly
BADAR Qadian
Malayalam

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2018 ഫെബ്രുവരി 21/ഹി:ശം:1398 തബ്‌ലീഗ് 21/ഹി:ഖ:1440 ജമാദുൽ ആഖിർ 15


## അല്ലാഹുവിന്റെ വചനം

قُلۡ اِنۡ تُخۡفُوۡا مَا فِیۡ صُدُوۡرِکُمۡ
اَوۡ تُبۡدُوۡہُ یَعۡلَمۡہُ اللّٰہُ ؕ
وَیَعۡلَمُ مَا فِی السَّمٰوٰتِ وَمَا فِی الۡاَرۡضِ ؕ
وَاللّٰہُ عَلٰی کُلِّ شَیۡءٍ قَدِیۡرٌ ○

(آل عمران:30)

പറയുക, നിങ്ങൾ നിങ്ങളുടെ ഹൃദയങ്ങളിലുള്ളതെന്തും മറച്ചുവെക്കുകയോ വെളിപ്പെടുത്തുകയോ ചെയ്താൽ അല്ലാഹു അത് അറിയും. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അവൻ അറിയുന്നു. അല്ലാഹു എല്ലാ കാര്യങ്ങൾക്കും പൂർണമായും കഴിവുള്ളവനാകുന്നു.'(3:30)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**മുത്തഖിയുടെ സംരക്ഷകൻ അല്ലാഹു ആയിത്തീരുന്നയാണ്. സത്യത്തിന്നെതിരിൽ നിർബന്ധിതനാക്കുന്ന അത്തരം അവസരങ്ങൾ ഉണ്ടായാൽ അല്ലാഹു അതിൽനിന്ന് അവനെ രക്ഷിക്കുന്നു. ഓർമിക്കുക! അല്ലാഹുവിനെ ഉപേക്ഷിക്കുന്നവനെ അല്ലാഹുവും ഉപേക്ഷിക്കുന്നു. പരമകാരുണികനായ അല്ലാഹുവിനെ ഉപേക്ഷിക്കുന്നവനുമായി ശയ്ത്വാൻ തന്റെ ബന്ധം സ്ഥാപിക്കുമെന്നത് തീർച്ചയാണ്.**

## സയ്യിദുനാ ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### തഖ്‌വയുടെ അനുഗ്രഹങ്ങൾ:

‘തഖ്‌വയിലും പരിശുദ്ധിയിലുമുള്ള നിങ്ങളുടെ പുരോഗതി എപ്പോഴും പരിശോധിച്ചുകൊണ്ടിരിക്കേണ്ടതാണ്. അതിനുള്ള മാനദണ്ഡമാണ് വിശുദ്ധഖുർആൻ. അത് മുത്തഖിയുടെ അടയാളങ്ങൾ വിവരിച്ചതിൽ ഒന്ന് മുത്തഖിയെ വെറുക്കപ്പെട്ട ലോകത്തുനിന്ന് സ്വതന്ത്രനാക്കി അവന്റെ പ്രവൃത്തികളുടെ ചുമതല അല്ലാഹുതന്നെ ഏറ്റെടുക്കുമെന്നാണ്. അല്ലാഹു പറയുന്നു:

*വമൻ യ്യത്തഖില്ലാഹ യജ്അല്ലഹു മഖ്‌റജൻ വ്വ യർസുഖ്‌ഹു മിൻ ഹയ്ഥു ലാ യഹ്തസിബ്(65:3.4)*

ആരെങ്കിലും അല്ലാഹുവിനെ ഭയപ്പെടുന്നതായാൽ എല്ലാ വിപത്തുകളിൽനിന്നും രക്ഷപ്പെടാനുള്ള മാർഗം അല്ലാഹു അവനുണ്ടാക്കിക്കൊടുക്കുന്നതാണ്. അവനുദ്ദേശിക്കാത്ത ഭാഗങ്ങളിലൂടെ അല്ലാഹു അവന് ഉപജീവനം നല്കുകയും ചെയ്യും. (65:3,4) അതായത് അല്ലാഹു മുത്തഖിക്ക് നിഷിദ്ധമാർഗ്ഗത്തിലൂടെ തന്റെ കാര്യങ്ങൾ നടത്താനിടയുണ്ടാക്കുകയില്ലെന്നതും മുത്തഖിയുടെ അടയാളമാണ്. ഉദാഹരണത്തിന്, കളവു പറയാതെ തന്റെ വ്യാപാരം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയില്ലെന്ന് ഒരു വ്യാപാരി ധരിക്കുന്നു. അതുകൊണ്ട് അവൻ കളവിൽനിന്ന് പിൻമാറുന്നില്ല. തന്റെ നിർബന്ധിതാവസ്ഥ അയാൾ പറയുകയും ചെയ്യുന്നു. പക്ഷേ, അതൊരിക്കലും സത്യമായിരിക്കുകയില്ല. മുത്തഖിയുടെ സംരക്ഷകൻ അല്ലാഹു ആയിത്തീരുന്നയാണ്. സത്യത്തിന്നെതിരിൽ നിർബന്ധിതനാക്കുന്ന അത്തരം അവസരങ്ങൾ ഉണ്ടായാൽ അല്ലാഹു അതിൽനിന്ന് അവനെ രക്ഷിക്കുന്നു. ഓർമിക്കുക! അല്ലാഹുവിനെ ഉപേക്ഷിക്കുന്നവനെ അല്ലാഹുവും ഉപേക്ഷിക്കുന്നു. പരമകാരുണികനായ അല്ലാഹുവിനെ ഉപേക്ഷിക്കുന്നവനുമായി ശയ്ത്വാൻ തന്റെ ബന്ധം സ്ഥാപിക്കുമെന്നത് തീർച്ചയാണ്.

അല്ലാഹു ബലഹീനനാണെന്ന് മനസ്സിലാക്കരുത്. അവൻ സർവശക്തനാണ്. അവനിൽ ഒരു കാര്യം സമർപണം ചെയ്താൽ അവൻ നിശ്ചയമായും നിങ്ങളെ സഹായിക്കുന്നതാണ്. തന്റെ കാര്യങ്ങൾ അല്ലാഹുവിനെ ഭരമേല്പിക്കുന്നവനാരോ അവന് അല്ലാഹു മതിയായവനാണ്. *വമൻ യ്യത്തവക്കൽ അലല്ലാഹി ഫഹുവ ഹസ്ബുഹു*(65:4) ദീനീകാര്യങ്ങളിൽ നിഷ്ഠയുള്ളവരായിരുന്നു ഈ വചനത്തിന്റെ ആദ്യ സംബോധിതർ. അവരുടെ ചിന്ത മുഴുവൻ മതപരമായ കാര്യങ്ങളിലായിരുന്നു. ഭൗതികകാര്യങ്ങളെല്ലാം അവർ അല്ലാഹുവിന് വിട്ടുകൊടുത്തു. അതുകൊണ്ട് ഞാൻ നിങ്ങളോടൊപ്പമുണ്ടെന്ന് പറഞ്ഞ് അല്ലാഹു അവരെ സമാധാനപ്പെടുത്തി. ചുരുക്കിപറഞ്ഞാൽ, അല്ലാഹു മുത്തഖിയായ മനുഷ്യനെ ബാഹ്യമായ എല്ലാ നാശങ്ങളിൽനിന്നും രക്ഷിക്കുന്നുവെന്നത് തഖ്‌വയുടെ അനുഗ്രഹങ്ങളിൽപ്പെട്ടതാണ്.

### അല്ലാഹു മുത്തഖിയ്ക്ക് ഉപജീവനം നല്കുന്നു

അപ്രകാരംതന്നെ മുത്തഖിയായ മനുഷ്യന് അല്ലാഹു പ്രത്യേകമായ നിലയിൽ ഉപജീവനം നല്കുന്നു. ഇവിടെ ഞാൻ മഅ്‌രിഫത്തിന്റെ–ദിവ്യജ്ഞാനത്തിന്റെ ഉപജീവനത്തെക്കുറിച്ച് പ്രതിപാദിക്കാം. നബി(സ)തിരുമേനിക്ക് എല്ലാതരത്തിലുള്ള ആളുകളുടെയുംമേൽ വിജയം വരിക്കാൻ കഴിയുമാറ് ആധ്യാത്മിക ഭക്ഷണം അല്ലാഹു നല്കുകയുണ്ടായി. അവിടന്ന് നിരക്ഷരനായിരുന്നിട്ടും ഗ്രന്ഥാനുസാരികൾ, തത്ത്വചിന്തകന്മാർ, ഉന്നതപണ്ഡിതന്മാർ തുടങ്ങിയ മുഴുലോകവുമായും ഇടപെടേണ്ടതായി വന്നു. എല്ലാവരേയും അതിജയിക്കാനുള്ള ആധ്യാത്മികഭക്ഷണം നബി(സ)തിരുമേനിക്കു അല്ലാഹുവിൽനിന്ന് ലഭിച്ചു. മനുഷ്യർക്കു സംഭവിച്ച ഭീമമായ അബദ്ധങ്ങൾ അവർക്ക് ബോധ്യമാക്കിക്കൊടുക്കുകയും ചെയ്തു.

അതുല്യമായ ആധ്യാത്മിക ഭക്ഷണമായിരുന്നു അത്. മറ്റൊരു സ്ഥലത്ത് മുത്തഖിയെക്കുറിച്ച് അല്ലാഹു പറയുന്നതിങ്ങനെയാണ്: *ഇൻ ഔലിയാഉഹൂ ഇല്ലൽ മുത്തഖൂൻ*(8:35) മുത്തഖികളാണ് അല്ലാഹുവിന്റെ വലിയ്യുമാർ. അതായത് അല്ലാഹുവിന്റെ സ്നേഹിതർ. അല്പം വിഷമം സഹിച്ച് ദൈവസാമീപ്യം കരസ്ഥമാക്കുക എന്നത് എത്ര വലിയ അനുഗ്രഹമാണ്. ഇന്നത്തെ ലോകത്തിന്റെ അധഃപതനാവസ്ഥ നോക്കൂ. ഒരു ഭരണാധികാരിയോ ഉയർന്ന ഉദ്യോഗസ്ഥനോ ‘നിങ്ങൾ എന്റെ സുഹൃത്താണെന്ന്' ആരോടെങ്കിലും പറയുകയോ, ഇരിക്കാൻ കസേര നല്കുകയോ, ആദരിക്കുകയോ ചെയ്താൽ ആ ആൾ ഉടനെ വലിയ പൊങ്ങച്ചം കാണിക്കാൻ തുടങ്ങുന്നു. അഭിമാനിക്കുന്നു. എന്നാൽ, തന്റെ പ്രിയപ്പെട്ടവനെന്നോ സുഹൃത്തെന്നോ അല്ലാഹു വിളിക്കുന്ന മനുഷ്യൻ എത്രമാത്രം സ്ഥാനമഹിമയുള്ളവനാണ്. അല്ലാഹു നബി(സ)തിരുമേനിയുടെ നാവിലൂടെ ഇങ്ങനെ വാഗ്ദാനം ചെയ്തിരിക്കുന്നതായി ബുഖാരിയിൽ രേഖപ്പെടുത്തിയിട്ടുള്ള ഒരു ഹദീഥിൽ വന്നിരിക്കുന്നു:*ലാ യസാലു യത്തഖർറബു അബ്ദീ ബിന്നവാഫിലി ഹത്താ ഉഹിബ്ബഹു ഫഇദാ അഹ്ബബ്ത്തുഹു കുൻതു സംഅഹുല്ലദീ യസ്മഉ ബിഹീ വ ബസ്വറഹുല്ലദീ യുബ്സിറു ബിഹീ വ യദഹുല്ലത്തീ യബ്ത്വിശു ബിഹാ വ രിജലഹുല്ലത്തീ യംശീ ബിഹാ വ ലഇൻ സഅലനീ ലഅഅ്ത്വിയത്തുഹൂ വ ലഇൻ ഇസ്തഅദനീ ല ഉയീദന്നഹു*(സ്ഹീഹ് ബുഖാരി, ഭാഗം 4, ബാബു അത്തവാളുഅ്). എന്റെ ഇഷ്ടദാസൻ നഫ്‌ലുകൾ–ഐച്ഛിക കർമങ്ങൾ മുഖേന എന്നോടു എത്രമാത്രം അടുക്കുന്നുവെന്നാൽ, ഞാൻ അവൻ കേൾക്കുന്ന ചെവിയും അവൻ കാണുന്ന കണ്ണും അവൻ പിടിക്കുന്ന കൈയും അവൻ നടക്കുന്ന കാലുമായി മാറുന്നു. അവനെന്തെങ്കിലും എന്നോടു ചോദിച്ചാൽ നിശ്ചയമായും ഞാൻ അവന് അത് കൊടുക്കുന്നു. അവൻ എന്നോട് അഭയം തേടിയാൽ ഞാൻ അവന് അഭയം കൊടുക്കുന്നു.

### നിർബന്ധ കർമങ്ങളും ഐച്ഛിക കർമങ്ങളും

മനുഷ്യൻ ചെയ്യുന്ന നന്മകൾക്കെല്ലാം രണ്ടു ഭാഗമുണ്ട്. ഒന്ന് നിർബന്ധം: അതായത് മനുഷ്യൻ ചെയ്തിരിക്കേണ്ട നിർബന്ധമായിട്ടുള്ള കാര്യങ്ങൾ. കടം വീട്ടുക, നന്മയ്ക്കുപകരം നന്മ ചെയ്യുക തുടങ്ങിയവ. ഈ നിർബന്ധ കാര്യങ്ങൾക്കു പുറമെ ഓരോ നന്മയുടേയും കൂടെ ഐച്ഛിക കർമങ്ങളുമുണ്ട്. അതായത് നന്മയ്ക്കുപകരം അതിനേക്കാൾ ഉത്തമമായ നന്മ ചെയ്യുക. ഉപകാരത്തിനുപകരം ഉപകാരം ചെയ്യുന്നതു കൂടാതെ വീണ്ടും ഉപകാരം ചെയ്യുക. ഇതാണ് നഫ്‌ൽ–ഐച്ഛിക കർമം. നി

( ശേഷം പേജ് 7ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

124-ാമത് ഖാദിയാൻ ജൽസ സാലാനയുടെ (ആരംഭം മുതൽ 127-ാമത്) റിപ്പോർട്ട്

## അഹ്മദിയ്യാ ജമാഅത്തിന്റെ കേന്ദ്രമായ ഖാദിയാൻ ദാറുൽഅമാനിൽ 124-ാമത് ജൽസസാലാന (വാർഷിക സമ്മേളനം) വിജയകരമായി സമാപിച്ചു.

**വാഗ്ദത്ത മഹ്ദി മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന് നബി(സ) തിരുമേനിയോടുള്ള സ്നേഹത്തോളം ആർക്കും എത്താൻ സാധ്യമല്ല. അത് അദ്ദേഹത്തിന്റെ ഓരോരോ വാക്കും അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹത്തിൽ ലീനമാണെന്നുള്ളതിന് തെളിവാണ്.**

**ഈ അവസാന ദിനങ്ങളിലും നബി(സ)തിരുമേനിയുടെമേൽ സ്വലാത്ത് ചൊല്ലി നിറയ്ക്കുകയും സ്വലാത്തും സലാമുംകൊണ്ട് പുതിയ വർഷത്തെ വരവേൽക്കുകയും ചെയ്യുക; നബി(സ)തിരുമേനിയുടെ വ്യക്തിത്വവുമായി ബന്ധപ്പെട്ട അനുഗ്രഹങ്ങൾ നമ്മൾ എത്രയും വേഗം കരസ്ഥമാക്കുന്നവരായിത്തീരുന്നതിനുവേണ്ടി!**

**മുസ്ലിം ടെലിവിഷൻ അഹ്മദിയ്യാ ഇന്റർനാഷണൽ മുഖേന സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസിന്റെ വിജ്ഞാനനിർഭരമായ സമാപന പ്രഭാഷണം.**

☆ ഞാൻ ഈ നാട്ടിൽ അതായത് ഖാദിയാനിൽ അല്ലാഹുവിനെ കണ്ടു. ഇസ്ലാമിന്റെ എല്ലാ പ്രവചനങ്ങളും നബി(സ)തിരുമേനിയുടെ സേവകന്റെ കൈയിൽ പൂർത്തിയായിരിക്കുന്നതും കണ്ടു. ലോകത്ത് ധാരാളം മഹ്ദി വാദക്കാർ വന്നു. അവർ തങ്ങളുടെ പ്രബോധനം ലോകത്ത് പരക്കുമെന്ന് പ്രവചനങ്ങൾ ചെയ്തു. പക്ഷേ, ഒരാളുടെ പ്രവചനങ്ങളല്ലാതെ മറ്റാരുടേതും പുലർന്നില്ല. ഈ വ്യക്തിയാണ് ബിഹിശ്തി മഖ്ബറയിൽ അന്ത്യവിശ്രമം കൊള്ളുന്നത്. ഇദ്ദേഹത്തിന്റെ സ്മാരകശിലയിൽ ഉല്ലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. 'മസാരെ മുബാറക് ഹദ്റത്ത് അഖ്ദസ് മിർസാ ഗുലാം അഹ്മദ് ഖാദിയാനി മസീഹ് മൗഊദ് വ ഇമാം മഹ്ദി.'

☆ ഞാൻ അഹ്മദിയ്യാ സാഹിത്യങ്ങൾ വായിക്കുകയും അഹ്മദീ മുസ്ലിംകളുമായി കൂടിക്കാണുകയും ചെയ്തതിന്റെ ഫലമായി അഹ്മദിയ്യത്ത് തന്നെയാണ് യഥാർഥ ഇസ്ലാമെന്നും മറ്റു മുസ്ലിംകളെ അപേക്ഷിച്ച് അഹ്മദികൾ കൂടുതൽ സത്യസന്ധരും നല്ല മുസ്ലിംകളുമാണെന്ന് മനസ്സിലാക്കുകയും ചെയ്തിരിക്കുന്നു. എത്ര നൂറ്റാണ്ടുകൾ ഇനി കടന്നുപോകുമെന്ന് എനിക്കറിയില്ല. പക്ഷേ, ലോകത്ത് ഉയരുന്ന ഏറ്റവും ഉന്നതമായ മുദ്രാവാക്യം ഖാദിയാനിലെ പരിശുദ്ധമണ്ണിൽനിന്നായിരിക്കുമെന്ന് എനിക്കറിയാം. ഇൻശാഅല്ലാഹ്.

## ഖാദിയാൻ ജൽസസാലാനയിൽ പങ്കെടുത്ത നവഅഹ്മദികളുടെ ഈമാൻ ദൃഢീകരിക്കുന്ന അഭിപ്രായപ്രകടനങ്ങൾ

☆ ജമാഅത്ത് ലോകം മുഴുവൻ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന സ്നേഹം സ്തുത്യർഹമാണ്. ലോകം മുഴുവൻ സ്നേഹസന്ദേശം പ്രചരിപ്പിക്കുന്നതിന് ഞാൻ ഹുദൂർ അൻവറിന് നന്ദി പറയുന്നു. നിങ്ങളുടെ ജമാഅത്തിന്റെ ഖലീഫ ലോകം മുഴുവൻ സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും അധ്യാപനം നല്കിക്കൊണ്ടിരിക്കുന്നു. മുഴുവൻ ലോകത്തേയും നാശത്തിൽനിന്ന് രക്ഷപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു.

☆ മുസ്ലിം സമാജം എപ്പോഴും സിക്കുമതവിശ്വാസികളോടു സഹതാപത്തോടെ വർത്തിച്ചിട്ടുണ്ട്. മുസ്ലിം സമാജം എല്ലാ ദുർഘടസന്ധിയിലും ഞങ്ങളോടൊപ്പം നിന്നു. ഈ രണ്ടു മതത്തിന്റേയും പ്രത്യേകത ഏകനായ അല്ലാഹുവിനെ ആരാധിക്കുന്നുവെന്നതാണ്.

☆ മനുഷ്യത്വത്തിന്റെ മുദ്രാവാക്യം മുഴക്കപ്പെടുന്ന സമ്മേളനങ്ങൾ വളരെ വിരളമാണ്. മനുഷ്യകുലത്തിനു സേവനം ചെയ്യുക എന്നത് മഹത്തായ പ്രവൃത്തിയാണ്; അതാണ് നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്.

## മനോഹരമായ നിലയിൽ ഇന്ന് ജമാഅത്ത് നല്കിക്കൊണ്ടിരിക്കുന്ന സ്നേഹത്തിന്റേയും ശാന്തിയുടേയും സന്ദേശം സ്തുത്യർഹമാണ്.

•48 രാജ്യങ്ങളിൽനിന്ന് പ്രാതിനിധ്യം, 18,864 അഹ്മദികൾ ജൽസയിൽ പങ്കെടുത്തു.
•ഹുദൂറിന്റെ സമാപന പ്രഭാഷണാവസരത്തിൽ ലണ്ടനിൽ 5345 പേർ പങ്കെടുത്തു
•തഹജ്ജുദ് നമസ്കാരം •ദർസുൽഖുർആനും ദൈവസ്മരണകളുംകൊണ്ട് നിറഞ്ഞ അന്തരീക്ഷം •ആദരണീയ ആലിംകളുടെ വിജ്ഞാനഭരിതമായ പ്രഭാഷണങ്ങൾ •സർമത സമ്മേളനം •അതിഥികളുടെ ഈമാൻ ദൃഢീകരിക്കുന്ന അഭിപ്രായ പ്രകടനങ്ങൾ •ദേശീയവും അന്തർദേശീയവുമായ ഭാഷകളിൽ പരിപാടികളുടെ തൽസമയ തർജമ •ജമാഅത്തംഗങ്ങളുടെ ജ്ഞാനങ്ങൾ വർധിപ്പിക്കുന്നതിന് ശിക്ഷണപരമായ കാര്യങ്ങൾ തുടങ്ങിയ ഡോക്യുമെന്ററികളും പ്രദർശനങ്ങളും •34 നിക്കാഹിന്റെ വിളംബരം •പ്രിന്റ് ആന്റ് ഇലക്ട്രോണിക് മാധ്യമങ്ങളിൽ ജൽസയുടെ കവറേജ് •സമാധാനപരവും മനോഹരവുമായ അന്തരീക്ഷത്തിൽ ജൽസയുടെ എല്ലാ പരിപാടികളും സമാപിച്ചു •ഡിസംബർ 19 മുതൽ 21 വരെ അറബി പരിപാടിയായ ഇസ്മഊ സ്വൗത്തസ്സമാ ജാഅൽ മസീഹ് ജാഅൽ മസീഹ് എന്നതിന്റെ ഖാദിയാനിൽനിന്നുള്ള എം.ടി.എ. ഇന്റർനാഷണലിന്റെ തൽസമയ സംപ്രേഷണം •ജനുവരി 3 മുതൽ 5 വരെ ദി മസീഹ് ഓഫ് ദി എയ്ജ് എന്ന ശീർഷകത്തിൽ ആഫ്രിക്കക്കാർക്കുവേണ്ടി തൽസമയ സംപ്രേഷണങ്ങൾ.

**റിപ്പോർട്ട്: മൻസ്വൂർ അഹ്മദ് മസ്റൂർ (മുൻതളിം റിപ്പോർട്ടിംഗ്)**

ജൽസസാലാന ഭാഗം 3

### 2018 ഡിസംബർ 29 ശനി
### രണ്ടാം ദിവസം രണ്ടാം സെഷൻ

നൈജീരിയായിലെ മുറബ്ബി ഹാഫിള് അബ്ദുൽഗനി സാഹിബ് തന്റെ അഭിപ്രായങ്ങൾ വിവരിച്ചുകൊണ്ട് പറഞ്ഞു: ഒമ്പതുപേരടങ്ങുന്ന ഞങ്ങളുടെ സംഘം ഡിസംബർ 26 ന് ലൈജീരിയായിൽനിന്ന് പുറപ്പെട്ട് 27 ന് ഖാദിയാനിലെത്തി. ഞാൻ ഇതിനുമുമ്പേയും പലപ്രാവശ്യം ഖാദിയാൻ ജൽസയിൽ പങ്കെടുത്തിട്ടുണ്ട്. ഓരോ തവണയും വളരെ നല്ല അനുഭവങ്ങളാണുണ്ടാകുന്നത്. ഖാദിയാനിലെ മസ്ജിദ് അഖ്സ്വാ, മസ്ജിദ് മുബാറക്, മിനാരത്തുൽ മസീഹ്, ബിഹിശ്തി മഖ്ബറ, തുടങ്ങിയ വിശുദ്ധ സ്ഥലങ്ങൾ സന്ദർശിക്കുമ്പോൾ അവാച്യമായ ആത്മനിർവൃതിയാണുണ്ടാകുന്നത്. എന്നോടൊപ്പമുള്ള സംഘാംഗങ്ങൾക്ക് ആദ്യമായാണ് ഖാദിയാൻ സന്ദർശിക്കാൻ അവസരം കിട്ടുന്നത്. ഖാദിയാൻ സന്ദർശനത്തിൽ എല്ലാവരും ആകർഷിതരും ആത്മീയാനുഭൂതി ആസ്വദിക്കുന്നവരും ആയിക്കൊണ്ടിരിക്കുന്നു. ഖാദിയാനിലെ ആത്മീയാനുഗ്രഹങ്ങളിൽനിന്ന് ഫലമെടുത്തുകൊണ്ടിരിക്കുന്നു. അല്ലാഹു സേവനമനുഷ്ഠിക്കുന്ന സകലർക്കും ഉത്തമമായ ഫലം നല്കുമാറാകട്ടെ. ഞങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കണ്ടിട്ടില്ലെങ്കിലും ആ ദിവ്യാത്മാവിന്റെ ആദരണീയരായ ഖലീഫമാരെ കണ്ടിട്ടുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചനമനുസരിച്ച് രണ്ടാമത്തെ ശക്തിപ്രഭാവത്തിന്റെ പ്രതിഭകളാണവർ. നൈജീരിയായിൽ 2008-ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് വന്നപ്പോൾ ഞങ്ങളുടെ ഒരു മുഅല്ലിം സാഹിബ് കുടുംബത്തോടൊപ്പം ഹുദൂറിനെ കാണാൻ പോയി. ഹുദൂർ ചോദിച്ചു:'നിങ്ങൾ എടുത്തിരിക്കുന്ന ഈ കുട്ടിയ്ക്ക് വയസെത്രയായി?' മാതാപിതാക്കൾക്ക് വയസു പറയാൻ കഴിഞ്ഞില്ല. അപ്പോൾ ഹുദൂർ പറഞ്ഞു: 'ഇന്ന്

( ശേഷം പേജ് 10ൽ)

## ഖുത്ബ ജുമുഅ

# ഇസ്‌ലാം അതിന്റെ സദ്ഗുണങ്ങൾകൊണ്ടാണ് വ്യാപിച്ചത്; ബലാൽക്കാരം കൊണ്ടല്ല.

മദീന ഹിജ്റത്തിന്നിടയിൽ ഥൗർ ഗുഹയിൽ ഹദ്റത്ത് നബി(സ)തിരുമേനിക്ക്
ഹദ്റത്ത് അബൂബക്കർ(റ)ന്റെ സേവനവും യാത്രയിൽ കൂടെപ്പോകാൻ ഭാഗ്യം കിട്ടിയ
ബദ്‌രീ സ്വഹാബിയായ ഹദ്റത്ത് ആമിർബിൻ ഫുഹയ്റ(റ)യുടെ
അനുഗൃഹീത ജീവചരിത്രത്തിന്റെ മനോഹരമായ ചർച്ചയും.

അദ്ദേഹം ബിഅ്‌റെ മഊനയിലെ ദാരുണമായ സംഭവത്തിൽ ശഹാദത്ത് വരിക്കുകയും
മഹത്തായ സ്ഥാനം പ്രാപിക്കുകയും ഇസ്‌ലാമിക ചരിത്രത്തിൽ എന്നെന്നേക്കും
അനശ്വരനായി ത്തീരുകയും അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ.

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

**ഖുത്ബ 2018 ജനുവരി 18/1398 സ്വുൽഹ് 18**
**മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ -
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

ഞാൻ ഇന്ന് ഹദ്റത്ത് ആമിർ ബിൻ ഫുഹയ്റ(റ)യെ കുറിച്ചാണ് വിവരിക്കുന്നത്. അദ്ദേഹത്തെ കുറിച്ച് സുദീർഘമായ സ്മരണകൾ ചരിത്രത്തിൽ ലഭ്യമാണ്. ഇസ്‌ലാമികചരിത്രത്തിന്റെ ചില സുപ്രധാന സംഭവങ്ങളിലും അദ്ദേഹത്തിന്റെ അവിസ്മരണീയമായ പങ്കുണ്ട്. അദ്ദേഹത്തിന് അതിന്റെ ഭാഗമാകാൻ തൗഫീഖ് കിട്ടി. ആ സംഭവങ്ങൾ എങ്ങനെയുള്ളതാണെന്നാൽ അതിനെക്കുറിച്ച് പറയേണ്ടതും നിർബന്ധമാണ്.

അദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂ അംറ് എന്നായിരുന്നു. അസ്ദ് ഗോത്രവുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. ഹദ്റത്ത് ആഇശ(റ)യുടെ അർധസഹോദരനായ ത്വുഫയ്ൽ ബിൻ അബ്ദുല്ലാ ബിൻ സഖ്ബറയുടെ അടിമയായിരുന്നു. അദ്ദേഹം കറുത്ത വർഗക്കാരനായ അടിമയാണ്. അർധസഹോദരൻ എന്നതിന്റെ അർഥം മാതാവിൽനിന്നുള്ള സഹോദരൻ എന്നാണ്. പിതാവ് വേറെയാണ്. ആരംഭത്തിൽതന്നെ ഇസ്‌ലാം സ്വീകരിച്ചവരിൽപ്പെട്ടയാളാണ്. നബി(സ)തിരുമേനി ദാറു അർഖമിൽ പോകുന്നതിനു മുമ്പേ അദ്ദേഹം ഇസ്‌ലാമിൽ പ്രവേശിച്ചിരുന്നു. ഹദ്റത്ത് അബൂബക്കർ(റ)ന്റെ ആടുകളെ മേയിച്ചിരുന്നു. ഇസ്‌ലാം സ്വീകരിച്ചതിനുശേഷം അവിശ്വാസികളിൽനിന്ന് അദ്ദേഹത്തിന് വളരെ വലിയ പ്രയാസങ്ങൾ സഹിക്കേണ്ടതായി വന്നു. അപ്പോൾ ഹദ്റത്ത് അബൂബക്കർ(റ) അദ്ദേഹത്തെ വിലയ്ക്കു വാങ്ങി മോചിപ്പിച്ചു.

മദീനയിലേക്കുള്ള ഹിജ്റത്ത് വേളയിൽ, നബി(സ)തിരുമേനിയും ഹദ്റത്ത് അബൂബക്കറും ഥൗർ ഗുഹയിലായിരുന്നപ്പോഴും അദ്ദേഹം ഹദ്റത്ത് അബൂബക്കറിന്റെ ആടുകളെ മേയിക്കുന്നതിൽ വ്യാപൃതനായിരുന്നു. ഹദ്റത്ത് അബൂബക്കർ, ആടുകളെ തങ്ങളുടെ അടുത്ത കൊണ്ടുവരണമെന്ന് അദ്ദേഹത്തോടു കല്പിച്ചിരുന്നു. പകൽ മുഴുവൻ അദ്ദേഹം ആടുകളെ മേയിച്ച് നടന്നു. വൈകുന്നേരമാകുമ്പോൾ അദ്ദേഹം ഹദ്റത്ത് അബൂബക്കറിന്റെ ആടുകളെ ഥൗർഗുഹയ്ക്കു സമീപം കൊണ്ടുവരും. പിന്നെ അവർ രണ്ട്പേരും അതായത് നബി(സ)തിരുമേനിയും ഹദ്റത്ത് അബൂബക്കറും ആടുകളെ കറന്ന് പാൽ എടുക്കുമായിരുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബൂബക്കർ, നബി(സ) തിരുമേനിയുടേയും അബൂബക്കറിന്റേയും അടുത്ത് ചെല്ലുമ്പോൾ ഹദ്റത്ത് ആമിർ ബിൻ ഫുഹയ്റ അവരെ പിന്തുടർന്ന് പോകുമായിരുന്നു. അവരുടെ കാല്പാടുകൾ മായിച്ചു കളയുകയായിരുന്നു ലക്ഷ്യം. ഹദ്റത്ത് അബൂബക്കറിന്റെ മകൻ എവിടെയാണ് പോകുന്നതെന്ന് ആരും അറിയരുത്! അവിശ്വാസികൾക്ക് ഒരു തരത്തിലുള്ള സംശയവും ഉണ്ടാകാതിരിക്കാൻ! നബി(സ)തിരുമേനിയും ഹദ്റത്ത് അബൂബക്കറും ഥൗർഗുഹയിൽനിന്ന് പുറത്തിറങ്ങി മദീനയിലേയ്ക്ക് പുറപ്പെട്ടപ്പോൾ ഹദ്റത്ത് ആമിർ ബിൻ ഫുഹയ്റായും അവരോടൊപ്പം ഹിജ്റത്ത് ചെയ്തു. ഹദ്റത്ത് അബൂബക്കർ(റ) അദ്ദേഹത്തെ തന്റെ പിന്നിലിരുത്തി. അന്നേരം അവർക്ക് വഴികാട്ടിയായിരുന്നത് ബനൂ അദ്ദീലിലെ ഒരു ബഹുദൈവാരാധകനായിരുന്നു. (ഉസുദുൽ ഗാബ, വാള്യം 3, പേജ് 134, ആമിർ ബിൻ ഫുഹയ്റ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

നബി(സ)തിരുമേനി ഹിജ്റത്ത് ചെയ്തതിനു ശേഷം ഹദ്റത്ത് ആമിർ ബിൻ ഫുഹയ്റയേയും ഹദ്റത്ത് ഹാരിഥ് ബിൻ ഔസ് ബിൻ മുആദിനേയും സഹോദരന്മാരാക്കി. ഹദ്റത്ത് ആമിർ ബിൻ ഫുഹയ്റ ബദ്ർ, ഉഹുദ് എന്നീ യുദ്ധങ്ങളിൽ പങ്കെടുത്തു. ബിഅ്‌റെ മഊനയുടെ അവസരത്തിൽ നാൽപതാം വയസ്സിൽ അദ്ദേഹം ശഹീദാക്കപ്പെട്ടു.(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 174, ആമിർ ബിൻ ഫുഹയ്റ പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

ഹദ്റത്ത് അബൂബക്കർ ഹിജ്റത്തിന് മുമ്പേ അല്ലാഹുവിന്റെ മാർഗത്തിൽ പീഢനങ്ങൾ സഹിച്ചുകൊണ്ടിരുന്ന ഏഴ് അടിമകളെ മോചിപ്പിച്ചിരുന്നു. അവരിൽ ഒരാൾ ഹദ്റത്ത് ബിലാലായിരുന്നു. ഹദ്റത്ത് ആമിർ ബിൻ ഫുഹയ്റായും അവരിൽ ഉൾപ്പെടുന്നു.(ഉസുദുൽ ഗാബ, വാള്യം 3, പേജ് 319, അബ്ദുല്ലാഹ് ബിൻ ഉഥ്മാൻ അബൂബക്കർ അസ്സ്വിദ്ദീഖ് പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

ഹിജ്റത്തിന്റെ സംഭവം വിവരിച്ചുകൊണ്ട് ഹദ്റത്ത് ആഇശ(റ) പറയുന്നു:

ഞങ്ങൾ ഒരു ദിവസം അബൂബക്കറിന്റെ വീട്ടിൽ ഉച്ചനേരത്ത് ഇരിക്കുകയായിരുന്നു. അതായത് സ്വന്തം വീട്ടിൽ ഇരിക്കുകയായിരുന്നു. വിശേഷങ്ങൾ പറയാനായി വരുന്ന ആൾ, നബി(സ)തിരുമേനി തലവഴി വസ്ത്രം മൂടിപുതച്ച് വന്നുകൊണ്ടിരിക്കുന്നുവെന്ന് ഹദ്റത്ത് അബൂബക്കറിനോട് പറഞ്ഞു. സാധാരണ ഞങ്ങളുടെ അടുത്ത് വരാത്ത നേരത്തായിരുന്നു അവിടന്ന് വന്നത്. ഹദ്റത്ത് അബൂബക്കർ പറഞ്ഞു: 'എന്റെ മാതാവും പിതാവും അങ്ങയ്ക്ക് തെണ്ടമാണ്. അല്ലാഹുവാണ! എന്തെങ്കിലും അത്യാവശ്യ കാര്യമുള്ളതുകൊണ്ടാണ് അങ്ങ് ഇപ്പോൾ ഇവിടെ വന്നത്.' ആഇശ പറഞ്ഞു: 'ഇതിന്നിടയിൽ നബി(സ)തിരുമേനി അവിടെ എത്തിയിരുന്നു. വന്നുടനെ ഉള്ളിൽ കടക്കാനുള്ള അനുവാദം ചോദിച്ചു. ഹദ്റത്ത് അബൂബക്കർ അനുവാദം നല്കി. നബി(സ)തിരുമേനി ഉള്ളിൽ കടന്നപ്പോൾ ഹദ്റത്ത് അബൂക്കറിനോടു പറഞ്ഞു: 'താങ്കളുടെ അടുത്തുള്ളവരെ പുറത്തേക്ക് പറഞ്ഞു വിടുക.' ഹദ്റത്ത് അബൂബക്കർ പറഞ്ഞു: 'യാ റസൂലല്ലാഹ് എന്റെ മാതാവും പിതാവും അങ്ങയ്ക്ക് തെണ്ടമായിരിക്കട്ടെ! വീട്ടിൽ അങ്ങയുടെ വീട്ടുകാർ മാത്രമെ ഉള്ളു. അതായത് ഹദ്റത്ത് ആഇശയും അവരുടെ മാതാവ് ഉമ്മു റുമാനും.' നബി(സ)തിരുമേനി പറഞ്ഞു: 'എനിക്ക് ഹിജ്റത്ത് ചെയ്യാനുള്ള അനുവാദം ലഭിച്ചിരിക്കുന്നു.' ഹദ്റത്ത് അബൂബക്കർ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! എന്റെ മാതാവും പിതാവും അങ്ങയ്ക്ക് തെണ്ടമായിരിക്കട്ടെ! എന്നെയും അങ്ങയോടൊപ്പം കൊണ്ടുപോയാലും.' നബി(സ) തിരുമേനി പറഞ്ഞു: 'ശരി, താങ്കളും എന്നോടൊപ്പം പുറപ്പെടുക.' അപ്പോൾ ഹദ്റത്ത് അബൂബക്കർ പറഞ്ഞു: 'എന്റെ മാതാവും പിതാവും അങ്ങയ്ക്ക് തെണ്ടമായിരിക്കട്ടെ! ഒരുമിച്ചു യാത്രചെയ്യാൻ എന്റെ രണ്ടു ഒട്ടകസവാരികളിലൊന്ന് അങ്ങ് സ്വീകരിച്ചാലും.' നബി(സ) തിരുമേനി പറഞ്ഞു: 'വിലയ്ക്കു വാങ്ങാം.' ഹദ്റത്ത് ആഇശ പറയുന്നു: 'അങ്ങനെ ഞങ്ങൾ അവർ രണ്ട് പേരുടേയും സാധനങ്ങൾ വേഗം തയ്യാറാക്കി. അവർക്കുള്ള ഭക്ഷ്യവസ്തുക്കൾ തയ്യാറാക്കി തോലുകൊണ്ടുള്ള സഞ്ചിയിൽ നിറച്ചു. ഹദ്റത്ത് അബൂബക്കറിന്റെ മകൾ ഹദ്റത്ത് അസ്മാഅ് തന്റെ അരയിലെ കെട്ടഴിച്ച് ഒരു കഷണംകൊണ്ട് തോൽപ്പാത്രത്തിന്റെ വായ കെട്ടി. ഈ കാരണംകൊണ്ടാണ് അവർക്ക് 'ദാത്തുന്നിത്വാഖയ്ൻ'(രണ്ട് അരപ്പട്ടക്കാരി) എന്ന് പേരുവീണത്.

അവർ പറയുന്നു: 'അതിനുശേഷം നബി(സ)

തിരുമേനിയും ഹദ്റത്ത് അബൂബക്കറും ഥൗർ പർവ്വതത്തിന്റെ ഒരു ഗുഹയിലെത്തി. അതിനുള്ളിൽ മൂന്ന് ദിവസം അവർ ഒളിച്ചിരുന്നു. രാത്രിയിൽ അബൂബക്കർ മകൻ അബ്ദുല്ലായും അവരുടെ കൂടെ താമസിക്കും. അബ്ദുല്ലാ ബുദ്ധിയും സാമർഥ്യവുമുള്ള യുവാവായിരുന്നു. പുലരാൻ കാലത്ത് അദ്ദേഹം അവരുടെ അടുക്കൽനിന്ന് പോരും. പുലർന്നുകഴിഞ്ഞാൽ മക്കയിൽത്തന്നെ ഉണ്ടായിരുന്നു എന്ന ഭാവത്തിൽ ഖുറയ്ശികളോടൊപ്പം ചേരും. അവർ രണ്ടുപേരെയും ചതിയിലകപ്പെടുത്താൻമക്കക്കാർ പ്ലാൻ ചെയ്യുന്ന തന്ത്രങ്ങളൊക്കെ ശ്രദ്ധിച്ചുകേട്ട് നേരം ഇരുട്ടുമ്പോൾ നബിയുടെ അടുക്കൽ ചെന്ന് അവർക്ക് പറഞ്ഞുകൊടുക്കും. അബൂബക്കറിന്റെ ദാസൻ ആമിർബിൻ ഫുഹയ്റ രാത്രി ഭക്ഷണത്തിന്റെ സമയമാകുമ്പോൾ ഒരു കൂട്ടം ആടുകളെ തെളിച്ചുകൊണ്ട് അവരുടെ അടുക്കൽ ചെല്ലും. ആ ആടുകളുടെ പാൽ ചൂടാക്കി അവർക്ക് കുടിക്കാൻ കൊടുക്കും. വെളുപ്പാൻകാലത്തെ ഇരുട്ടിൽ അവയേയും തെളിച്ചുകൊണ്ട് പോരും. ആ മൂന്നുരാത്രിയും അദ്ദേഹം അപ്രകാരം ചെയ്തു. നബി(സ) തിരുമേനിയും ഹദ്റത്ത് അബൂബക്കറും ബനൂ ദിയ്ല് ഗോത്രക്കാരനെ വഴികാട്ടിയായി കൂലിക്കു വിളിച്ചിട്ടുണ്ടായിരുന്നു. അയാൾ ആസ് ബിൻ വാഇലിന്റെ കുടുംബവുമായി സഖ്യഉടമ്പടി ചെയ്ത ആളായിരുന്നു. വഴികളെ കുറിച്ച് വലിയ അറിവുള്ള ആളായിരുന്നു. ഖുറയ്ശികളായ സത്യനിഷേധികളുടെ മതത്തിലുമായിരുന്നു. നബി(സ)തിരുമേനിയും ഹദ്റത്ത് അബൂബക്കറും അയാൾക്ക് അഭയം വാഗ്ദാനം ചെയ്തു. തങ്ങളുടെ വാഹനങ്ങൾ അവർ അയാളെ ഏല്പിച്ചു. മൂന്നുദിവസത്തിനുശേഷം രാവിലെ അവരുടെ വാഹനവുമായി ഥൗർ ഗുഹയിലെത്തിച്ചേരാമെന്ന് അവർ അയാളെക്കൊണ്ട് കരാർ ചെയ്യിച്ചു. നിശ്ചയിച്ച ദിവസം രാവിലെ നബിയോടും അബൂക്കറിനോടും കൂടെ ആമിർബിൻ ഫുഹയ്റയും വഴികാട്ടിയും ചേർന്ന് യാത്രപുറപ്പെട്ടു. ആ വഴികാട്ടി അവരേയും കൂട്ടി സമുദ്രതീരത്തു കൂടെയാണ് യാത്ര ചെയ്തത്.' ഇത് ബുഖാരിയിലെ നിവേദനമാണ്

സുറാഖ ബിൻ മാലിക് ബിൻ ജുഅ്ശം പറയുന്നു: നബിയേയും അബൂബക്കറിനേയും ബന്ധനസ്ഥരാക്കുകയോ വധിക്കുകയോ ചെയ്താൽ ആ രണ്ടാളിൽ ഓരോ ആൾക്കും പകരം നൂറു ഒട്ടകം വീതം സമ്മാനിക്കാമെന്ന് അറിയിച്ചുകൊണ്ട് ഖുറയ്ശികളുടെ ദൂതന്മാർ ഞങ്ങളുടെ അടുക്കൽ വന്നിരുന്നു. ഒരു ദിവസം ഞാനെന്റെ ഗോത്രത്തിന്റെ സദസ്സിലിരിക്കുമ്പോൾ അക്കൂട്ടത്തിൽ ഒരാൾ വന്ന് ഞങ്ങളുടെ മുമ്പിൽനിന്നു. അയാൾ പറഞ്ഞു: 'സുറാഖാ! ഞാനിതാ കടൽത്തീരത്തു ചില ആൾരൂപങ്ങൾ കണ്ടു. മുഹമ്മദും അനുയായികളുമാണത്.' അവർതന്നെയാണെന്ന് എനിക്കു മനസ്സിലായി. ഖുറയ്ശികൾ പ്രഖ്യാപിച്ച സമ്മാനം എനിക്കുമാത്രം കരസ്ഥമാക്കണമെന്ന വിചാരത്തോടെ ഞാൻ അവരോടു പറഞ്ഞു: 'അത് അവരൊന്നുമല്ല. നീ കണ്ടത് ഇന്നിന്നവരെ ആയിരിക്കും. അവർ ഈ വഴിക്കുപോകുന്നത് ഞങ്ങൾ കണ്ടിരുന്നു.' കുറേ നേരം കഴിഞ്ഞശേഷം ഞാനെഴുന്നേറ്റ് വീട്ടിൽച്ചെന്ന് എന്റെ കുതിരയേയും കൂട്ടി ഒരു കുന്നിൻചരുവിൽപോയി കാത്തുനില്ക്കാൻ ഞാനെന്റെ ദാസിയോടു പറഞ്ഞു. ഞാൻ എന്റെ കുന്തവുമെടുത്ത് വീട്ടിൽനിന്ന് പുറത്തുകടന്നു. അതിന്റെ മുന മണ്ണിൽ താഴ്ത്തിപ്പിടിച്ചുകൊണ്ടും കൈപ്പിടി ഉയർത്തിപിടിച്ചുകൊണ്ട് ഭൂമിയിൽ ഒരു വര ഉണ്ടാക്കിക്കൊണ്ട് ഞാൻ മുമ്പോട്ടു നടന്നു. ഞാനെന്റെ കുതിരയുടെ അടുത്തു ചെന്നു. അതിന്മേൽ കയറി അവരുടെ അടുത്തെത്താൻവേണ്ടി കുതിരയെ പറപ്പിച്ചു. അടുത്തെത്താറായപ്പോൾ കുതിര കാൽ തെറ്റി എന്നെയുംകൊണ്ട് വീണുപോയി. ഞാൻ തെറിച്ചുവീണു. ഉടനെ എഴുന്നേറ്റ് എന്റെ ആവനാഴിയിലേക്ക് കൈനീട്ടി അമ്പുകൾ പുറത്തെടുത്തു. ആ അമ്പുകൾകൊണ്ട് പ്രശ്നം വെച്ചുനോക്കി; എനിക്കവരെ ഉപദ്രവിക്കാൻ കഴിയുമോ ഇല്ലയോ എന്ന്. ഞാനിഷ്ടപ്പെടാത്ത മറുപടിയാണ് ലഭിച്ചത്. ഞാൻ വീണ്ടും കുതിരപ്പുറത്തുകയറി. പ്രശ്നത്തിൽ ലഭിച്ച നിർദേശത്തിനു വിരുദ്ധമായി കുതിരയെ ഓടിച്ചു. അടുത്തെത്തിയപ്പോൾ നബി(സ)തിരുമേനിയുടെ ഖുർആൻ പാരായണം കേട്ടു തുടങ്ങി. അവിടന്ന് എങ്ങോട്ടും തിരിഞ്ഞു നോക്കുന്നില്ല. അബൂബക്കർ ഇടയ്ക്കിടെ തിരിഞ്ഞു നോക്കുന്നുണ്ട്. അപ്പോഴേക്കും എന്റെ കുതിരയുടെ രണ്ടു കൈയും മുട്ടുവരേക്കും ഭൂമിയിൽ ആണ്ടുപോയി. ഞാൻ അതിന്റെ പുറത്തുനിന്ന് വീണു. അതിനെ എഴുന്നേല്പിച്ചു. അത് ഏഴുന്നേറ്റെങ്കിലും കൈകൾ പുറത്തെടുക്കാൻ വളരെ പ്രയാസപ്പെടേണ്ടി വന്നു. അവസാനം അതെഴുന്നേറ്റ് നേരെ നിന്നപ്പോൾ അതിന്റെ കൈകൾ വലിച്ചെടുത്തപ്പോഴുണ്ടായ പൊടിപടലങ്ങൾ ആകാശത്തു പുകപോലെ കാണപ്പെട്ടു. പിന്നെയും ഞാൻ അമ്പുകൾകൊണ്ട് പ്രശ്നം വെച്ചുനോക്കി. അപ്പോഴും എനിക്കിഷ്ടമില്ലാത്ത സൂചനയാണ് ലഭിച്ചത്. ഒടുവിൽ എനിക്കഭയം തരണമെന്ന് ഞാൻ അവരോടു വിളിച്ചു പറഞ്ഞു. ഉടനെ അവർ അവിടെ നിന്നു. ഞാനെന്റെ കുതിരപ്പുറത്തു കയറി അവരുടെ അടുത്തു ചെന്നു. അവരെ സമീപിക്കാൻ ശ്രമിച്ചപ്പോൾ എനിക്ക് അനുഭവപ്പെട്ട തടസങ്ങൾ നബി(സ)തിരുമേനിയുടെ പ്രസ്ഥാനം വിജയിക്കുകതന്നെ ചെയ്യുമെന്ന് എനിക്കുതോന്നി. ഞാൻ അവിടത്തെ ഉണർത്തി: 'താങ്കളുടെ ജനത താങ്കളെ പിടിക്കുന്നവർക്ക് നൂറ് ഒട്ടകം സമ്മാനം നല്കാമെന്ന് വിളംബരം ചെയ്തിട്ടുണ്ട്.' തുടർന്ന് മക്കക്കാർ എടുക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ ഞാൻ അവരെ ഉണർത്തി. അതിനപുറമെ ഞാൻ അവരുടെ മുമ്പിൽ ആഹാര പദാർഥങ്ങളും ചില സാമഗ്രികളും വെച്ചുകാട്ടി. പക്ഷേ,യാതൊന്നും അവർ സ്വീകരിച്ചില്ല. അവർ പറഞ്ഞു, ഞങ്ങളുടെ കാര്യം രഹസ്യമാക്കി നീ വെക്കുക. ഞാൻ നബി(സ)തിരുമേനിയോടു എനിക്കൊരു അഭയപത്രം എഴുതിത്തരാൻ ആവശ്യപ്പെട്ടു. അവിടന്ന് ആമിർ ബിൻ ഫുഹയ്റയോടു കല്പിച്ചതനുസരിച്ച് ഒരു തോൽ കഷണത്തിൽ അദ്ദേഹം എനിക്ക് ഒരു അഭയപത്രം എഴുതിത്തന്നു. പിന്നീട് നബി(സ) തിരുമേനി യാത്ര തുടർന്നു.

ഉർവ്വത്തുബ്നു സുബയ്ർ(റ) പറയുന്നു: നബി(സ)തിരുമേനി ഇടയ്ക്കുവച്ച് സിറിയയിൽ നിന്ന് മടങ്ങിവരുന്ന മുസ്ലീംകളുടെ ഒരു കച്ചവടസംഘത്തെ കണ്ടുമുട്ടി. അവരിൽ സുബയ്റുമുണ്ടായിരുന്നു. സുബ്യർ നബി(സ) തിരുമേനിക്കും അബൂബക്കറിനും ഓരോ വെള്ള വസ്ത്രം ധരിക്കാൻ കൊടുത്തു. ഇതിനിടയ്ക്ക് നബി(സ)തിരുമേനിയുടെ പുറപ്പാടിനെക്കുറിച്ച് മദീനായിലെ മുസ്ലീംകൾ കേട്ടു കഴിഞ്ഞിരുന്നു. എല്ലാ ദിവസവും രാവിലെ നബി(സ)തിരുമേനിയെ പ്രതീക്ഷിച്ച് മദീനായിലെ ഹർറ പ്രദേശംവരെ അവർ ചെല്ലും. മധ്യാഹ്നത്തിലെ ചൂട് കഠിനമാകുംവരെ അവർ കാത്തുനില്ക്കും. ഒരു ദിവസം വളരെ നേരത്തെ കാത്തുനില്പും കഴിഞ്ഞ് അവർ മടങ്ങി. എല്ലാവരും വീടുകളിലെത്തിക്കഴിഞ്ഞ നേരത്ത് ഒരു ജൂതൻ എന്തോ കാര്യത്തിന് അവരുടെ ഒരു കുന്നിൽ കയറിനോക്കിയപ്പോൾ നബി(സ)തിരുമേനിയും കൂട്ടുകാരും വരുന്നത് അവന്റെ ദൃഷ്ടിയിൽപ്പെട്ടു. അവരുടെ വെള്ള വസ്ത്രത്തിന്റെ തിളക്കം കാരണം മരീചിക അപ്രത്യക്ഷപ്പെട്ടു. ജൂതന് സ്വയം നിയന്ത്രിക്കാൻ കഴിഞ്ഞില്ല. അയാൾ അത്യുച്ചത്തിൽ വിളിച്ചു പറഞ്ഞു: 'അറബി സമൂഹമേ! നിങ്ങൾ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന ആ ലക്ഷ്യം ഇതാ സമീപിച്ചുകൊണ്ടിരിക്കുന്നു.' ഇതു കേൾക്കേണ്ട താമസം മുസ്ലീംകൾ ചാടിയെഴുന്നേറ്റ് ആയുധമണിഞ്ഞുകൊണ്ട് ഹർറ പ്രദേശത്തുവച്ച് നബി(സ)തിരുമേനിയെ സ്വീകരിക്കാൻ ആവേശഭരിതരായി കാത്തുനിന്നു. അവരേയും കൊണ്ട് നബി(സ)തിരുമേനി വലതുഭാഗത്തേക്ക് തിരിഞ്ഞ് ബനൂ അംറ് ബിൻ ഔഫ് ഗോത്രത്തിന്റെ കേന്ദ്രത്തിൽ ചെന്നിറങ്ങി. റബീഉൽ അവ്വൽമാസം തിങ്കളാഴ്ച ദിവസമായിരുന്നു അത്. അബൂബക്കർ എഴുന്നേറ്റുനിന്ന് ജനങ്ങളെ സ്വീകരിച്ചുകൊണ്ടിരുന്നു. നബി(സ)തിരുമേനി മൗനമായി ഒരിടത്തിരുന്നു.

നബി(സ)തിരുമേനിയെ മുമ്പേ കണ്ടിട്ടില്ലാത്ത അൻസ്വാരികൾ അബൂബക്കർ(റ)നെ അഭിവാദ്യം ചെയ്തുകൊണ്ടിരുന്നു. നബി(സ)തിരുമേനി വെയ്ലുകൊള്ളാൻ തുടങ്ങിയപ്പോൾ അബൂബക്കർ തന്റെ തട്ടം കൊണ്ട് അവിടത്തേക്ക് തണലിട്ടുകൊടുത്തു. അപ്പോൾ ജനങ്ങൾക്ക് നബി(സ)തിരുമേനിയെ മനസ്സിലായി. നബി(സ)തിരുമേനി ബനൂ അംറ് ബിൻ ഔഫ് ഗോത്രത്തിൽ പത്തിലധികം ദിവസം താമസിച്ചു. അനന്തരം തഖ്വയിൽ അധിഷ്ഠിതമായ മസ്ജിദ് സ്ഥാപിച്ചു. നബി(സ)തിരുമേനി അതിൽവച്ചു നമസ്കരിച്ചു. പിന്നീടു അവിടന്ന് വാഹനത്തിൽ പുറപ്പെട്ടു. ജനങ്ങൾ അവിടത്തോടൊപ്പം നടന്നു. മദീനായിലെ നബിയുടെ മസ്ജിദ്(മസ്ജിദുന്നബ്വി)ന്റെ സ്ഥാനത്തെത്തിയപ്പോൾ അവിടത്തെ ഒട്ടകം മുട്ടുകുത്തി. അവിടെവച്ച് ചില മുസ്ലീംകൾ നമസ്കരിക്കാറുണ്ടായിരുന്നു. അത് സഅ്ദ് ബിൻ സുറാഖയുടെ സംരക്ഷണത്തിന് കീഴിൽ ജീവിക്കുന്ന സുഹയ്ൽ, സഹ്ൽ എന്നീ രണ്ടു അനാഥക്കുട്ടികളുടെ വകയായി ഈന്തപ്പഴം ഉണക്കാനുള്ള ഒരു കളമായിരുന്നു. തന്റെ വാഹനം അവിടെ മുട്ടുകുത്തിയപ്പോൾ നബി(സ)തിരുമേനി അരുളി:'അല്ലാഹു ഇച്ഛിക്കുന്നപക്ഷം ഇതാണ് നമ്മുടെ താവളം.' പിന്നീട് നബി(സ)തിരുമേനി ആ കുട്ടികളെ വിളിച്ച് അവിടെ ഒരു മസ്ജിദ് എടുക്കാൻവേണ്ടി ആ സ്ഥലത്തിന് വില പറഞ്ഞു. അവർ രണ്ടുപേരും പറഞ്ഞു: 'യാ റസൂലല്ലാഹ്! അങ്ങയ്ക്ക് ഞങ്ങൾ ഇത് സമ്മാനമായി നല്കുകയാണ്.' സമ്മാനമായി അവരിൽനിന്ന് അത് സ്വീകരിക്കാൻ നബി(സ)തിരുമേനി വിസമ്മതിച്ചു. അവിടന്ന് അത് അവരോടു വിലക്കു വാങ്ങി. അവിടെ ഒരു മസ്ജിദ് നിർമിച്ചു. അതിന്റെ നിർമാണത്തിൽ അനുചരന്മാരോടൊപ്പം നബി(സ)തിരുമേനിയും ഇഷ്ടികകൾ ചുമന്നുകൊണ്ടു വന്നിരുന്നു. ഇഷ്ടിക വഹിക്കുമ്പോൾ അവിടന്ന് ഈ പാട്ടുപാടും:

ഹാദൽ ഹിമാലു ലാ ഹിമാല ഖയ്ബറു
ഹാദാ അബർറു റബ്ബനാ വ അത്ഹറൂ

ഈ ഭാരം ചുമക്കുന്നത് ഖയ്ബറിലെ (ജൂതന്മാരുടെ)ഭാരം ചുമക്കുംപോലെയല്ല. ഞങ്ങളുടെ നാഥാ! ഇതു പുണ്യമുള്ളതും പരിശുദ്ധവുമായ ഒരു കർമമായി അംഗീകരിക്കേണമേ!

അല്ലാഹുമ്മ ഇന്നൽ അജ്റ അജ്റുൽ ആഖിറ
ഫർഹമിൽഅൻസ്വാറ വൽമുഹാജിറ

യഥാർഥ പ്രതിഫലം പരലോകത്തേതു മാത്രമാണ്. നാഥാ! നീ അൻസ്വാറുകളുടേയും മുഹജിറുകളുടേയും പാപങ്ങൾ പൊറുത്തുകൊടുക്കേണമേ! (സ്വഹീഹുൽ ബുഖാരി, കിതാബുൽ മനാഖിബ് അൽ അൻസ്വാർ ബാബു ഹിജ്റത്തുന്നബി(സ).....ഹദീഥ് 3906)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഈ ഹിജ്റത്ത് സംഭവം, തന്റേതായ ശൈലിയിൽവിവരിച്ചിട്ടുണ്ട്. അദ്ദേഹം എഴുതുന്നു: എല്ലാ മുസ്‌ലിംകളും മക്ക വിട്ടു. ഒടുവിൽ, ഏതാനും അടിമമുസ്‌ലിംകളും തിരുനബി(സ) താനും അബൂബക്കറും അലിയും മാത്രം ബാക്കിയായി. തങ്ങളുടെ കൈപ്പിടിയിലമർന്ന ഇര രക്ഷപ്പെടാൻ പോകയാണെന്നു മക്കക്കാർ മനസ്സിലാക്കി. തലവൻമാർ വീണ്ടും സമ്മേളിക്കുകയും തിരുനബിയെ കൊല്ലുകതന്നെ വേണമെന്ന് തീരുമാനിക്കുകയും ചെയ്തു. എന്നാൽ, തിരുനബിയെ വധിക്കുവാൻ അവർ ഒരുക്കം ചെയ്ത അതേ ദിവസംതന്നെ അദ്ദേഹം രക്ഷപ്പെട്ടു കൊള്ളണമെന്നതായിരുന്നു ദൈവനിശ്ചയം. തിരുനബിയെ വധിക്കുന്നതിനുവേണ്ടി മക്കക്കാർ അദ്ദേഹത്തിന്റെ ഭവനത്തിനുമുമ്പിൽ ഒരുമിച്ചു കൂടുകയായിരുന്നപ്പോൾ രാത്രി നേരം ആരുമറിയാതെ തിരുമേനി(സ) പുറത്തേക്ക് നടന്നുപോകുകയാണുണ്ടായത്. തങ്ങളുടെ നീചോദ്ദേശ്യങ്ങളെകുറിച്ചു നബി പ്രതീക്ഷിച്ചിട്ടുണ്ടാവുമെന്നു മക്കക്കാർ ഓർത്തിരുന്നിരിക്കണം. അവർ വളരെ കരുതലോടെയാണ് നീങ്ങിക്കൊണ്ടിരുന്നത്. തിരുനബി(സ) തങ്ങൾക്കടുത്തുകൂടെ കടന്നുപോയപ്പോൾ അദ്ദേഹത്തെ അവർ മറ്റൊരാളായി തെറ്റുധരിക്കുകയും, വഴിയോട്ട് മാറിക്കളയുകയുമാണുണ്ടായത്. ഇഷ്ടസഖാവായ ഹദ്റത്ത് അബൂബക്കറിനെ മാത്രം തലേന്നാൾ തന്നെ തന്റെ രഹസ്യപരിപാടി നബി(സ)തിരുമേനി അറിയിച്ചിട്ടുണ്ടായിരുന്നു. അദ്ദേഹം ഒപ്പം ചേരുകയും അങ്ങനെ അവർ ഇരുവരും മക്ക വിട്ടു പോകുകയും മക്കയിൽ നിന്നു മൂന്നോ നാലോ നാഴികയകലെ ഒരു കുന്നിൻ പുറത്ത് ഥൗർ എന്ന ഗുഹയിൽ ഒളിച്ചിരിക്കുകയും ചെയ്തു. നബി(സ)തിരുമേനി കടന്നു കളഞ്ഞതായി മക്കക്കാർക്ക് അറിവു കിട്ടിയപ്പോൾ അവർ ഒരു സായുധസംഘത്തെ അദ്ദേഹത്തെ പിടിക്കുവാനായി പിന്നാലെ വിട്ടു. ഒരു കാലടി വിദഗ്ദ്ധനെ അനുഗമിച്ച അവർ ഥൗർ ഗുഹയുടെ അടുക്കലോളമെത്തി. നബി(സ)തിരുമേനിയും അബൂബക്കറും ഒളിച്ചിരുന്ന ഗുഹയുടെ പ്രവേശദ്വാരത്തിൽനിന്നുകൊണ്ടു കാലടി വിദഗ്ധൻ ഇപ്രകാരം പറഞ്ഞു: "മുഹമ്മദ് ഒന്നുകിൽ ഈ ഗുഹക്കകത്തുണ്ടായിരിക്കണം. അല്ലെങ്കിൽ ആകാശത്തേയ്ക്കു ഉയർന്നു പോയിട്ടുണ്ടാവണം!!" അവരിപ്പറഞ്ഞത് ഹദ്റത്ത് അബൂബക്കർ(റ) ഗുഹക്കുള്ളിൽ നിന്ന് കേട്ടു. അദ്ദേഹം ഭയവിഹ്വലനായി നബി(സ)തിരുമേനിയുടെ ചെവിയിൽ മന്ത്രിച്ചു: "ശത്രുക്കൾ നമ്മെ ഇതാ പിടിക്കുകയായി!" നബി(സ)തിരുമേനി അദ്ദേഹത്തെ സമാശ്വസിപ്പിച്ചു: "ഭയപ്പെടേണ്ട! ദൈവം നമ്മോടൊപ്പമുണ്ട്." അബൂബക്കർ വീണ്ടും പറഞ്ഞു: "ഞാൻ എന്നെ ചൊല്ലി ഭയപ്പെടുന്നില്ല; അങ്ങയെ ചൊല്ലിയത്രെ ഭയപ്പെടുന്നത്. ഞാൻ മരിച്ചാൽ, ഞാൻ ഒരു സാധാരണക്കാരൻ മാത്രം. എന്നാലങ്ങു മരിച്ചാലോ നമ്മുടെ പ്രസ്ഥാനവും കർമ്മചൈതന്യവും എല്ലാം നശിച്ചു." (സർഖാനി). നബി(സ)തിരുമേനി ഉറപ്പ് നൽകി: "എന്നാലും ഭയപ്പെടേണ്ട; ഈ ഗുഹയിൽ നമ്മൾ രണ്ടു പേരല്ല ഉള്ളത്. മൂന്നാമതൊരുവൻ കൂടിയുണ്ട്. അല്ലാഹു!" (ബുഖാരി)

മക്കക്കാരുടെ മർദനങ്ങൾ അവസാനിക്കാനടുത്തിരുന്നു. ഇസ്‌ലാം വളരുവാൻ നിശ്ചയിക്കപ്പെട്ടതായിരുന്നു. നബി(സ)തിരുമേനിയെ അനുധാവനം ചെയ്തവർ യഥാർഥത്തിൽ വഞ്ചിക്കപ്പെടുകയാണുണ്ടായത്. കാലടിവിദഗ്ധന്റെ അഭിപ്രായത്തെ അവർ പുച്ഛിച്ചു തള്ളി. ആർക്കെങ്കിലും ഉള്ളിൽകടന്നു രക്ഷപ്പെടാൻ കഴിയുമാറുള്ളതല്ല പാമ്പും തേളും നിറഞ്ഞ ആ ഗുഹയെന്ന് അവർ പറഞ്ഞു. അവർ അൽപം കുനിഞ്ഞുനോക്കിയിരുന്നുവെങ്കിൽ ഇരുവരും അവരുടെ കണ്ണിൽപെടുമായിരുന്നു. എന്നാൽ, അവരതിന്നൊരുങ്ങിയില്ല. കാലടിവിദഗ്ധനെ പറഞ്ഞയച്ചുകൊണ്ടു അവർ മക്കയിലേക്കു മടങ്ങി.

നബി(സ)തിരുമേനിയും അബൂബക്കർ സിദ്ദീഖും രണ്ടുദിവസംവരെ ഗുഹയിൽതന്നെ കഴിഞ്ഞുകൂടി. മൂന്നാം രാവിൽ മുൻ നിശ്ചയപ്രകാരം രണ്ടു ഒട്ടകങ്ങൾ ഗുഹാമുഖത്ത് വന്നുനിന്നു. ഒന്നു നബി(സ)തിരുമേനിക്കും വഴികാട്ടിക്കും. മറ്റൊന്ന് അബൂബക്കർ സിദ്ദീഖിനും അദ്ദേഹത്തിന്റെ ദാസനായ ആമിർ ബിൻ ഫുഹയ്റയ്ക്കും.

പുറപ്പെടുന്നതിനുമുമ്പേ നബി(സ)തിരുമേനി മക്കാ നഗരിയുടെ നേരെ മുഖം തിരിച്ചു. അദ്ദേഹത്തിന്റെ ഹൃദയത്തിൽ വികാരങ്ങൾ ഓളം തള്ളി. തന്റെ ജന്മനഗരമായ മക്കാ! അവിടെയാണ് താൻ കുട്ടിക്കാലം കഴിച്ചു കൂട്ടിയിരുന്നതും ഒരാളായി വളർന്നതും. ആദ്യത്തെ വെളിപാട് സിദ്ധിച്ചതും അവിടെ വെച്ചത്രെ. ഇസ്മായീൽ നബിക്കുശേഷം മുതൽ തന്റെ പൂർവപിതാക്കൾ പ്രതാപപൂർവ്വം പാർത്തുവന്ന മക്കാനഗരം! അദ്ദേഹം വികാരഭരിതനായി. ഏറെ നേരം നഗരം നോക്കി നിന്നു. എന്നിട്ട് സഗദ്ഗദം പറഞ്ഞു; "ഹാ മക്കാ! ലോകത്ത് മറ്റെവിടത്തെക്കാളും നീ എനിക്ക് പ്രിയമുള്ളതത്രെ. എന്നാൽ, നിന്റെ മക്കൾ എന്നെ ഇവിടെ ജീവിക്കുവാൻ അനുവദിക്കുന്നില്ല!" അബൂബക്കർ(റ) ഇതുകേട്ടപ്പോൾ ഇപ്രകാരം പറഞ്ഞു: "ഈ പട്ടണം ഒരു പ്രവാചകനെ പുറന്തള്ളിയിരിക്കുന്നു. അതു നാശം കാത്തുകൊണ്ടിരിക്കുകയത്രെ."

തങ്ങളുടെ ശ്രമം പരാജയപ്പെട്ടപ്പോൾ ഒളിച്ചോടിയ ആ രണ്ടു പേരുടെ തലയെടുക്കുന്നവർക്ക് മക്കക്കാർ സമ്മാനം പ്രഖ്യാപിച്ചു. മുഹമ്മദിനേയോ അബൂബക്കറിനേയോ ജീവനോടെ അല്ലെങ്കിൽ കൊന്നിട്ട് കൊണ്ടുവരുന്നവർക്ക് 100 ഒട്ടകം പാരിതോഷികമായി നൽകുന്നതാണെന്നു അവർ വിളംബരപ്പെടുത്തി. മക്കയ്ക്കു ചുറ്റുമുള്ള ഗോത്രങ്ങൾക്കിടയിൽ അവർ ഈ വിവരം പ്രചരിപ്പിച്ചു. ഈ വമ്പിച്ച സമ്മാനത്തിൽ പ്രലോഭിതനായി ഒരു ബദവിത്തലവനായ സുറാഖ ബിൻ മാലിക് രണ്ടുപേരെയും തേടിപുറപ്പെടുകയും ഒടുവിൽ മദീനയിലേക്കുള്ള വഴിയിൽ അവരെ കണ്ടെത്തുകയും ചെയ്തു. ആളുകൾ കയറിയ രണ്ട് ഒട്ടകത്തെ അകലെ കണ്ടപ്പോൾ നബി(സ)തിരുമേനിയെയും അബൂബക്കറിനെയും വഹിക്കുന്നവ തന്നെയാണ് അതെന്ന് അദ്ദേഹം വിശ്വസിക്കുകയും തന്റെ കുതിരക്ക് കുതിമുള്ളടിച്ചു യാത്രാവേഗം കൂട്ടുകയും ചെയ്തു. എന്നാൽ, വളരെ ദൂരെയെത്തുന്നതിനു മുമ്പേ കുതിര മുട്ടു കുത്തി വീണതുകൊണ്ട് അദ്ദേഹം പിന്നിലായിപ്പോകുകയാണുണ്ടായത്. സുറാഖ നിലത്തു വീണു. എന്താണ് സംഭവിച്ചതെന്നതിനെപറ്റി സുറാഖ തന്നെ പിൽക്കാലത്ത് വിവരിക്കുകയുണ്ടായി. അതു വളരെ രസകരമാണ്. അദ്ദേഹം പറയുന്നു:

"ഞാൻ കുതിരപ്പുറത്തുനിന്നു വീണപ്പോൾ, അറബികൾ അന്ധവിശ്വാസത്താൽ സാധാരണ ചെയ്യാറുള്ളതുപോലെ അമ്പെയ്തുകൊണ്ടു ഭാഗ്യപരീക്ഷ നടത്തിനോക്കി. അമ്പുകൾ കുറിക്കു കൊണ്ടില്ല. ദുർഭാഗ്യം മുന്നിൽ കണ്ടുവെങ്കിലും സമ്മാനത്തുകയുടെ പ്രലോഭനം ശക്തിമത്തായിരുന്നു. ഞാൻ വീണ്ടും കുതിരപ്പുറത്തേറി അനുധാവനം തുടർന്നു. ഏതാണ്ട് അവരെ കവച്ചു കടക്കുമെന്നായി. നബി(സ)തിരുമേനി അന്തസ്സിൽ സവാരിചെയ്യുകയായിരുന്നു. അദ്ദേഹം തിരിഞ്ഞു നോക്കുകയേ ചെയ്തിരുന്നില്ല. എന്നാൽ, അബൂബക്കർ(റ) തുടരെത്തുടരെ തിരിഞ്ഞു നോക്കിക്കൊണ്ടിരുന്നു. (അതുപക്ഷേ, തിരുനബിയുടെ രക്ഷയെ കുറിച്ചുള്ള ഉത്കണ്ഠ കൊണ്ടായിരിക്കാം). ഞാൻ സമീപത്തെത്തിയപ്പോൾ, എന്റെ അശ്വം പിന്നെയും മുട്ടുകുത്തി. ഞാൻ തെറിച്ചു വീഴുകയും ചെയ്തു. ഞാൻ പിന്നെയും അസ്ത്രവിക്ഷേപം വഴി ശകുന പരീക്ഷ നടത്തിനോക്കി. അപ്പോഴും അമ്പുകൾ കുറിമാനം തെറ്റിയിരുന്നു. എന്റെ കുതിരയുടെ കുളമ്പുകൾ പൂഴിയിൽ പൂണ്ടുപോയി. വീണ്ടും കുതിരപ്പുറത്തേറി അനുധാവനം തുടരുക തുലോം വിഷമകരമായിരുന്നു. അപ്പോൾ ഞാൻ മനസ്സിലാക്കി ആ യാത്രിക സംഘം ദൈവത്തിന്റെ പരിപൂർണ്ണ രക്ഷയിലാണെന്ന്! ഞാനവരെ ഉറക്കെ വിളിക്കുകയും നിൽക്കാൻ അഭ്യർഥിക്കുകയും ചെയ്തു. അടുത്തണഞ്ഞപ്പോൾ എന്റെ ദുരുദ്ദേശ്യങ്ങളെക്കുറിച്ചും ഹൃദയമാറ്റത്തെക്കുറിച്ചും ഞാനവരോടു പറഞ്ഞു. ഞാൻ ശ്രമം മതിയാക്കി മടങ്ങിപ്പോവുകയാണെന്നറിയിച്ചു. നബി(സ)തിരുമേനി എന്നെ മടങ്ങിപ്പോവാനനുവദിച്ചു. താൻ എവിടെയാണെന്നും മറ്റുമുള്ള വിവരങ്ങൾ വെളിപ്പെടുത്തരുതെന്നു നിർദേശിക്കുകയും എന്നിൽ നിന്നു ഉറപ്പു വാങ്ങിക്കുകയും ചെയ്തു. നബി(സ)തിരുമേനി ഒരു സത്യപ്രവാചകനാണെന്നും അദ്ദേഹം വിജയിക്കുക തന്നെചെയ്യുമെന്നും എനിക്ക് ബോധ്യമായി. നബി(സ)തിരുമേനി സർവ്വാധിപതിയായിക്കഴിഞ്ഞാൽ എനിക്ക് രക്ഷ നൽകുമെന്നൊരുറപ്പ് എഴുതിത്തരണമെന്നു ഞാനപേക്ഷിച്ചു. അങ്ങനെയൊരുറപ്പ് എഴുതിത്തരാൻ നബി(സ)തിരുമേനി ആമിർ ബിൻ ഫുഹയ്റയോടു ആവശ്യപ്പെടുകയും അദ്ദേഹം അതെഴുതിത്തരികയും ചെയ്തു. ഞാനതും വാങ്ങിത്തിരിച്ചു വരാൻ തയ്യാറായപ്പോൾ ഭാവിയെപ്പറ്റിയുള്ള ഒരറിയിപ്പടങ്ങിയ വെളിപാട് നബി(സ)തിരുമേനിക്ക് അപ്പോൾതന്നെ ലഭിച്ചു. നബി(സ)തിരുമേനി പറഞ്ഞു: "സുറാഖാ, കിസ്റായുടെ സ്വർണ്ണ വളകൾ താങ്കളുടെ മണിബന്ധങ്ങളിലണിയുന്ന വേളയിൽ എന്തു തോന്നും?" ആ പ്രവചനം കേട്ട് അമ്പരന്ന ഞാൻ ചോദിച്ചു. "ഏത് കിസ്റാ? ഇറാൻ ചക്രവർത്തിയായ ഹുർമുസ്ദിന്റെ മകൻ കിസ്റയോ?" പ്രവാചകൻ അതെയെന്നു ഉത്തരമരുളി! (ഉസുദുൽഗാബ).

പതിനാറോ പതിനേഴോ കൊല്ലം കഴിഞ്ഞപ്പോൾ, ഈ പ്രവചനം പ്രത്യക്ഷരം നിറവേറി. സുറാഖ ബിൻ മാലിക്ക് ഇസ്‌ലാം മതമാശ്ലേഷിക്കുകയും മദീനയിലേക്ക് യാത്രയാവുകയും ചെയ്തു. നബി(സ)തിരുമേനി ചരമം പ്രാപിച്ചു. തുടർന്നു അബൂബക്കറും പിന്നീടു ഉമറും ഇസ്‌ലാമിന്റെ ഖലീഫമാരായി. ഇസ്‌ലാമിന്റെ വർധമാനമായ സ്വാധീനതകൾ കാരണം അസൂയാലുക്കളായത്തീർന്ന ഇറാനികൾ മുസ്‌ലിംകളെ ആക്രമിക്കാൻ പ്രചോദിതരായിത്തീർന്നു. എന്നാൽ, അവർ മുസ്‌ലീംകളെ കീഴ്പ്പെടുത്തുന്നതിനു പകരം മുസ്‌ലിംകളാൽ കീഴ്പ്പെടുത്തപ്പെടുകയാണുണ്ടായത്. ഇറാന്റെ രാജധാനി മുസ്‌ലിംകൾ പിടിച്ചടക്കി. രാജധാനിയിലെ മുഴുവൻ നിധികളും അവർക്കധീനമായി. കിസ്റാ ചക്രവർത്തി പ്രത്യേക സന്ദർഭങ്ങളിൽ മാത്രം അണിയാറുള്ള സ്വർണ്ണ വളകളും അക്കൂട്ടത്തിലുണ്ടായിരുന്നു. സുറാഖാ മുസ്‌ലിം ആയശേഷം, താൻ നബി(സ)തിരുമേനിയെയും കൂട്ടുകാരെയും പിടിക്കാൻ ചെന്ന കഥയും താനും നബി(സ)തിരുമേനിയും തമ്മിൽ നടന്ന സംഭാഷണവും വിവരിക്കാറുണ്ടായിരുന്നു. ഇറാനുമായുണ്ടായ യുദ്ധത്തിൽ പിടിച്ചെടുത്ത ഗനീമത്തുകൾ ഹദ്റത്ത് ഉമർ(റ)ന്റെ മുമ്പിൽ ഹാജരാക്കപ്പെട്ടപ്പോൾ അദ്ദേഹം ഈ സ്വർണ്ണ വളകൾ കാണുകയും നബി(സ)തിരുമേനി സുറാഖ ബിൻ മാലിക്കിനോട് പറഞ്ഞ വാക്കുകൾ അപ്പോൾ അദ്ദേഹ

ത്തിന് ഓർമ വരുകയും ചെയ്തു. അത്യന്തം നിസ്സഹായമായ ഒരു പരിസ്ഥിതിയിൽ നബി(സ) തിരുമേനി ചെയ്ത ഒരു മഹാപ്രവചനമായിരുന്നു അത്. ആ പ്രവചനം അപ്പടി എല്ലാവരുടെയും കൺമുന്നിൽ പൂർത്തീകരിക്കപ്പെടുക തന്നെ വേണമെന്ന് അദ്ദേഹം തീർച്ചയാക്കി. ആകയാൽ, അദ്ദേഹം ഉടൻതന്നെ സുറാഖയെ വിളിച്ചു വരുത്തുകയും ആ സ്വർണ്ണവളകളണിയാൻ അദ്ദേഹത്തോടാജ്ഞാപിക്കുകയും ചെയ്തു. പുരുഷൻമാർ സ്വർണ്ണവളകളണിയുന്നതു ഇസ്‌ലാമിൽ വിലക്കപ്പെട്ടിരിക്കുകയാണെന്ന കാര്യം ഓർമിപ്പിച്ചുകൊണ്ടു സുറാഖ വിസമ്മതം കാണിച്ചു. അതു ശരിതന്നെയെങ്കിലും ഈ പ്രത്യേക സന്ദർഭത്തിൽ അതു ബാധകമാകുന്നതല്ലെന്നു ഖലീഫാ ഉമർ(റ) വ്യക്തമാക്കിക്കൊടുത്തു. കിസ്റായുടെ സ്വർണ്ണ വളകൾ സുറാഖത്തിന്റെ കൈകളിൽ അണിഞ്ഞതായി നബി(സ)തിരുമേനി ദർശനത്തിൽ കണ്ടതാണ്. അതുകൊണ്ട് ഒരു ശിക്ഷയെന്നോണമായാലും അവയണിഞ്ഞേതീരൂ എന്നു ഉമർ(റ) നിർബന്ധിച്ചു. നബി(സ)തിരുമേനിയുടെ ഉപദേശത്തിനു വിരുദ്ധമായി വരരുതെന്നു കരുതിയാണ് സുറാഖാ തടസ്സം പറഞ്ഞത്. അല്ലെങ്കിൽ ആ മഹാപ്രവചനം താൻ മുഖേന പൂർത്തിയാകുന്നതു സ്വന്തം കണ്ണുകൾ കൊണ്ടു കാണാൻ മറ്റാരെക്കാളും അദ്ദേഹത്തിനു ആഗ്രഹമുണ്ടായിരുന്നു. അദ്ദേഹം ഒടുവിൽ ആ സ്വർണ്ണവളകൾ ധരിക്കുകയും ആ പ്രവചനം പൂർത്തിയായതു മുസ്‌ലിംകളെല്ലാം കണ്ടു സാക്ഷ്യം വഹിക്കുകയും ചെയ്തു.(ദീബാച്ച തഫ്സീറുൽ ഖുർആൻ,അൻവാറുൽഉലൂം വാള്യം 20, പേജ് 222-226)

ചില ഗ്രന്ഥങ്ങളനുസരിച്ച് സുറാഖ ബിൻ മാലിക്കിനെ കിസ്റായുടെ വള അണിയിക്കുമെന്നുള്ള വാക്കുകൾ നബി(സ)തിരുമേനി ഹിജ്റത്ത് ചെയ്യുന്ന അവസരത്തിലല്ല പറഞ്ഞത്. മറിച്ച് അവിടന്ന് ഹുനയ്നിൽനിന്നും ത്വാഇഫിൽനിന്നും തിരിച്ചുവരുമ്പോൾ ജിഅ്റാന എന്ന സ്ഥലത്തുവച്ചാണ് പറഞ്ഞത്. (ബുഖാരി ബിശറഹിൽ കിർമാനീ, ഭാഗം 14, പേജ് 178, കിതാബു ബദ്ഉൽ ഖൽഖ് ബാബ് അലാമാത്തുന്നുബുവ്വത്തി ഫിൽ ഇസ്‌ലാമി ഹദീഥ് 3384, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1981)

പക്ഷേ, പൊതുവെയുള്ള നിവേദനം ആദ്യം വിവരിച്ചു കഴിഞ്ഞതാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതിയതുപോലെ ഹിജ്റത്തിന്റെ അവസരത്തിൽതന്നെയാണ് നബി(സ)തിരുമേനി അത് പറഞ്ഞത്.

ആമിർ ബിൻ ഫുഹയ്റ ഹിജറത്ത് ചെയ്ത് മദീനയിലെത്തിയപ്പോൾ അദ്ദേഹം രോഗബാധിതനായി. നബി(സ)തിരുമേനി ദുആ ചെയ്തു. അപ്പോൾ അദ്ദേഹത്തിന്റെ രോഗം സുഖപ്പെട്ടു. ഹദ്റത്ത് ആഇശ(റ) വിവരിക്കുന്നു. നബി(സ) മദീന ഹിജ്റത്ത് ചെയ്തുവന്നപ്പോൾ അവിടത്തെ ചില സ്വഹാബത്തിന് സുഖമില്ലാതായി. ഹദ്റത്ത് അബൂബക്കർ, ഹദ്റത്ത് ആമിർ ബിൻ ഫുഹയ്റ, ഹദ്റത്ത് ബിലാൽ എന്നിവരാണ് രോഗബാധിതരായത്. ഹദ്റത്ത് ആഇശ(റ), നബി(സ)തിരുമേനിയോട് അവരെ സന്ദർശിക്കുവാൻ അനുവാദം ചോദിച്ചപ്പോൾ അവിടന്ന് അവർക്ക് അനുവാദം നല്കി. ഹദ്റത്ത് അബൂബക്കറിനോടു ഹദ്റത്ത് ആഇശ(റ) ചോദിച്ചു: 'അങ്ങയുടെ വിശേഷമെന്താണ്?' അദ്ദേഹം മറുപടിയായി ഈ കവിതാശകലം ചൊല്ലി:

കുല്ലുംരിയിൻ മുസ്വബ്ബഹുൻ ഫീ അഹ്‌ലിഹീ
വൽമൗത്തു അദ്നാ മിൻ ശിറാക്കി നഅ്‌ലിഹീ

ഓരോ വ്യക്തിയും തന്റെ വീട്ടിൽ രാവിലെ ഉണരുമ്പോൾ അവനോടു പ്രഭാതം മംഗളമായിരിക്കട്ടെ എന്ന് പറയപ്പെടുന്നു. ആ അവസ്ഥയിൽ മരണം അവന്റെ ചെരുപ്പിന്റെ വാറിനെക്കാൾ അടുത്താണുള്ളത്. അതായത് അവൻ ഉറങ്ങി എഴുന്നേല്ക്കുമ്പോൾ അത്തരം അവസ്ഥയിലാണ് അവനുള്ളത്. മരണം ഒരു ദിവസം വരേണ്ടതുതന്നെയാണ്.

പിന്നീട് ഹദ്റത്ത് ആഇശ(റ) ആമിർ ബിൻ ഫുഹയ്റയോടു അദ്ദേഹത്തിന്റെ വിശേഷം അന്വേഷിച്ചു. അദ്ദേഹം ഈ പദ്യശകലം ചൊല്ലി:

ഇന്നീ വജ്ജദ്ത്തുൽമൗത്ത ഖബ്‌ല ദൗഖിഹീ
ഇന്നൽജബാന ഹത്ഫുഹു മിൻ ഫൗഖിഹീ

തീർച്ചയായും ഞാൻ മരണത്തെ അതിന്റെ രുചി ആസ്വദിക്കുന്നതിനുമുമ്പേ പ്രാപിച്ചു. നിശ്ചയമായും ഭീരുവിന്റെ മരണം പെട്ടെന്നാണ് വന്നെത്തുക. അതായത് ധീരൻ മരിക്കാൻവേണ്ടി എപ്പോഴും തയ്യാറായിരിക്കുന്നു. ഭീരു അതിനുവേണ്ടി തയ്യാറെടുപ്പു നടത്തിയിട്ടുണ്ടാവില്ല.

പിന്നീട് ഹദ്റത്ത് ആഇശ(റ) ബിലാലിനോടു അദ്ദേഹത്തിന്റെ വിശേഷം തിരക്കി. അപ്പോൾ അദ്ദേഹം ഇങ്ങനെയൊരു പദ്യശകലമാണ് ചൊല്ലിയത്:

യാ ലയ്ത്ത ശിഅ്‌രീ ഹൽ
അബീതന്ന ലയ്‌ലതൻ
ബി ഫജ്ജിൻ വ ഹൗലീ
ഇദ്ഖിറുൻ വ്വ ജലീലു

അഹോ കഷ്ടം! ഏതെങ്കിലും രാത്രി മക്ക താഴ്‌വരയിൽ കഴിച്ചുകൂട്ടുമെന്നും എനിക്കു ചുറ്റും ഇദ്ഖിർ, ജലീൽ എന്നീ പുല്ലുകൾ ഉണ്ടാകുമെന്നും മനസിലായിരുന്നെങ്കിൽ! പിന്നീട് ഹദ്റത്ത് ആഇശ(റ), നബി(സ)തിരുമേനിയുടെ അടുക്കൽ വന്നു. നബിയോട് ആ സ്വഹാബത്തിന്റെ വാക്യങ്ങൾ പറഞ്ഞു. ഹദ്റത്ത് അബൂബക്കർ ഇങ്ങനെ പറഞ്ഞുവെന്നും ഹദ്റത്ത് ആമിർ ബിൻ ഫുഹയ്റ ഇങ്ങനെ പറഞ്ഞുവെന്നും ഹദ്റത്ത് ബിലാൽ ഇങ്ങനെ പറഞ്ഞുവെന്നും പറഞ്ഞപ്പോൾ നബി(സ)തിരുമേനി ആകാശത്തേക്ക് നോക്കി, ഈ ദുആ ചെയ്തു:

അല്ലാഹുവേ! മക്ക എപ്രകാരം ഞങ്ങൾക്ക് പ്രിയങ്കരമായിരുന്നുവോ അപ്രകാരം നീ മദീനയേയും ഞങ്ങൾക്ക് പ്രിയങ്കരമാക്കേണമേ; അല്ലെങ്കിൽ അതിലും കൂടുതൽ. അല്ലാഹുവേ! അതിന്റെ ഭാരത്തിലും അതിന്റെ തൂക്കത്തിലും നീ അനുഗ്രഹം നിറയ്ക്കേണമേ. മദീന ഞങ്ങൾക്ക് ആരോഗ്യവാസസ്ഥാനമാക്കേണമേ. അതിന്റെ വ്യാധികളെ നീ ദൂരീകരിക്കേണമേ. അതായത് ഞങ്ങളിൽനിന്ന് അകറ്റിക്കൊണ്ടുപോകേണമേ. (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാള്യം 10, പേജ് 101-102, ഹദീഥ് 25092, മുസ്നദ് ആഇശ (റ), പ്രസാധകർ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 2008)

ഹദ്റത്ത് ആമിർ ബിൻ ഫുഹയ്റ, ബിഅ്റെ മഊന സംഭവത്തിൽ ശഹീദാക്കപ്പെട്ടു. ബിഅ്റെ മഊനയിൽ ആ ആളുകൾ വധിക്കപ്പെടുകയും ഹദ്റത്ത് അംറ് ബിൻ ഉമയ്യ സ്വമറ തടവിലാക്കപ്പെടുകയും ചെയ്തപ്പോൾ ആമിർ ബിൻ ത്വുഫയ്ൽ അദ്ദേഹത്തോടു ചോദിച്ചു: ഇതാരാണ്? അദ്ദേഹം ഒരു വധിക്കപ്പെട്ട ആളുടെനേരെ ചൂണ്ടി. അപ്പോൾ അംറ് ബിൻ ഉമയ്യ മറുപടി നല്കി: ഇദ്ദേഹം ആമിർ ബിൻ ഫുഹയ്റയാണ്. ആമിർ ബിൻ ത്വുഫയ്ൽ പറഞ്ഞു: ഞാൻ കണ്ടു, അതായത് ആമിർബിൻ ഫുഹയ്റ വധിക്കപ്പെട്ടതിനുശേഷം ആകാശത്തേക്ക് കരേറ്റപ്പെടുന്നതായി ഞാൻ കണ്ടു. അദ്ദേഹം ആകാശത്തിനും ഭൂമിയ്ക്കും ഇടയിലുള്ളതായി ഞാനിപ്പോഴും കാണുന്നുണ്ട്. പിന്നീട് അദ്ദേഹം ഭൂമിയിൽ ഇറക്കപ്പെട്ടു. നബി(സ)തിരുമേനിയ്ക്ക് അദ്ദേഹത്തിന്റെ വാർത്ത എത്തിയപ്പോൾ അവിടന്ന് ആ വിവരം സ്വഹാബത്തിനെ അറിയിച്ചു. നിങ്ങളുടെ കൂട്ടുകാരൻ ശഹീദായെന്ന് പറഞ്ഞു. അദ്ദേഹം തന്റെ റബ്ബിനോടു ദുആ ചെയ്തു:'ഞങ്ങളുടെ റബ്ബേ!ഞങ്ങളെ സംബന്ധിച്ച് ഞങ്ങളുടെ സഹോദരങ്ങളോടു പറഞ്ഞാലും; ഞങ്ങൾ നിന്നിൽ തൃപ്തരായിരിക്കുന്നുവെന്ന്.' അങ്ങനെ അല്ലാഹു അദ്ദേഹത്തെ കുറിച്ച് പറഞ്ഞു.(സ്വഹീഹുൽ ബുഖാരി, കിതാബുൽ മഗാസി, ബാബ് ഗസ്‌വ അർറജീഅ്, ഹദീഥ് 4093) ഇതും ബുഖാരിയുടെ നിവേദനമാണ്. അന്യർക്കും അല്ലാഹു ഈ ദൃശ്യം കാണിച്ചുകൊടുത്തു; നബി(സ)തിരുമേനി അറിഞ്ഞതുപോലെ.

ഹദ്റത്ത് ആമിർ ബിൻ ഫുഹയ്റയെ ആരാണ് വധിച്ചത്? ഇതുസംബന്ധമായി അഭിപ്രായ ഭിന്നതയുണ്ട്. ചില നിവേദനങ്ങളിലുള്ളത് അദ്ദേഹത്തെ ആമിർ ബിൻ ത്വുഫയ്ൽ ശഹീദാക്കി എന്നാണ്. അദ്ദേഹമാണ് ഇക്കാര്യം വിവരിച്ചിട്ടുള്ളത്.(ഇസ്തീആബ് വാള്യം 2, പേജ് 796, ആമിർ ബിൻ ഫുഹയ്റ, പ്രസാധകർ ദാറുൽജീൽ ബേറൂത്ത് 1992)

ആമിർ ബിൻ ത്വുഫയ്ൽ തന്നെയല്ലേ ആരാണ് ശഹീദാക്കിയതെന്ന് ചോദിച്ചത്. ഇദ്ദേഹം ശത്രുക്കളിൽപ്പെട്ടയാളായിരുന്നു. എന്നാൽ, മറ്റു നിവേദനങ്ങളിൽനിന്ന് മനസ്സിലാകുന്നത് അദ്ദേഹത്തെ ജബ്ബാർ ബിൻ സൽമീ ശഹീദാക്കിയെന്നാണ്. എന്തായാലും ബിഅ്റെ മഊന നേരത്താണ് ഇദ്ദേഹം ശഹീദായത്.(ഇസ്തീആബ് വാള്യം 1, പേജ് 229-230, ജബ്ബാർ ബിൻ സൽമീ, പ്രസാധകർ ദാറുൽജീൽ ബേറൂത്ത് 1992)

ഹദ്റത്ത് ആമിർ ബിൻ ഫുഹയ്റയുടെ ശഹാദത്ത് സംഭവം വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതുന്നു:

'ഇസ്‌ലാം വാളിന്റെ ഊക്ക് കൊണ്ടല്ല വിജയം നേടിയത്. മറിച്ച് അതിന്റെ ഉന്നതമായിട്ടുള്ള (മത) അധ്യാപനം മുഖേനയാണ് വിജയം കരസ്ഥമാക്കിയത്. അത് ഹൃദയങ്ങളിൽ ആഴ്ന്നിറങ്ങിയിരുന്നു. ഒരുന്നതമായ പദവിലേയ്ക്ക് ധർമബോധത്തിന് സ്ഥാനമാറ്റം ലഭിച്ചു. ഒരു സ്വഹാബി പറയുന്നു: ഞാൻ മുസ്‌ലിമായതിന് ഇത് മാത്രമാണ് കാരണം, ഞാൻ ഈ ജനതയിൽ അതിഥി ആയിരുന്നു. അവർ വഞ്ചന കാട്ടി എഴുപത് ഖാരികളെ ശഹീദാക്കി. അവർ മുസ്‌ലീംകളുടെമേൽ ആക്രമണം നടത്തിയപ്പോൾ കുറച്ചാളുകൾ ഉയർന്ന കുന്നിൽ കയറി. കുറച്ചുപേർ അവർക്കെതിരിൽ പോരാടി. കാരണം ശത്രുക്കളുടെ എണ്ണം വളരെയധികമായിരുന്നു; മുസ്‌ലീംകൾ വളരെ കുറവും. അവരാണെങ്കിൽ നിരായുധരും സാധനസാമഗ്രികളൊന്നുമില്ലാത്തവരുമായിരുന്നു. അതുകൊണ്ട് ഓരോന്നോരോന്നായി എല്ലാ മുസ്‌ലീംകളേയും അവർ ശഹീദാക്കി. അവസാനം അവരിൽ നബി(സ)തിരുമേനിയോടൊപ്പം ഹിജ്റത്തിൽ പങ്കെടുത്ത ഒരാൾ മാത്രം അവശേഷിച്ചു. അദ്ദേഹത്തിന്റെ നാമം ആമിർ ബിൻ ഫുഹയ്റ എന്നായിരുന്നു. ഒരുപാട് ആളുകൾ ചേർന്നാണ് അദ്ദേഹത്തെ കീഴടക്കിയത്. ഒരാൾ കുന്തംകൊണ്ട് അദ്ദേഹത്തിന്റെ നെഞ്ചിൽ ആഞ്ഞ് കുത്തി. കുന്തം തുളച്ച് കയറിയുടൻ, അദ്ദേഹത്തിന്റെ നാവിൽ നിന്ന് അനിയന്ത്രിതമായി ഈ വാക്കുകൾ പുറപ്പെട്ടു കഅ്ബയുടെ നാഥനെക്കൊണ്ട് സത്യം! ഞാൻ വിജയം പ്രാപിച്ചിരിക്കുന്നു. ഞാൻ അദ്ദേഹത്തിന്റെ നാവിൽനിന്ന് ഈ വചനം കേട്ട് ആശ്ചര്യപ്പെട്ടുപോയി. അതായത് ആക്രമിച്ചവരുടെ കൂട്ടരിൽപ്പെട്ട പിന്നീട് ഇസ്‌ലാം സ്വീകരിച്ച അതേ സ്വഹാബി. അദ്ദേഹം പറയുന്നു: അദ്ദേഹത്തിന്റെ നാവിൽനിന്ന് ഈ വാക്യം കേട്ടപ്പോൾ ഞാൻ അത്ഭുതപ്പെട്ടുപോയി. ഞാൻ പറഞ്ഞു: ഈ വ്യക്തി തന്റെ ബന്ധുക്കളിൽനിന്നും തന്റെ ഭാര്യാമക്കളിൽനിന്നും അകന്ന് വിദൂരമായ ഒരു പ്രദേശത്ത് അപക

ടത്തിൽ അകപ്പെടുന്നു. കുന്തം അദ്ദേഹത്തിന്റെ നെഞ്ച് തുളച്ചു കയറിയിരിക്കുന്നു. എന്നാൽ, അദ്ദേഹം ജീവൻ വെടിയുമ്പോൾ പറയുന്നത് ഇത്രമാത്രമായിരുന്നു, 'കഅ്ബയുടെ നാഥനെ കൊണ്ട് സത്യം ഞാൻ വിജയിച്ചു.' ഈയാൾ ഭ്രാന്തനെങ്ങാനുമാണോ? അങ്ങനെ ഞാൻ മറ്റു ചിലരോടു ഇതെന്താണ് കാര്യമെന്ന് ചോദിച്ചു. അദ്ദേഹത്തിന്റെ വായിൽനിന്ന് അത്തരം വാക്യം എന്തുകൊണ്ടാണ് പുറപ്പെട്ടത്? അവർ പറഞ്ഞു: 'മുസ്‌ലീംകൾ യഥാർഥത്തിൽ ഭ്രാന്തന്മാരാണ്. പക്ഷേ, നിങ്ങൾക്കത് അറിയില്ല. ഇവർ അല്ലാഹുവിന്റെ വഴിയിൽ മരിക്കുമ്പോൾ അല്ലാഹു അവരിൽ സംതൃപ്തനായിരിക്കുന്നുവെന്ന് മനസ്സിലാക്കുന്നു; തങ്ങൾ വിജയം കരസ്ഥമാക്കിയെന്നും. അദ്ദേഹം പറയുന്നു: അത് എന്റെ പ്രകൃതത്തിൽ എത്രമാത്രം സ്വാധീനം ചെലുത്തിയെന്നാൽ ഞാൻ ഈ ആളുകളുടെ കേന്ദ്രത്തിൽപോയി നോക്കുകയും സ്വയം അവരുടെ മതത്തെ കുറിച്ച് പഠിക്കുകയും ചെയ്യുന്നതാണെന്ന ഉറച്ച തീരുമാനം എടുത്തു. ഞാൻ അങ്ങനെ ഞാൻ മദീനയിൽ വന്നു; മുസ്‌ലിമായി. സ്വഹാബത്ത് ഈ സംഭവം പറയുന്നു: ഒരാളുടെ നെഞ്ചിൽ കുന്തംകൊണ്ട് കുത്തുന്നു, അയാളാണെങ്കിൽ സ്വന്തം നാട്ടിൽനിന്ന് മൈലുകൾ ദൂരത്താണുള്ളത്, അദ്ദേഹത്തിന്റെ ബന്ധുക്കളോ മിത്രങ്ങളോ ആരും അദ്ദേഹത്തിനോടൊപ്പമില്ല, അദ്ദേഹത്തിന്റെ നാവിൽനിന്ന് *ഫുസ്തു വ റബ്ബിൽ കഅ്ബ* എന്ന വാക്യം പുറപ്പെടുന്നു. ആ ആക്രമണത്തിനുശേഷം ഈയാൾ മുസ്‌ലിമായപ്പോൾ അദ്ദേഹത്തിന്റെ ആത്മാവിൽ എത്രമാത്രം സ്വാധീനമാണുണ്ടായിരുന്നതെന്നാൽ അയാൾ ഈ സംഭവം കേൾപിക്കുകയും *ഫുസ്തു വ റബ്ബിൽ കഅ്ബ* എന്നിടത്ത് എത്തുകയും ചെയ്യുമ്പോൾ ഈ വാക്യത്തിന്റെ ഗാംഭീര്യം കാരണത്താൽ പൊടുന്നനെ അയാളുടെ ശരീരം വിറയ്ക്കുകയും കണ്ണുകളിൽനിന്ന് കണ്ണീർ ധാരധാരയായി ഒഴുകുകയും ചെയ്യുമായിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതുന്നു: 'ഇസ്‌ലാം അതിന്റെ സൽഗുണങ്ങൾ കാരണത്താലാണ് വ്യാപിച്ചത്; കരബലംകൊണ്ടല്ല.' (സയ്റെ റൂഹാനീ, അൻവാറുൽ ഉലൂം വാള്യം 22, പേജ്, 251–252)

ഇങ്ങനേയും പറയപ്പെടുന്നുണ്ട്. ഹദ്റത്ത് ആമിർ ബിൻ ഫുഹയ്റ ശഹാദാകുന്ന നേര ത്ത് അദ്ദേഹത്തിന്റെ വായിൽനിന്ന് പുറപ്പെട്ട വാക്കുകളിൽ *ഫുസ്തു വ റബ്ബിൽ കഅ്ബ* എന്നും *ഫുസ്തു വല്ലാഹി* എന്നുമുള്ള രണ്ടുവാക്കും ലഭിക്കുന്നുണ്ട്. രണ്ടു രീതിയിലും നിവേദനങ്ങളുണ്ട്. ആ വാക്കുകൾ മറ്റു സ്വഹാബാക്കളുടെ നാവിൽനിന്നും പുറപ്പെട്ടിട്ടുണ്ട്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇക്കാര്യവും പറഞ്ഞിട്ടുണ്ട്. അവിടന്ന് പറയുന്നു: സ്വഹാബാക്കൾ യുദ്ധത്തിൽ വധിക്കപ്പെടുന്നതിനെ ആനന്ദവും സൗഭാഗ്യവുമായി മനസിലാക്കിയിരുന്നു. ഇനി പോരാട്ടത്തിൽ എന്തെങ്കിലും പ്രയാസം നേരിട്ടാൽ അവർ അതിനെ പ്രയാസമായിട്ടല്ല മറിച്ച് സുഖാനുഭൂതിയായിട്ടാണ് കണ്ടിരുന്നത്. സ്വഹാബാക്കളുടെ ഇത്തരത്തിലുള്ള ധാരാളം സംഭവങ്ങൾ ചരിത്രത്തിൽനിന്ന് ലഭിക്കുന്നുണ്ട്. അവർ അല്ലാഹുവിന്റെ വഴിയിൽ വധിക്കപ്പെടുന്നതു തന്നെ തങ്ങൾക്ക് സൗഖ്യമാണെന്ന് കരുതിയിരുന്നു. ഉദാഹരണത്തിന് നബി(സ)തിരുമേനി മധ്യഅറേബ്യയിലെ ഒരു ഗോത്രത്തിലേക്ക് പ്രബോധനത്തിനുവേണ്ടി അയച്ച ഖുർആൻ മനഃപാഠമാക്കിയ ആ ഫാഫിളുമാർതന്നെ. അവരിൽ ഹർറാം ബിൻ മിൽഹാൻ ഇസ്‌ലാമിന്റെ സന്ദേശവുമായി ആമിർ ഗോത്രത്തിന്റെ നേതാവായ ആമിർ ബിൻ ത്വുഫയ്‌ലിന്റെ അടുത്തുപോയി. മറ്റു സ്വഹാബാക്കൾ പിന്നിലായിരുന്നു. തുടക്കത്തിൽ ആമിർ ബിൻ ത്വുഫയ്‌ലും അയാളുടെ ശിങ്കിടികളും കപടപരമായ നിലയിൽ അദ്ദേഹത്തോടു പെരുമാറി. പക്ഷേ, പൂർണ തൃപ്തിയോടെ ഇരിക്കുകയും തബ്‌ലീഗ് ചെയ്യാൻ തുടങ്ങുകയും ചെയ്തപ്പോൾ അവരിലെ ചില ദുഷ്ടന്മാർ ഒരു ദുഷ്ടനോടു വധിക്കാൻ ആംഗ്യം കാണിച്ചു. സൂചന കിട്ടിയുടനെ ഹർറാം ബിൻ മിൽഹാന്റെമേൽ പിന്നിൽനിന്ന് ഒരു ദ്രോഹി കുന്തംകൊണ്ട് കുത്തി. അദ്ദേഹം നിലംപതിച്ചു. അപ്പോൾ അദ്ദേഹത്തിന്റെ നാവിൽനിന്ന് അനിയന്ത്രിതമായി പുറപ്പെട്ടു: *അല്ലാഹു അക്ബർ ഫുസ്തു വ റബ്ബിൽ കഅ്ബ* കഅ്ബയുടെ നാഥനാണ! ഞാൻ മോക്ഷം പ്രാപിച്ചു! പിന്നീട് ആ ദുഷ്ടന്മാർ മറ്റു സ്വഹാബത്തിനെ വളഞ്ഞു. അവരേയും ആക്രമിച്ചു. ആ അവസരത്തിൽ ഹദ്റത്ത് അബൂബക്കർ(റ) മോചിപ്പിച്ച, നബി(സ)തിരുമേനിയോടൊപ്പം മദീന ഹിജ്റത്തിൽ ഒപ്പമുണ്ടായിരുന്ന അടിമ ആമിർ ബിൻ ഫുഹയ്റായെ കുറിച്ച് വന്നിരിക്കുന്നു–എന്നല്ല അദ്ദേഹത്തെ വധിച്ചയാൾ പിന്നീട് മുസ്‌ലിമായി–മുസ്‌ലിമാകാനുള്ള കാരണം പറഞ്ഞത്, താൻ ആമിർബിൻ ഫുഹയ്റായെ ശഹീദാക്കുമ്പോൾ അദ്ദേഹത്തിന്റെ വായിൽനിന്ന് അനിയന്ത്രിതമായി, '*ഫുസ്തു വല്ലാഹി*' അല്ലാഹുവാണ ഞാൻ എന്റെ ലക്ഷ്യം നേടിയിരിക്കുന്നു എന്നു കേട്ടുവെന്നാണ്. ഈ സംഭവങ്ങൾ വിളിച്ചോതുന്നത് സ്വഹാബാക്കൾക്ക് മരണം ദുഃഖമല്ല മറിച്ച് സന്തോഷത്തിനു കാരണമായിരുന്നുവെന്നാണ്.(ഒരു ആയത്തിന് ജ്ഞാനനിർഭരമായ വ്യാഖ്യാനം, അൻവാറുൽഉലൂം വാള്യം 18 പേജ് 612–613)

ആ ആളുകൾ വലിയ സൗഭാഗ്യരായിരുന്നു. പ്രധാനമായും ആമിർ ബിൻ ഫുഹയ്റ, അദ്ദേഹത്തിന് ഹദ്റത്ത് അബൂബക്കറിനെ സേവിക്കാൻ അവസരം ലഭിച്ചു. നബി(സ) തിരുമേനിയെ സേവിക്കാൻ അവസരം ലഭിച്ചു. നബിയോടൊപ്പം ഹിജ്റത്ത് ചെയ്യാൻ അവസരം ലഭിച്ചു. ഇദ്ദേഹം ഥൗർ ഗുഹയിൽ നബി(സ)തിരുമേനിക്ക് ഭക്ഷണം തുടങ്ങിയവ ലഭ്യമാക്കി. അക്കാല ഘട്ടത്തിൽ ഭക്ഷണം ആട്ടിൻ പാലായിരുന്നു. പാലെത്തിക്കുന്നതിന് അദ്ദേഹത്തെയാണ് നിയമിച്ചിരുന്നത്. അദ്ദേഹം കൃത്യമായി മൂന്നു ദിവസം അവിടെ ആടുകളെ കൊണ്ടുപൊയ്ക്കൊണ്ടിരുന്നു. ആട്ടിൻപാൽ അവിടെ എത്തിച്ചുകൊണ്ടിരുന്നു. സുറാഖയ്ക്ക് നബി(സ)തിരുമേനിയുടെ നിർദേശ പ്രകാരം അഭയപത്രം എഴുതിക്കൊടുക്കാനുള്ള അവസരവും അദ്ദേഹത്തിനു കിട്ടി. പിന്നീട് നബി(സ)തിരുമേനിക്ക് അദ്ദേഹത്തിന്റെ ദുആയുടെ ഫലമായി ദൂരത്തായിരുന്നിട്ടും അദ്ദേഹത്തിന്റെ ശഹാദത്തിന്റെ വിവരവും ലഭിച്ചു. ഇവർ ആത്മാർഥയുടെ നീരുറവയായിരുന്നു. അവർ എല്ലാ അവസരത്തിലും ആത്മാർഥത പ്രകടിപ്പിച്ചു. അല്ലാഹു ഇവരുടെ പദവികൾ ഉന്നതിയിൽ നിന്ന് ഉന്നതികളിലേയ്ക്ക് ഉയർത്തുമാറാകട്ടെ.

(പേജ് 1ൽനിന്ന്)

ർബന്ധകാര്യങ്ങളിൽ വിട്ടുപോയതിന്റെ പൂർത്തീകരണമെന്ന നിലയ്ക്കാണിത്. ഈ നബിവചനത്തിൽ പറഞ്ഞിരിക്കുന്നത്, അല്ലാഹുവിന് പ്രിയപ്പെട്ടവരുടെ മതപരമായ നിർബന്ധകർമങ്ങളുടെ പൂർത്തീകരണം ഐച്ഛികകർമങ്ങളിലൂടെ നിവർത്തിയാക്കുന്നുവെന്നാണ്. ഉദാഹരണം സക്കാത്തിനു പുറമെ മറ്റു ദാനധർമങ്ങളും ചെയ്യുക. അല്ലാഹു അത്തരക്കാരുടെ മിത്രമായിത്തീരുന്നു. താനവരുടെ കൈയും കാലും അവർ സംസാരിക്കുന്ന നാവുമായിത്തീരുമെന്ന് അല്ലാഹു സുവാർത്ത അറിയിക്കുന്നു.

## കർമങ്ങൾ ദൈവേച്ഛയ്ക്ക് വിധേയമാവണം

മനുഷ്യൻ വിഷയേച്ഛകളിൽനിന്ന് പരിശുദ്ധനായി സ്വാർഥത കൈവെടിഞ്ഞ് ദൈവേച്ഛയുടെ തണലിലൂടെ സഞ്ചരിക്കാൻ തുടങ്ങുമ്പോൾ അവന്റെ കർമങ്ങളൊന്നും പാഴാവുകയില്ല. അവന്റെ എല്ലാ കർമവും ദൈവേച്ഛയ്ക്ക് വിധേയമായിരിക്കുകയും ചെയ്യും. ദൈവേച്ഛയ്ക്ക് വിരുദ്ധമായി പ്രവൃത്തിക്കുമ്പോഴാണ് അവൻ എപ്പോഴും പരീക്ഷണങ്ങളിൽ അകപ്പെടുന്നത്. ദൈവതൃപ്തിക്ക് വിരുദ്ധമായിരിക്കും അത്തരക്കാരുടെ കർമങ്ങൾ. അത്തരം വ്യക്തികൾ തങ്ങളുടെ വികാരാവേശങ്ങൾക്ക് വിധേയരായി നടക്കുന്നു. ഉദാഹരണം, കോപാന്ധനായിക്കൊണ്ട് എന്തെങ്കിലും പ്രവൃത്തി അവനിൽനിന്നുണ്ടാകുന്നതിന്റെ ഫലമായി കേസും വഴക്കും, അടിപിടിയും ഉണ്ടാകുന്നു. എന്നാൽ, അല്ലാഹുവിന്റെ ഗ്രന്ഥത്തിൽനിന്ന് പരിഹാരം കിട്ടാതെ സമാധാനം ലഭിക്കുകയില്ലെന്ന് കരുതുന്നവൻ എല്ലാ കാര്യത്തിലും അല്ലാഹുവിന്റെ ഗ്രന്ഥത്തിലേക്കുതന്നെ മടങ്ങുന്നതാണ്. അത്തരം ഘട്ടങ്ങളിൽ അല്ലാഹുവിന്റെ ഗ്രന്ഥം അവന് പരിഹാരം നൽകുമെന്ന കാര്യം ഉറപ്പാണ്. അല്ലാഹു പറയുന്നു:*വലാ റത്ബിൻ വ്വലാ യാബിസിൻ ഇല്ലാ ഫീ കിതാബിൻ മ്മുബീൻ* പച്ചയോ ഉണങ്ങിയതോ ആയ ഒരു വസ്തുവും സ്പഷ്ടമായ ഒരു ഗ്രന്ഥത്തിൽ രേഖപ്പെടുത്താതെയില്ല. (6:60)

അല്ലാഹുവിന്റെ ഗ്രന്ഥത്തിൽനിന്ന് അഭിപ്രായം തേടുമെന്ന് നമ്മൾ തീരുമാനിച്ചാൽ നമുക്ക് തീർച്ചയായും അഭിപ്രായം കിട്ടും. എന്നാൽ, വിഷയേച്ഛകൾക്ക് വശംവദനായവൻ നഷ്ടത്തിലാകുകതന്നെ ചെയ്യും. ചിലപ്പോൾ അവൻ ഇവിടെ തന്നെ പിടിക്കപ്പെടും. അതുകൊണ്ട് അല്ലാഹു പറയുന്നു: എന്നോട് സംസാരിക്കുകയും എന്നോടൊപ്പം നടക്കുകയും ചെയ്യുന്ന വലിയ്യ് അതിൽ ലയിച്ചിരിക്കുകയാണ്. ലയനത്തിൽ എത്രകണ്ട് കുറവു വരുന്നുവോ അത്രകണ്ട് അവൻ അല്ലാഹുവിൽനിന്നകലെയാണ്. എന്നാൽ, അല്ലാഹു പറഞ്ഞതു പ്രകാരമുള്ള ലയനമാണെങ്കിൽ പിന്നെ അവന്റെ ഈമാന് അളവില്ല. അവനെ പിന്തുണച്ചുകൊണ്ട് അല്ലാഹു പറയുന്നു: *മൻ ആദ ലീ വലിയ്യൻ ഫഖദ് ആദൻതുഹൂ ബിൽ ഹർബി*(അൽഹദീഥ്) എന്റെ വലിയ്യോടു പോരാടുന്നവൻ എനിക്കെതിരെ പോരാടുന്നവനാണ്. മുത്തഖിയുടെ സ്ഥാനം എത്രമാത്രം ഉന്നതമാണെന്ന് ഇനി നിങ്ങൾ നോക്കുക. അവന്റെ സാമീപ്യം അല്ലാഹുവിന്റെ തിരുസന്നിധിയിൽ എന്താണെന്നുവെച്ചാൽ, അവനെ ബുദ്ധിമുട്ടിക്കുകയെന്നാൽ അത് അല്ലാഹുവിനെ ബുദ്ധിമുട്ടിക്കലായിത്തീരുന്നു. ആ സ്ഥിതിയിൽ അല്ലാഹു അവന്റെ എത്ര വലിയ സഹായിയായിരിക്കും?' (മൽഫൂദാത്ത് വാള്യം 1 പേജ് 8–10)

**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

## സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസിന്റെ ഡന്മാർക്ക്-സ്വീഡൻ പര്യടനം 2016 മെയ്

## (റിപ്പോർട്ട് കഴിഞ്ഞ ലക്കം തുടർച്ച.....)

ഹുദൂർ : ഇതിനു പുറമെയും പല ആകർഷണീയമായ വസ്തുക്കളുമുണ്ട്. ഉദാഹരണത്തിന് നിങ്ങൾ പോരാടി മരിക്കുകയാണെങ്കിൽ നിങ്ങൾക്കു സ്വർഗം കിട്ടും തുടങ്ങിയ വാഗ്ദാനങ്ങൾ. പക്ഷേ, ഇത് ഇസ്‌ലാമിക അധ്യാപനങ്ങളല്ല. ഈ ആളുകൾ അവയെ വിശുദ്ധ ഖുർആൻ തെറ്റായി വ്യഖ്യാനിച്ച് ഭീകരപ്രവർത്തനമാക്കുകയാണ് ചെയ്യുന്നത്. ആളുകളെ തങ്ങളുടെ കീഴിൽ കൊണ്ടുവരികയാണ്. അവർ സ്വയം ഉണ്ടാക്കിയെടുത്ത അധ്യാപനങ്ങളനുസരിച്ച് കർമങ്ങൾ ചെയ്യിക്കുകയാണ്. ISISൽ നിന്ന് രക്ഷപ്പെട്ട് പുറത്തുവന്ന യുവാക്കളുടെ ഒരു വിഭാഗമുണ്ട്. തങ്ങൾ ഇസ്‌ലാമിനെ കുറിച്ച് പഠിക്കുമെന്നും ഇസ്‌ലാമിനു സേവനം ചെയ്യുമെന്നുമുള്ള സദുദ്ദേശ്യത്തോടെയാണ് അവിടെ പോയതെന്നും പക്ഷേ, അവിടെ അക്രമവും ദ്രോഹവുമല്ലാതെ മറ്റൊന്നു കണ്ടില്ലെന്നും അവർ പറയുന്നു. അതിനാൽ ഈ യുവാക്കളെ radiculise ചെയ്യുകയാണെങ്കിൽ ഭരണകൂടവും ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്തിനാണ് അവരെ radiculise ചെയ്യുന്നതെന്ന് നോക്കുക. അതിന്റെ കാരണങ്ങളെന്താണ്? ഇപ്പോൾ അവിടെ പോയ രാഷ്ട്രീയ നിരീക്ഷകരും പത്രപ്രതിനിധികളും പറയുന്നത് ഈ നടപടികൾ കൈകൊണ്ടാൽ യുവതലമുറയെ തിരികെ കൊണ്ടുവരാൻ സാധിക്കുമെന്നാണ്. ഞാൻ പറഞ്ഞതുപോലെ radiculise ചെയ്തുകൊണ്ടിരിക്കുന്നത് ഇസ്‌ലാമികധ്യാപനങ്ങൾക്ക് വിരുദ്ധമായ കാര്യങ്ങളാണ്. ഏറ്റവുമധികം അക്രമവും ദ്രോഹവും അനുഭവിച്ചവരുടെ ബന്ധം ആഫ്രിക്ക, ഏഷ്യാ, ലോകത്തിലെ മറ്റു ചില ഭാഗത്തുനിന്നു വന്നിട്ടുള്ള വാസികളല്ലെന്നും പ്രത്യുത തദ്ദേശയൂറോപ്യൻ വാസികളാണെന്നും പറയപ്പെടുന്നുണ്ട്.അങ്ങനെ എന്തുകൊണ്ടുണ്ടാകുന്നുവെന്ന് നമ്മൾ നോക്കേണ്ടതാണ്. മറുഭാഗത്ത് അഹ്മദി യുവാക്കൾ ഈ ഭീകരപ്രവർത്തകരുടെ കൈകളിൽ radiculise ചെയ്യപ്പെടുന്നില്ല എന്നതും നോക്കേണ്ടതാണ്. കാരണം ഞങ്ങളുടെ അധ്യാപനങ്ങൾതന്നെയാണ് യഥാർഥ ഇസ്‌ലാമികാധ്യാപനങ്ങൾ. യഥാർഥ ഇസ്‌ലാമെന്താണെന്ന് ഞങ്ങൾ അവർക്ക് ചെറുപ്പം മുതലെ പറഞ്ഞു കൊടുക്കുന്നു.

പ്രതിനിധി: ISISൽ ചേരുന്നത് നിയമവിരുദ്ധമായി സ്വീഡനിൽ നിയമം ഉണ്ടാക്കിയിരിക്കുന്നു. അതായത് ആരാണോ ISIS വിട്ട് മടങ്ങി വരാനാഗ്രഹിക്കുന്നത് അവർക്ക് നന്നാകാനുള്ള വഴി തടഞ്ഞിരിക്കുന്നു. അത്തരം യുവാക്കൾക്ക് മാപ്പു കൊടുക്കേണ്ടതാണോ?

ഹുദൂർ: ആരെങ്കിലും അവിടെ ദുരുദ്ദേശ്യത്തോടെ പോയിട്ടുണ്ടെങ്കിൽ അയാൾക്ക് നിയമത്തിന്റെ മുന്നിൽ വരേണ്ടിവരും. അവിടെ അയാൾ ഏതു ഉദ്ദേശ്യത്തോടെയാണ് പോയതെന്ന് നോക്കേണ്ടത് നിയമത്തിന്റേയും കോടതിയുടേയും ജോലിയാണ്; അയാൾക്ക് നന്നാകാൻ ഒരു അവസരം കിട്ടേണ്ടതാണോ? അല്ല ശിക്ഷ ലഭിക്കണമോ?

പ്രതിനിധി: ഇവിടെ സ്ത്രീകൾക്ക് ഹസ്തദാനം ചെയ്യുന്നതിനെ കുറിച്ചുള്ള ചർച നടന്നുവരികയാണ്. ചിലരുടെ പക്കൽ താങ്കൾ സ്ത്രീകൾക്ക് കൈകൊടുക്കുന്നില്ലെങ്കിൽ അതിന്റെ ഉദ്ദേശ്യം താങ്കൾ അവരെ ആദരിക്കുന്നില്ലെന്നാണ്. അങ്ങയുടെ വീക്ഷണം എന്താണ്?

ഹുദൂർ: ഞാൻ സ്ത്രീകൾക്ക് കൈ കൊടുക്കുന്നില്ലെങ്കിൽ എന്റെ മനസ്സിൽ എന്താണുള്ളതെന്ന് താങ്കൾക്കെങ്ങനെ അറിയാം. ഞാൻ സ്ത്രീകൾക്ക് കൈകൊടുക്കുന്നില്ലെങ്കിൽ ഞാനെന്റെ മതാധ്യാപനങ്ങളുടെയും പാരമ്പര്യങ്ങളുടെയും അടിസ്ഥാനത്തിലാണ് അങ്ങനെ ചെയ്യുന്നത്. ഇതു വളരെ നിസാരമായ കാര്യമാണ്. അതിനെ പെരുപ്പിച്ചുകാണിച്ചിരിക്കുകയാണ്. എനിക്ക് മനസ്സിലാകുന്നില്ല, ഒരു പുരുഷൻ സ്ത്രീക്ക് കൈ കൊടുക്കുന്നില്ലെങ്കിൽ അതുമുഖേന രാജ്യത്തിന്റെ അഭിവൃദ്ധിക്ക് എന്തുകോട്ടം തട്ടാനാണ്? അതല്ല ഈ പ്രവൃത്തി രാജ്യത്തിന്റെ അഭിവൃദ്ധിക്ക് നല്ലതായിരിക്കുമോ? ഇക്കാര്യങ്ങളുടെ ബന്ധം അതിന്റെ സത്തയുമായിട്ടാണ്. രാഷ്ട്രീയക്കാരും രാഷ്ട്രീയനേതാക്കന്മാരും ഇക്കാര്യങ്ങളിൽ എന്തിനാണ് ഇടപെടുന്നത്? ഇതിനേക്കാൾ സങ്കീർണമായ ആയിരക്കണക്കിന് കാര്യങ്ങളുണ്ട്. ആയിരക്കണക്കിനാളുകൾ വിശന്നു മരിക്കുന്നു. എത്രത്തോളമെന്നാൽ, ഇവിടെ സ്വീഡനിലും വൻതോതിൽ ജനങ്ങൾ ദാരിദ്രരേഖയുടെ താഴെയുള്ളവരാണ്. ആ പട്ടിണിപ്പാവങ്ങൾക്ക് ഭക്ഷണം കൊടുക്കുന്നതിനെകുറിച്ച് നിങ്ങൾ എന്തുകൊണ്ടു വിഷമിക്കുന്നില്ല? അത്തരമാളുകൾക്ക് തൊഴിൽ അവസരങ്ങൾ എന്തുകൊണ്ടു ലഭ്യമാക്കുന്നില്ല? സ്ത്രീകൾക്കു കൈകൊടുക്കുക എന്നത് വലിയ പ്രശ്നമൊന്നുമല്ല. യഥാർഥ പ്രശ്നം ഞാൻ ഈ പറഞ്ഞതാണ്. അവരെ കുറിച്ച് എന്തുകൊണ്ട് ചർച്ച നടക്കുന്നില്ല.? ആളുകൾ എച്ചിൽ കുമ്പാരത്തിൽ പോയി ഭക്ഷണം തിരഞ്ഞു നടന്നതെന്തിനാണ്?

പ്രതിനിധി: താങ്കൾ സ്ത്രീകൾക്ക് കൈ കൊടുക്കാറുണ്ടോ?

ഹുദൂർ: ഞാൻ സ്ത്രീകൾക്ക് കൈകൊടുക്കാറില്ല. കാരണം ഞാനൊരു മതനേതാവാണ്. ഞാൻ എന്റെ മതാധ്യാപനങ്ങളേയും പാരമ്പര്യങ്ങളേയുമാണ് പിൻപറ്റുന്നത്. ലോകത്ത് ഒരുപാട് മതങ്ങളും ഗോത്രങ്ങളുമുണ്ട്. അവർക്ക് അഭിവാദ്യം ചെയ്യുന്നതിന് അവരുടേതായ രീതികളുണ്ട്; കൈകൊടുക്കാറില്ല. ഹിന്ദുക്കൾക്ക് അവരുടേതായ രീതിയുണ്ട്. കൈകൾ കൂപ്പി നമസ്തേ പറയുന്നു. ജപ്പാൻകാർക്ക് അവരുടേതായ രീതിയുണ്ട്. അവർ കേവലം കുനിയുന്നു. ആഫ്രിക്കയിലും കൈകൊടുക്കാത്തതായ ചില ചീഫുമാരുണ്ട്. മറ്റുള്ളവരുടെ സാന്നിധ്യത്തിൽ ഭക്ഷണം കഴിക്കാറില്ല. അതെല്ലാം തെറ്റാണെന്ന് നമുക്ക് പറയാനൊക്കുകയില്ല. ഞാൻ രാജ്യനിയമമനുസരിച്ച് പ്രവൃത്തിക്കുകയാണെങ്കിൽ, ഞാനെന്റെ രാജ്യത്തെ സ്നേഹിക്കുകയാണെങ്കിൽ, രാജ്യത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി പ്രവൃത്തിക്കാൻ ശ്രമിക്കുകയാണെങ്കിൽ, അതിനുവേണ്ടി എല്ലാ കഴിവുകളും ശക്തികളും ഉപയോഗിക്കുകയാണെങ്കിൽ, എന്നെ ആരും സമൂഹത്തിൽനിന്ന് വേർപ്പെട്ടവനാണെന്ന് മനസ്സിലാക്കുകയില്ല. രാജ്യത്തോടു കൂറു പുലർത്തുന്നുവെന്ന് പ്രകടിപ്പിക്കാൻ സ്ത്രീകൾക്ക് കൈകൊടുക്കേണ്ടതോ മദ്യപിക്കേണ്ടതോ നിർബന്ധമല്ല. മദ്യപിക്കാത്ത ധാരാളം ക്രിസ്ത്യാനികളുണ്ട്. അല്ലെങ്കിൽ അവർ മദ്യശാലകളിൽ പോകുന്നില്ല. അതിന്റെ അർഥം അവർ സമൂഹത്തിന്റെ ഭാഗമല്ലെന്നല്ല. യഹൂദികളിൽ സ്ത്രീകൾ പുരുഷന്മാർക്ക് കൈകൊടുക്കുന്നത് വിലക്കിയിട്ടുണ്ട്. അവർ അതനുസരിച്ച് പ്രവർത്തിക്കുന്നുണ്ടോ എന്നത് മറ്റൊരു വിഷയമാണ്. ഇതേ പണി ഒരു യഹൂദി ചെയ്യുകയാണെങ്കിൽ നിങ്ങൾ അതിനെ വലിയൊരു പ്രശ്നമാക്കുകയില്ല. അതിനെതിരിൽ സംസാരിക്കുന്നവരെ anti-semitism എന്ന പേരു നല്കുന്നു. പക്ഷേ, ഇതൊരു മുസ്‌ലിമാണ് ചെയ്തത്. അതുകൊണ്ട് എല്ലാവരും വെപ്രാളപ്പെടുകയാണ്.

പ്രതിനിധി: radical Islam, സ്ത്രീകൾക്ക് കൈകൊടുക്കൽ, അല്ലെങ്കിൽ കൊടുക്കാതിരിക്കൽ തുടങ്ങിയ ചോദ്യങ്ങൾകൊണ്ട് താങ്കൾ ക്ഷീണിച്ചിട്ടുണ്ടാകും.?

ഹുദൂർ: ഇസ്‌ലാമിനെ റാഡിക്കൽ എന്നു പറയുന്നതും ഇല്ലെങ്കിൽ ഇസ്‌ലാം റാഡിക്കൽ ആണെന്നതും വലിയൊരു പ്രശ്നമാണ്. അതുമുഖേന ലോകത്തിന്റെ സമാധാനം തകർന്നുകൊണ്ടിരിക്കുന്നു. ഏതെങ്കിലും സ്വീഡിഷ് മുസ്‌ലിം radicalise ആകുകയാണെങ്കിൽ അതു കേവലം സ്വീഡനെ മാത്രമല്ല വിഷമിപ്പിക്കുന്നത്. പ്രത്യുത ലോകത്തിലെ ഏതു രാജ്യത്തിനും അതു ഭീഷണിയാണ്. ഇവിടെനിന്ന് ഒരു സ്വീഡൻകാരൻ ബ്രസീലിൽ പോയി. ഇനി മാൽമോയിൽ ഒരാൾ radicalise ആകുകയാണെങ്കിൽ അയാൾ മാൽമോക്കാർക്കു മാത്രമല്ല, ഭീഷണി. മറിച്ച് മുഴുലോകത്തിനുമാണ്. ദക്ഷിണാഫ്രിക്കയിലോ ദക്ഷിണ അമേരിക്കയിലോ ആരെങ്കിലും റാഡിക്കലൈസ് ആകുകയാണെങ്കിൽ അവൻ ലോകത്തിലെ എല്ലാ രാജ്യത്തിനും ഭീഷണിയാണ്. ഇറാനിൽനിന്ന്, ഉർദനിൽനിന്ന്, സിറിയയിൽനിന്ന് മിസ്വറിൽനിന്ന് ആരെങ്കിലും റാഡിക്കലൈസ് ആകുകയാണെങ്കിൽ അവൻ മുഴുലോകത്തിനും ഭീഷണിയാണ്. ഇതൊരു വലിയ പ്രശ്നം തന്നെയാണ്. ഇത് വിവിധ മാർഗങ്ങളിലൂടെ പരിഹരിക്കേണ്ടിവരും അതുകൊണ്ട് ഇതിനെ സ്ത്രീകൾക്ക് കൈകൊടുക്കുന്ന പ്രശ്നവുമായി താരതമ്യം ചെയ്യാൻ പറ്റുകയില്ല. രാഷ്ട്രീയക്കാർ ഈ പ്രശ്നം ഉയർത്തിയിട്ടുള്ളത് ആളുകളുടെ ശ്രദ്ധ തിരിച്ചുവിടാനാണ്.

പ്രതിനിധി: സ്വവർഗരതിയെ കുറിച്ച് താങ്കളുടെ വീക്ഷണമെന്താണ്? സ്വവർഗരതിക്കാരന് ഈ മസ്ജിദിൽ വരാൻ അനുവാദമുണ്ടോ?

ഹുദൂർ: വിശുദ്ധ ഖുർആനെ അപേക്ഷിച്ച് ബൈബിളിൽ സ്വവർഗരതിയെ സംബന്ധിച്ച് കൂടുതൽ കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. നിങ്ങൾ യഥാർഥ നിലയിൽ ക്രൈസ്തവ അധ്യാപനമനുസരിച്ച് പ്രവൃത്തിക്കുന്നയാളാണെങ്കിൽ താങ്കൾ ഈ ചെയ്തി ഇഷ്ടപ്പെടുകയില്ല. ലൂത്തിന്റെ ജനതയുടെ ഗതിയും നിങ്ങൾ കണ്ടിട്ടുണ്ട്. അവർ ശിക്ഷിക്കപ്പെട്ടു. നശിപ്പിക്കപ്പെട്ടു. അതിന്റെ വിശദീകരണം ബൈബിളിലും വിവരിക്കപ്പെട്ടിട്ടുണ്ട്. നിങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നുണ്ടെങ്കിൽ, ബൈബിളിൽ എഴുതിയിട്ടുള്ളതെല്ലാം സത്യമാണെന്ന് കരുതുന്നുവെങ്കിൽ ഇക്കൂട്ടർ തങ്ങളുടെ ദുഷ്കർമങ്ങളുടെ ഫലമായി നശിപ്പിക്കപ്പെടുമെന്ന് വിശ്വസിക്കുന്നെങ്കിൽ ഇക്കാലഘട്ടത്തിലെ ആളുകൾക്ക് ശിക്ഷ എന്തുകൊണ്ട് ലഭിക്കുന്നില്ല? രണ്ടാമത്തെ കാര്യം ആരെങ്കിലും സ്വവർഗരതിക്കാരനാണെങ്കിൽ അവനെന്തിനാണത് പരസ്യപ്പെടുത്തുന്നത്? താൻ സ്വവർഗരതിക്കാരനാണെന്ന് ആരെങ്കിലും പരസ്യമായി പറഞ്ഞാലും അയാൾ മസ്ജിദിൽ വരുന്നതിൽനിന്ന് ഞാൻ തടയുകയില്ല. എന്നല്ല അയാളോടു സഹതാപത്തോടെ പെരുമാറി അദ്ദേഹത്തിന്റെ ഉള്ളിൽ മാറ്റമുണ്ടാക്കണമെന്ന് തീർചയായും ഞാൻ പറയുന്നതായിരിക്കും. ഇല്ലെങ്കിൽ ഖുർആനിന്റെയും ബൈബിളിന്റെയും അധ്യാപനങ്ങളനുസരിച്ച് അവന് അല്ലാഹുവിൽ

നിന്ന് നാശവും ശിക്ഷയും കിട്ടുമെന്നുപറയും. ഇപ്പോൾ മനഃശാസ്ത്ര വിദഗ്ധരും ഇതൊരു മാനസികരോഗമാണെന്ന് അംഗീകരിക്കുന്നുണ്ട്. അതിന് ചികിത്സയുണ്ടെന്ന് അവർ പറയുന്നു. എന്നാൽ, സ്വവർഗരതിയെ സംബന്ധിച്ച് ഉണ്ടാക്കപ്പെടുന്ന നിയമങ്ങൾ കാരണത്താൽ അവർ നിശബ്ദരാണ്. ഈ നിയമങ്ങൾ ഇല്ലാതിരുന്ന കാലത്തും സ്വവർഗരതി ഉണ്ടായിരുന്നു. എന്നാൽ, അത്തരക്കാർ ചെറുപ്പത്തിൽ എന്തോ മാനസികപ്രശ്നമുണ്ടായിരുന്നവരായിരുന്നു. അതുകൊണ്ടാണ് അവർ അങ്ങനെയായിത്തീർന്നത്. പക്ഷേ, വിവിധ അസംബ്ലികളിൽ നിയമങ്ങൾ പാസാക്കപ്പെട്ടതിനു ശേഷം കുട്ടിക്കാലത്ത് മാനസിക പ്രശ്നങ്ങളൊന്നും ഇല്ലാതിരുന്നവരും സ്വവർഗരതിക്കാർക്ക് വിധേയരായിക്കൊണ്ടിരിക്കുന്നു. വെറും കാമപൂർത്തീകരണത്തിനു വേണ്ടി അതിലേക്കു വന്നുകൊണ്ടിരിക്കുന്നു. നിങ്ങൾ സ്വവർഗരതിയുടെ ഡാറ്റ നോക്കുകയാണെങ്കിൽ നാൽപത് അമ്പത് വർഷത്തിലെത്തുന്നവർക്ക് പ്രശ്നങ്ങൾ ഉണ്ടാകാൻ തുടങ്ങുന്നതായി നിങ്ങൾക്കു കാണാൻ കഴിയും. അപ്പോൾ അവർ തങ്ങളുടെ പാർട്ട്ണർമാരെ ഉപേക്ഷിക്കാൻ ആഗഹിക്കുന്നു. ചിലർ വലിയ പ്രായത്തിൽ സ്വവർഗരതി ക്ലബ്ബുകളിൽ ചേരുന്നു. അവരിൽ ചിലർ വിവാഹിതരാണ്. അവരുടെ ഭാര്യമാരും വിഷമിക്കുന്നു. ഇവർ തങ്ങളുടെ ദാമ്പത്യ ജീവിതത്തെ തകർത്തുവെന്ന് അവർ പറയുന്നു. അവർ അതിനുമുമ്പേ സ്വവർഗരതിയി ലേക്ക് പോകണമെന്ന് ഒരിക്കലും ചിന്തിച്ചിട്ടുണ്ടാകുകയില്ല. പക്ഷേ, ഇപ്പോൾ കാമവികാരം അടക്കുന്നതിനുവേണ്ടി മാത്രം സ്വവർഗരതി ക്ലബ്ബുകളിൽ പോകാൻ തുടങ്ങി.

പ്രതിനിധി: ഇതു കേവലം മതവിശ്വാസികൾക്കു വേണ്ടി മാത്രമാണോ? പക്ഷേ, ധാരാളമാളുകൾ മതത്തിൽ വിശ്വസിക്കാത്തവരായിട്ടുണ്ട്?

ഹുദൂർ: മുസ്ലിംകളായിട്ടുള്ള ചില സ്വവർഗരതിക്കാരെ എനിക്കറിയാം. നിങ്ങൾ ചികിത്സിക്കാൻ അവരോടു പറഞ്ഞപ്പോൾ ആ ചികിത്സ കൊണ്ട് അവർ സുഖപ്പെട്ടു. അവർ സ്വവർഗരതി പാർട്ടണറിൽ നിന്ന് തങ്ങളുടെ കാമവാസന പൂർണമായും ഉപേക്ഷിച്ചു. പിന്നീട് വിവാഹം കഴിച്ചു. ഇപ്പോൾ അവർ തങ്ങളുടെ ഭാര്യമാരുമായി ജീവിക്കുന്നതിൽ സന്തുഷ്ടരാണ്.

പ്രതിനിധി: അത്തരക്കാരെകുറിച്ച് അങ്ങയുടെ ധാരണയെന്താണ്?

ഹുദൂർ: ഞാൻ അവരുമായി സഹതാപത്തോടെ പെരുമാറുന്നു. അല്ലാഹു അത്തരക്കാരെ ശിക്ഷിക്കുമെന്ന് എനിക്ക് അറിയുന്നതുകൊണ്ട് ഞാൻ അവരോടുള്ള സഹതാപം കാരണത്താൽ അവർക്കു മനസ്സിലാക്കിക്കൊടുക്കാൻ ശ്രമിക്കുന്നു. അക്കാരണത്താൽ വെറുക്കുന്നില്ല. അവരിൽ ആരെങ്കിലും ഞങ്ങളുടെ മസ്ജിദിൽ വന്ന് പ്രാർഥിക്കാനാഗ്രഹിക്കുന്നെങ്കിൽ അവർക്ക് വരാവുന്നതാണ്. ഞാൻ അവരെ മസ്ജിദിൽ വരുന്നതിൽ നിന്ന് തടയുകയില്ല. താങ്കൾ സ്വവർഗരതിക്കാരനല്ലെങ്കിൽ സ്ത്രീകളുമായി ബന്ധം വെക്കുന്ന ആളാണെങ്കിൽ താങ്കൾ നടുറോഡിൽ അത്തരം കാര്യം ചെയ്യുമോ? ഞാനിങ്ങനെ ചെയ്യുമെന്ന് പറഞ്ഞ് ചുറ്റിക്കറങ്ങി നടക്കുമോ? നിങ്ങൾ പരസ്യപ്പെടുത്തുന്നില്ലെങ്കിൽ, സ്വവർഗരതിയെ കുറിച്ച് ഇത്രമാത്രം ബഹളമുണ്ടാക്കേണ്ട ആവശ്യമെന്താണ്? എനിക്കെന്റെ ഭാര്യയുമായോ സ്നേഹിതനുമായോ പങ്കുകാരനുമായോ ശാരീരികബന്ധത്തിലേർപ്പെടുന്നത് എന്റെ അവകാശമാണെന്നോ ഞാൻ അങ്ങനെ ചെയ്യുന്നുവെന്നോ ആരും പറയുകയില്ല. അതെവിടെയും പരസ്യപ്പെടുത്തുകയില്ല. ഇല്ലെങ്കിൽ ഏതെങ്കിലും പത്രത്തിൽ പ്രസിദ്ധീകരിക്കുകയില്ല.

പ്രതിനിധി: അഹ്മദികൾ ആധുനിക സമൂഹമനുസരിച്ച് തങ്ങളെ വാർത്തെടുക്കേണ്ടത് നിർബന്ധമാണെന്ന് താങ്കൾ മനസ്സിലാക്കുന്നുണ്ടോ?

ഹുദൂർ : മതം അതിന്റെ അധ്യാപനങ്ങളനുസരിച്ച് പ്രവർത്തിപ്പിക്കാനാണ് വരുന്നതെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. മറ്റുള്ളവരുടെ ചിന്താഗതികളും പാരമ്പര്യങ്ങളുമനുസരിച്ച് പ്രവർത്തിപ്പിക്കാനല്ല. ആത്മീയത ഇല്ലാതായപ്പോഴാണ് എല്ലാ നബിമാരും വന്നത്. ഇതേ അവസ്ഥയാണ് ഇപ്പോഴുള്ളത്. ഈയിടെയായി നമ്മൾ അപരിമിതമായി ഭൗതികതയിലേക്ക് ചാഞ്ഞു കഴിഞ്ഞിരിക്കുകയാണ്. ആത്മീയതയും മതവും ഇരുട്ടിന് ഇരയായി കഴിഞ്ഞിരിക്കുന്നു. ഇതിനെ കുറിച്ച് ആരും ചിന്തിക്കുന്നില്ല. ദൈവത്തിനോടുള്ള കടമകളും സൃഷ്ടികളോടുള്ള കടമകളും നിറവേറ്റാൻ നമുക്ക് മനുഷ്യകുലത്തെ മുഴുവൻ അവരുടെ സ്രഷ്ടാവിന്റെ അടുത്തുകൊണ്ടുവരണമെന്ന് പറയുന്നത് അഹ്മദിയ്യാ ജമാഅത്തുമാത്രമാണ്. അതിനാൽ ഞാൻ എല്ലാവരോടും സഹതാപത്തോടെ പെരുമാറുന്നു. ആരെയും ഞാൻ വെറുക്കുന്നില്ല. ഞാൻ ഏതെങ്കിലും കാര്യത്തെ വെറുക്കുന്നുവെങ്കിൽ അത് അയാളുടെ പ്രവൃത്തിയെ ആയിരിക്കും. അയാളെയല്ല. മോഷ്ടാവാണ്, കൊലപാതകിയാണ് എങ്കിൽ അയാൾ ചെയ്യുന്ന പ്രവൃത്തിയെയാണ് ഞാൻ വെറുക്കുന്നത്. അയാളെ ഞാൻ വെറുക്കുന്നില്ല. അയാൾ നന്നാകുന്നതിനു വേണ്ടി ഞാൻ പ്രാർഥിക്കുന്നു; എല്ലാ ചീത്തക്കാര്യങ്ങളിൽ നിന്ന് പശ്ചാത്തപിച്ചു മടങ്ങുന്നതിനും. ഇതാണ് എന്റെ മതം. ഈ മതത്തെയാണ് നമ്മൾ പ്രചരിപ്പിക്കേണ്ടത്. വിശുദ്ധ ഖുർആൻ പറയുന്നു: മതവിശ്വാസകാര്യത്തിൽ ഒരു നിർബന്ധവുമില്ല. നിങ്ങൾ അത് വിശ്വസിക്കുകയാണെങ്കിൽ വളരെ നല്ല കാര്യമാണ്. വിശ്വസിക്കുന്നില്ലെങ്കിൽ നിങ്ങളുടെ ഇഷ്ടമാണ്. നിങ്ങൾ സ്വതന്ത്രരാണ്. അതിനോടൊപ്പം നമ്മളെല്ലാവരും മനുഷ്യരാണ്. ഏതെങ്കിലും കാര്യത്തെ വിശ്വസിക്കുകയോ നിഷേധിക്കുകയോ ചെയ്യാറുണ്ട്. എന്നാൽ, മനുഷ്യൻ എന്ന നിലയിൽ നമ്മളെല്ലാം സുഹൃത്ത്പരമായ നിലയിൽ ഇടപഴകി ജീവിക്കേണ്ടതാണ്. സമൂഹത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി പ്രവൃത്തിക്കേണ്ടതാണ്.

പ്രതിനിധി: പത്രങ്ങളിൽ അങ്ങയെ "മുസ്ലിം പോപ്പ്" എന്നും പറയുന്നുണ്ട്. ഇതിനെകുറിച്ച് എന്താണ് താങ്കൾ പറയുന്നത്?

ഹുദൂർ: നിങ്ങളെന്നെ "മുസ്ലിം പോപ്പ്" എന്ന് വിളിക്കുന്നെങ്കിൽ അത് താങ്കളുടെ ഇഷ്ടമാണ്. ഞാനെന്റെ സാങ്കേതികത്വം ഉപയോഗിക്കുകയാണെങ്കിൽ കത്തോലിക്കൻ പോപ്പിനെ ക്രിസ്ത്യൻ ഖലീഫ എന്നു പറയുന്നതായിരിക്കും. (ഇത് വെറും സാങ്കേതിക പദവിയാണ്)

പ്രതിനിധി: താങ്കൾ കത്തോലിക്കൻ പോപ്പുമായി കൂടിക്കാഴ്ച്ച നടത്തിയിട്ടുണ്ടോ?

ഹുദൂർ: ഞാനൊരിക്കലും കൂടിക്കാഴ്ച്ച നടത്തിയിട്ടില്ല. പക്ഷേ, എനിക്ക് പോപ്പിന്റെ പ്രസംഗങ്ങളും വാക്യങ്ങളും ഇഷ്ടമാണ്.

ഈ അഭിമുഖത്തിനുശേഷം പത്രപ്രതിനിധി ഹുദൂറിന് നന്ദി പറഞ്ഞു. (തുടരും)

---

(പേജ് 12ൽനിന്ന്)

നിന്റെ അനുഗൃഹീത മാസമാണ്. എന്നാൽ, ഞാൻ ആ അനുഗ്രഹത്തെ ഉൾക്കൊള്ളാൻ സാധിക്കാതെ നഷ്ടപ്രാപ്തനായിരിക്കുകയാണ്. അടുത്തവർഷവും ഞാൻ ജീവനോടുകൂടി ഇരിക്കുമോ ഇല്ലയോ? ഒഴിഞ്ഞുപോയ നോമ്പുകൾ നോറ്റുവീട്ടാൻ എനിക്കു സാധിക്കുമോ ഇല്ലയോ എന്നാർക്കറിയാം?"

ഇങ്ങനെ അല്ലാഹുവിനോട് തൗഫീഖ് ആവശ്യപ്പെടുകയാണെങ്കിൽ അങ്ങനെയുള്ള ഹൃദയങ്ങൾക്ക് അല്ലാഹു തീർച്ചയായും തൗഫീഖ് നൽകും എന്നെനിക്ക് ഉറച്ച വിശ്വാസമുണ്ട്.

ഈ അവസ്ഥയിൽ ഒരാൾ റമളാൻ മാസത്തിൽ രോഗഗ്രസ്തനായിത്തീരുകയാണെങ്കിൽ ഈ മാസം അയാൾക്ക് അല്ലാഹുവിന്റെ കാരുണ്യത്തിനുള്ള നിദാനമായിത്തീരുന്നതാണ്. കാരണം ഓരോ പ്രവൃത്തിയുടേയും നിദാനം ഉദ്ദേശ്യത്തിലാണുള്ളത്. അവർക്കുവേണ്ടി മലക്കുകൾ വ്രതമനുഷ്ഠിക്കുന്നതാണ്.

വളരെ സൂക്ഷ്മവും നേരിയതും ആയ കാര്യമാണിത്. ഒരാൾക്ക് അയാളുടെ മനസ്സിന്റെ ആലസ്യം നിമിത്തം നോമ്പ് ഭാരമായിത്തോന്നുകയും താൻ നോമ്പനുഷ്ഠിക്കുകയാണെങ്കിൽ- ഒരുനേരത്തെ ഭക്ഷണം ഉപേക്ഷിക്കുകയാണെങ്കിൽകൂടി ഇന്നയിന്ന രോഗങ്ങൾ പിടിപെടുന്നതാണെന്ന് ശങ്കിക്കുകയും അങ്ങനെ നോമ്പ് ഉപേക്ഷിക്കുകയും ചെയ്യുകയാണെങ്കിൽ അയാൾ അല്ലാഹുവിന്റെ അനുഗ്രഹത്തെ തനിക്കു ഭാരമാണെന്ന് കരുതുകയാണ് ചെയ്യുന്നത്. അപ്പോൾ അയാൾക്ക് അല്ലാഹുവിൽ നിന്നെങ്ങനെയാണ് പ്രതിഫലം ലഭിക്കുക? എന്നാൽ, ഏതൊരാളുടെ ഹൃദയം റമളാന്റെ ആഗമനത്തിൽ ആനന്ദം അനുഭവിക്കുകയും അങ്ങനെ റമളാൻ ആഗതമായാൽ നോമ്പനുഷ്ഠിക്കുന്നതാണെന്ന് പ്രതീക്ഷിച്ചിരിക്കുകയും പക്ഷേ, തക്കസമയത്ത് രോഗകാരണം നോമ്പനുഷ്ഠിക്കാൻ സാധിക്കാത്ത നിർബന്ധിതാവസ്ഥ വന്നുപോവുകയും ചെയ്യുന്നുവോ അങ്ങനെയുള്ള ആളിനെ ഉപരിലോകത്ത് നോമ്പനുഷ്ഠിച്ചവരുടെ കൂട്ടത്തിൽ പെടുത്തുന്നതായിരിക്കും.

അല്ലാഹു, ഹൃദയത്തിൽ കുടികൊള്ളുന്ന സത്യവും ആത്മാർഥവുമായ ഉദ്ദേശ്യത്തെയാണ് വീക്ഷിക്കുന്നത്. അയാളുടെ ഹൃദയത്തിൽ വേദന വിങ്ങിപ്പൊട്ടുന്നുവെന്ന് അല്ലാഹുവിന്നറിയാം. അങ്ങനെയുള്ള ആൾക്ക് അല്ലാഹു അധികമായ പ്രതിഫലവും പുണ്യവും നൽകുന്നതാണ്. കാരണം, വേദനയോടുകൂടിയ ഹൃദയം വിലമതിക്കത്തക്കതാണ്. ഒഴികഴിവു മനഃസ്ഥിതിയുള്ള ആൾ പല വിശദീകരണങ്ങളിലും അഭയം തേടുന്നു. എന്നാൽ, അല്ലാഹുവിന്റെ പക്കൽ ഈ അഭയം നിഷ്പ്രയോജനമാണെന്നതിൽ സംശയമില്ല. ഞാൻ ആറുമാസം തുടർച്ചയായി നോമ്പനുഷ്ഠിച്ചപ്പോൾ ഒരിക്കൽ ഒരു സംഘം പ്രവാചകന്മാരെ ആത്മദർശനത്തിൽ കാണുകയുണ്ടായി. അവരെന്നോട് നിങ്ങളെന്തിനാണ് നിങ്ങളുടെ ആത്മാവിന്ന് ഇത്രയധികം പ്രയാസം നൽകുന്നത് എന്ന് ചോദിക്കുകയും ഇതിൽനിന്ന് പുറത്തുവരികയെന്ന് പറയുകയും ചെയ്തു. ഇതേ പ്രകാരം ഒരു മനുഷ്യൻ അല്ലാഹുവിനുവേണ്ടി സ്വന്തം ആത്മാവിനെ കഷ്ടത്തിലും പ്രയാസത്തിലും പെടുത്തുകയാണെങ്കിൽ അവൻ സ്നേഹമുള്ള മാതാപിതാക്കളെ പോലെ അയാളോട് കരുണകാണിച്ചുകൊണ്ട് നീ എന്തിനിങ്ങനെ കഷ്ടപ്പെടുന്നു എന്ന് ചോദിക്കുന്നതാണ്.

എന്നാൽ, ഇത്തരം പ്രയാസങ്ങളിൽനിന്ന് അനാവശ്യകാരണങ്ങൾ പറഞ്ഞ് രക്ഷനേടാൻ ശ്രമിക്കുന്നവരെ അല്ലാഹു മറ്റുവിധത്തിലുള്ള പ്രയാസങ്ങളിൽ പെടുത്തുന്നതാണ്. അതിൽനിന്ന് പുറത്തുവരാൻ അത്തരക്കാർക്ക് സാധിക്കാതെപോകും. പക്ഷേ, സ്വയം പ്രയാസങ്ങൾ ഏറ്റെടുക്കുന്നവരെ അല്ലാഹു ആ പ്രയാസങ്ങളിൽനിന്ന് പുറത്തിറക്കുന്നതാണ്. അതുകൊണ്ട് തന്റെ നഫ്സിനോട് അനുകമ്പ കാണിക്കുന്നത് അതിന്ന് നരകമായിരിക്കും. അല്ലാഹുവിൽനിന്നുള്ള അനുകമ്പയാകട്ടെ അതിന് സ്വർഗ്ഗവും!

ഹദ്റത്ത് ഇബ്റാഹിം(അ) ന്റെ സംഭവംതന്നെ നോക്കുക. സ്വയം അഗ്നിയിൽ പ്രവേശിക്കാൻ തയ്യാറായതുകൊണ്ട് അല്ലാഹു അദ്ദേഹത്തെ അഗ്നിയിൽനിന്ന് രക്ഷപ്പെടുത്തി. എന്നാൽ, അഗ്നിയിൽനിന്ന് സ്വയം രക്ഷപ്പെടാൻ ആഗ്രഹിക്കുന്നവർ അഗ്നിയിൽ ആഹൂതി ചെയ്യപ്പെടുന്നവരായിമാറും. ഇതിനാണ് ഇസ്ലാം എന്ന് പറയുന്നത്. അല്ലാഹുവിന്റെ വഴിയിൽ എന്തുതന്നെ വന്ന് ഭവിക്കുകയാണെങ്കിലും അതിനെ നിഷേധിക്കരുത്. നബി(സ)തിരുമേനി തന്റെ സ്വയം സംരക്ഷകനാവുകയും അതിനെകുറിച്ചുതന്നെ ചിന്തിച്ചുകൊണ്ടിരിക്കുകയും ചെയ്തിരുന്നെങ്കിൽ **വല്ലാഹു യഅ്സ്വിമുക്ക മിനന്നാസ്** (5:68) അല്ലാഹു നിന്നെ ജനങ്ങളിൽനിന്ന് സംരക്ഷിക്കുന്നതാണെന്ന തിരുവചനം ഇറങ്ങുമായിരുന്നില്ല.

ദൈവികസംരക്ഷണത്തിന്റെ രഹസ്യം ഇതിലാണ് അടങ്ങിയിരിക്കുന്നത്. (മൽഫൂദാത്ത് വാള്യം 4 പേജ് 256-260)

(പേജ് 2ൽനിന്ന്)

നിങ്ങളുടെ കുട്ടിയ്ക്ക് രണ്ടു വയസായി.' ജൽസയ്ക്കുശേഷം വീട്ടിലെത്തിയപ്പോൾ എന്തോ കാരണത്താൽ ജനനസർട്ടിഫിക്കറ്റിന്റെ ആവശ്യം വന്നു. അതെടുത്തു നോക്കിയപ്പോൾ അവരുടെ അത്ഭുതത്തിന് അതിരുണ്ടായിരുന്നില്ല. ഹുദൂറുമായി കൂടിക്കാഴ്ച നടത്തിയ ആ ദിവസമായിരുന്നു കുട്ടിയ്ക്ക് രണ്ടു വയസ്സ് തികഞ്ഞത്. ദുആ ചെയ്യുകയാണ്. ഏതൊരു ഉദ്ദേശ്യസാഫല്യത്തിനാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ)മുഖേന അല്ലാഹു ഈ ജമാഅത്ത് രൂപീകരിച്ചത് നമ്മൾ ആ ഉദ്ദേശ്യം കരസ്ഥമാക്കുന്നവരായിത്തീരട്ടെ. ഖിലാഫത്തുമായി യഥാർഥ നിലയിൽ ബന്ധപ്പെട്ടിരിക്കാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

ഈ സെഷനിലെ മൂന്നാമത്തെ പ്രസംഗം നാളിർ ഇസ്‌ലാഹ് വ ഇർശാദ് മഖാമീ റബ്‌വ ഹാഫിള് മുസഫ്ഫർ അഹ്മദ് സാഹിബിന്റേതായിരുന്നു. ഹദ്റത്ത് ജഅ്ഫർ ബിൻ അബീത്വാലിബിന്റേയും ഹദ്റത്ത് മീർ നാസ്വിർ നവാബ് സാഹിബിന്റേയും ജീവിത ചരിത്രമായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗവിഷയം. നബി(സ)തിരുമേനിയുടെ ക്ഷണമനുസരിച്ച് ഹദ്റത്ത് അലി(റ) ഇസ്‌ലാമിന്റെ ആരംഭകാലത്തുതന്നെ വിശ്വസിക്കാനുള്ള ഭാഗ്യം കരസ്ഥമാക്കി. അദ്ദേഹത്തിനുശേഷം അദ്ദേഹത്തിന്റെ മൂത്തസഹോദരൻ ഹദ്റത്ത് ജഅ്ഫർ(റ) തന്റെ പിതാവ് അബൂത്വാലിബിന്റെ ആംഗ്യമനുസരിച്ച് നബി(സ)തിരുമേനിയോടും തന്റെ സഹോദരനോടുമൊപ്പം നിന്ന് ആദ്യത്തെ നമസ്കാരം നിർവഹിച്ചപ്പോൾ നബി(സ)തിരുമേനി അവർക്ക് 'ദുൽ ജനാഹയ്ൻ' എന്നും 'തയ്യാർ' എന്നുമുള്ള പദവിപ്പേരു നല്കിക്കൊണ്ട് 'അല്ലാഹു താങ്കൾക്കു രണ്ടു ചിറകു് നല്കിയിരിക്കുന്നു, അതുകൊണ്ട് സ്വർഗത്തിൽ പറക്കുന്നതായിരിക്കും' എന്ന് സുവാർത്ത നല്കി. (അൽഅക്മാൽ ഫീ അസ്മാഇർരിജാൽ, ശേയ്ഖ് വലിയുദ്ദീൻ അബൂവഅബ്ദുല്ലാഹ് ഖത്വീബ് , പേജ് 170–171)

ഹദ്റത്ത് ജഅ്ഫറും നബി(സ)തിരുമേനിയുടെ നിർദേശമനുസരിച്ച് മറ്റു പീഢിതരായ മുസ്‌ലീംകളോടൊപ്പം ഹബ്ശയിലെ നീതിമാനായ ക്രിസ്തീയ രാജാവിന്റെ അടുക്കൽച്ചെന്ന് അഭയം തേടി. നബി(സ)തിരുമേനിയുടെ മദീന ഹിജ്റത്തിനുശേഷം അവസ്ഥ കുറച്ചു മെച്ചപ്പെട്ടപ്പോൾ ഹദ്റത്ത് ജഅ്ഫർ(റ) രണ്ടാമത് മദീനയിൽ ഹിജറത്തു ചെയ്യാനുള്ള ഭാഗ്യവും കരസ്ഥമാക്കി. ഹിജറ ആറാം വർഷം ഹദ്റത്ത് ജഅ്ഫറിനോടൊപ്പം ഹബ്ശയിലേക്ക് ഹിജറ പോയവരുടെ സംഘം ഖയ്ബർ വിജയത്തിന്റെ തൊട്ടടുത്ത് നബി(സ)തിരുമേനിയെ കണ്ടു. പതിനാലു വർഷത്തിനുശേഷം തന്റെ മുഹാജിറായ സഹോദരങ്ങൾ തിരിച്ചെത്തിയതിൽ നബി(സ)തിരുമേനി സ്വയം മുന്നോട്ടുവന്ന് ജഅ്ഫറിനെ വരവേറ്റു. സ്നേഹത്തോടെ ആലിംഗനം ചെയ്തു. സ്നേഹാവേശത്താൽ അദ്ദേഹത്തിന്റെ നെറ്റിയിൽ ചുംബിച്ചു. എന്നിട്ടു നബി(സ)തിരുമേനി പറഞ്ഞു: 'ഇന്നു ഞാൻ എത്രമാത്രം സന്തോഷവാനാണെന്നാൽ ഖയ്ബറിന്റെ വിജയമാണോ അതല്ല ജഅ്ഫറും കൂട്ടരും വന്നതാണോ കൂടുതൽ സന്തോഷമെന്ന് പറയാൻ പറ്റുന്നില്ല."(ഇബ്നുസഅ്ദ് വാല്യം 4, പേജ് 123)

ഹദ്റത്ത് അലി(റ) വിവരിക്കുന്നു: 'അപ്പോൾ മുതൽ ഹദ്റത്ത് ജഅ്ഫറിനെ നബി(സ)തിരുമേനി തന്റെ പ്രത്യേക ആലോചനക്കാരിൽ ഉൾപ്പെടുത്തി. ഹബ്ശയിൽനിന്ന് തിരിച്ചെത്തി ഒരു വർഷം കഴിഞ്ഞിട്ടുണ്ടാവില്ല, റോമൻ അതിർത്തിയിൽ റോമാ ചക്രവർത്തിയുടെ ഗസാനിലെ ഭരണാധികാരി ബസ്വറ രാജാവിന്റെ അടുക്കലേക്ക് പോകുകയായിരുന്ന മുസ്‌ലിം അമ്പാസിഡറെ കൊലചെയ്യിച്ചു. ഇത് മുസ്‌ലീംകൾക്കെതിരിലുള്ള യുദ്ധ വിളംബരമായിരുന്നു. മറുപടിയായുള്ള നടപടിക്ക് നബി(സ)തിരുമേനി മൂവായിരം പേരടങ്ങുന്ന ഇസ്‌ലാമിക സൈന്യത്തെ തയ്യാറാക്കി. ഇതിൽ കുടുംബപരമായി പ്രമുഖരായ പല സ്വഹാബിമാരും ഉണ്ടായിരുന്നിട്ടും നബി(സ)തിരുമേനി താൻ മോചിപ്പിച്ച അടിമയായ ഹദ്റത്ത് സയ്ദിനെ ആ സൈന്യത്തിന്റെ ഒന്നാം സൈന്യാധിപനും ഹദ്റത്ത് ജഅ്ഫറിനെ അദ്ദേഹത്തിന്റെ അസിസ്റ്റന്റുമായി നിശ്ചയിച്ചു. നബി(സ) തിരുമേനി പറഞ്ഞു:'സയ്ദ് ബിൻ ഹാരിഥ ശഹാദത്ത് വരിച്ചാൽ അമീർ ഹദ്റത്ത് ജഅ്ഫറായിരിക്കും; അതിനുശേഷം അബ്ദുല്ലാഹാ ബിൻ റവാഹ. ഹദ്റത്ത് ജഅ്ഫർ ആ യുദ്ധത്തിൽ ശഹാദത്തിന്റെ മധുപാനീയം കുടിച്ചു.

ഇസ്‌ലാമിക സൈന്യത്തിന്റെ നേതാക്കളുടെ ശഹാദത്ത് വിവരം നല്കിക്കൊണ്ട് നബി(സ) തിരുമേനി പറഞ്ഞു: "ജനങ്ങളേ! അങ്ങേയറ്റം വേദനാജനകമായ ഒരു വാർത്തയുണ്ട്. മുഅത്തയുദ്ധത്തിൽപോയ മുസ്‌ലീംകൾ ശത്രുക്കളോടു നല്ലവണ്ണം പോരാടി. സൈന്യത്തിന്റെ അമീറായിരുന്ന സയ്ദ് ബിൻ ഹാരിഥയാണ് ഏറ്റവുമാദ്യം ശഹീദായത്. അപ്പോൾ സൈന്യത്തിന്റെ പതാക ഹദ്റത്ത് ജഅ്ഫർ ബിൻ അബീത്വാലിബ് കൈയേന്തി. അദ്ദേഹവും വീറോടെ പൊരുതി. അദ്ദേഹം ദൈവവഴിയിൽ ജീവൻ ബലയർപിക്കുന്നത് ഞാനെന്റെ കണ്ണുകൊണ്ട് കണ്ടു. അദ്ദേഹത്തിനുശേഷം മൂന്നാമത്തെ അമീർ അബ്ദുല്ലാഹ് ബിൻ റവാഹയും ശഹീദായി. നബി(സ)തിരുമേനി സൈന്യത്തിന്റെ ആ അമീർമാർക്കുവേണ്ടി മഗ്ഫിറത്തിനു ദുആ ചെയ്തു. പിന്നീട് അവരുടെ ശുഭപര്യവസാനത്തെ കുറിച്ച് വിവരം നല്കിക്കൊണ്ടു പറഞ്ഞു:'എനിക്ക് ജഅ്ഫറും സയ്ദും അബ്ദുല്ലായും മുഅത്തയുടെ കൂടാരത്തിൽ അതായത് മനോഹരമായൊരു സ്ഫടികകൊട്ടാരത്തിൽ ഓരോരുത്തരും പ്രത്യേകം പ്രത്യേകം അവരവരുടെ സിംഹാസനത്തിൽ ഇരിക്കുന്ന് ദൃശ്യവും കാണിക്കപ്പെട്ടു."(മുസ്നദ് അഹ്മദ്, വാല്യം 1 പേജ് 204)

ഹദ്റത്ത് മീർ നാസ്വിർ നവാബ് സാഹിബ്(റ)ന്റെ ജീവചരിത്രത്തെ സംബന്ധിച്ച് അദ്ദേഹം പറഞ്ഞു;'അദ്ദേഹത്തിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഭാര്യപിതാവ്, ഹദ്റത്ത് സയ്യിദനുസ്വ്റത്ത് ജഹാൻ ഉമ്മുൽ മുഅ്മിനീന്റെ പിതാവ്, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അഥ്ഥാനിയുടെ മാതാമഹൻ, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അഥ്ഥാലിഥ്, അർറാബിഅ് എന്നിവരുടെ പ്രമാതാമഹൻ തുടങ്ങിയ നിലയിൽ മാഹാത്മ്യം കരസ്ഥമാണ്. മീർ സാഹിബ് ഹദ്റത്ത് ഖാജ മീർ ദർദ്(റഹ്)ന്റെ സന്താനപരമ്പരയിൽപ്പെട്ട ആളായിരുന്നു. അദ്ദേഹം ക്രിസ്ത്വബ്ദം 17–ാം നൂറ്റാണ്ടിലെ ദില്ലിയിലെ സുപ്രസിദ്ധ സ്വൂഫിയും അതിശ്രേഷ്ഠനായ ഉർദു കവിയുമായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് ഹദ്റത്ത് ഖാജ മുഹമ്മദു നാസ്വിർ(റഹ്) തന്റെ കാലത്തെ മുജദ്ദിദായിരുന്നു. 1894–ൽ മർദാനിൽനിന്ന് ദീർഘമായ അവധിയെടുത്ത് ഖാദിയാനിൽ വന്നു. പിന്നീട് പെൻഷൻ അംഗീകരിക്കപ്പെട്ടപ്പോൾ ഖാദിയാൻ വാസിയായി. തന്റെ സകല കഴിവുകളും ഹദ്റത്ത് മസീഹ് മൗഊദിൽ അർപണം ചെയ്തു. ഒരു വേതനവും പറ്റാതെ ജീവിതം ജമാഅത്തിന്റെ സേവനത്തിന് വഖ്ഫു ചെയ്തു. അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഭൂസ്വത്തുക്കളുടെ മുക്താറുമായിരുന്നു. ധനം വസൂൽ ചെയ്യുന്ന മുൻശിയും നിർമാണ പ്രവൃത്തികളുടെ എഞ്ചിനിയറും അദ്ദേഹമായിരുന്നു. വീട്ടിലെ സകല ജോലികളും അദ്ദേഹംതന്നെയാണ് നോക്കാറുണ്ടായിരുന്നത്. ഹുദൂർ യാത്രപോകുമ്പോൾ വീട്ടുകാര്യങ്ങളും അദ്ദേഹംതന്നെ നോക്കിയിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അവസാന കാലത്തെ യാത്രകളിലും കൂടെപ്പോയി സേവനം ചെയ്തു. അതായത് മീർ സാഹിബ് ഖാദിയാനിൽവന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കുടുംബപരവും സാമൂഹികവുമായ എല്ലാ കാര്യങ്ങളുടേയും പ്രൈവറ്റ് സെക്രട്ടറിയായിത്തീർന്നു. അദ്ദേഹത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് എത്രമാത്രം വിശ്വാസമായിരുന്നുവെന്നാൽ അവിടന്ന് പറയുന്നു: "മീർ സാഹിബിന്റെ ജോലികളിൽ കൈകടത്താതിരിക്കേണ്ടതാണ്."

ഈ പ്രസംഗത്തോടെ രണ്ടാം ദിവസത്തെ ആദ്യ സെഷനിലെ യോഗപരിപാടികൾ സമാപിച്ചു.

## രണ്ടാം ദിവസം രണ്ടാം സെഷൻ:

രണ്ടാം ദിവസത്തെ രണ്ടാം സെഷന്റെ കാര്യപരിപാടി വക്കീൽ അഅ്‌ലാ തഹ്‌രീക്കെ ജദീദ് ഖാദിയാൻ ബഹുമാനപ്പെട്ട മുനീർ അഹ്മദ് ഹാഫിളാബാദിയുടെ അധ്യക്ഷതയിൽ റബ്‌വ ജാമിഅ അഹ്മദിയ്യ വിദ്യാർഥി ഹാഫിള് മുസഫ്ഫർ ആലം സാഹിബിന്റെ വിശുദ്ധ ഖുർആൻ പാരായണത്തോടെ ആരംഭിച്ചു. അതിന്റെ ഉർദു തർജമ നാഇബ് നാളിർ ബയ്ത്തുൽമാൽ ആമദ് ഖാദിയാൻ അത്വാഉല്ലാഹ് നുസ്വ്റത്ത് സാഹിബ് അവതരിപ്പിച്ചു. അതിനുശേഷം ഇസ്മത്തുല്ലാഹ് സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ

ഇക് ന ഇക് ദിൻ പേശ് ഹോഗാ തൂ ഫനാ കെ സാമ്നെ
ചൽ നഹി സക്തി കിസീ കി കുച്ച് ഖുദാ കെ സാമ്നെ

മനോഹരമായ ഈണത്തിൽ ആലപിച്ചു.

തുടർന്ന് നാഇബ് നാളിർ ദഅ്‌വത്തെ ഇലല്ലാഹ് ഉത്തരേന്ത്യാ മൗലാനാ തൻവീർ അഹ്മദ് ഖാദിം സാഹിബ് 'എല്ലാവരോടു സ്നേഹം ആരോടുമില്ല വെറുപ്പ്' എന്ന ശീർഷകത്തിൽ പഞ്ചാബിയിൽ പ്രഭാഷണം നടത്തി. അദ്ദേഹത്തിന്റെ പ്രസംഗത്തിനുശേഷം രാഷ്ട്രീയ രംഗത്തും മതരംഗത്തും പ്രഗത്ഭരായ വ്യക്തികൾ തങ്ങളുടെ അഭിപ്രായങ്ങൾ പങ്കുവച്ചു. അത് താഴെ ചുരുക്കി വിവരിക്കുകയാണ്:

1. ജനാബ് സൻത് ബാബാ സുഖ്ദേവ് സിംഗ്ജി ബേദീ സാഹിബ്:

ഇദ്ദേഹം ഗുരുനാനക്കിന്റെ 16–ാം തലമുറയിൽപ്പെട്ടയാളാണ്. ഡേറബാബ നാനക്കുമായിട്ടാണ് ബന്ധം. ആദ്യം അദ്ദേഹം എല്ലാവർക്കും നന്ദി പറഞ്ഞു. അസ്സലാമു അലയ്ക്കും എന്ന ഉപഹാരം സമർപിച്ചു. അദ്ദേഹം പറഞ്ഞു: ഇവിടെ ഇന്ന് വന്നിട്ട് എനിക്ക് അതിയായ സന്തോഷം തോന്നുന്നു. ഇവിടെ കൂടിയിരിക്കുന്ന നിങ്ങൾക്കെല്ലാവർക്കും ജൽസാ ആശംസകൾ നേരുന്നു. എല്ലാ മതങ്ങളുടേയും ആദരണീയ വ്യക്തികൾ ഇവിടെ സന്നിഹിതരായിട്ടുണ്ട്. സ്നേഹം പ്രചരിപ്പിക്കുന്നതിനുള്ള നിങ്ങളുടെ പരിശ്രമം സ്തുത്യർഹമാണ്. നിങ്ങളുടെ ഈ ജൽസിൽ പങ്കെടുക്കുമ്പോൾ സമാധാനം കിട്ടുന്നു. നിങ്ങളുടെ ഈ സാഹോദര്യത്തെ അല്ലാഹു കൂടുതൽ വർധിപ്പിക്കുമാറാകട്ടെ. ലോകം ഇന്ന് വൻനാശത്തിലേക്കും അപകടാവസ്ഥയിലേക്കും അതിശീഘ്രം പൊയ്ക്കൊണ്ടിരിക്കുകയാണ്. നാലു ഭാഗത്തും മതത്തിന്റെ പേരിൽ വിദ്വേഷം പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. നമ്മളെല്ലാവരും ചേർന്ന് ഈ സ്നേഹസന്ദേശം മുന്നോട്ടു പ്രചരിപ്പിക്കേണ്ടതാണ്. ഞാൻ ലോകത്തിന്റെ ഏതു കോണിൽ എപ്പോൾ പോയാലും അവിടെത്തെ ജമാഅത്തിലെ അംഗങ്ങൾ വളരെ സ്നേഹത്തോടും ആത്മാർഥതയോടുംകൂടി എന്നെ

കാണാറുണ്ട്. അവർ എന്നെ വളരെ ബഹുമാനിക്കുന്നു. അവസാനമായി ഒരിക്കൽകൂടി എല്ലാവർക്കും ജൽസാ ആശംസകൾ നേരുകയാണ്.

2. ഖാദിയാൻ എം.എൽ.എ ഫത്ഹ് ജജ്സിംഗ് ബാജ്പ സാഹിബ്:

ഇദ്ദേഹം എല്ലാവർക്കും നന്ദി പറയുകയും ജൽസയിൽ പങ്കെടുക്കുന്ന എല്ലാവർക്കും സലാം സമർപിക്കുകയും ചെയ്തു. അതിനുശേഷം ഈ കവിതാശകലം ചൊല്ലി:

ഈ ശഹ്ർ മുഹബ്ബത്ത് ഹെ ഈ ശഹ്ർ അഖീദത്ത് ഹെ

ഈ ശഹ്ർ കി മട്ടീ കൊ ആങ്കോം സെ ലഗാന ഹെ

ഈ നഗരം സ്നേഹമാണ്. ഈ നഗരം മതവിശ്വാസത്തിന്റേതാണ്. ഈ നഗരത്തിന്റെ മണ്ണെടുത്ത് കണ്ണെഴുതേണ്ടതാണ്.

അദ്ദേഹം പറഞ്ഞു: ഖാദിയാൻ നഗരം ഒരു പരിശുദ്ധ സ്ഥലമാണ്. ആ നഗരത്തിൽനിന്ന് നല്കപ്പെട്ട സന്ദേശം ഇന്ന് 212 രാജ്യത്ത് പരന്നു കഴിഞ്ഞിരിക്കുന്നു. ലോകത്തെവിടെയൊക്കെ അഹ്മദികളുണ്ടോ അവരെല്ലാവരേയും സ്നേഹത്തോടും പ്രീതിയോടുംകൂടി കാണുന്നു. ഞങ്ങളുടെ കുടുംബത്തിൽനിന്ന് ആരെങ്കിലും വിദേശത്തു പോകുമ്പോൾ നിങ്ങളുടെ ആളുകൾ അവരെ ഒരുപാട് ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. അത് ഈ പരിശുദ്ധ മണ്ണിന്റെ സ്നേഹാധ്യാപനത്തിന്റെ ഫലമാണ്. ഈ ജമാഅത്തിലെ അംഗങ്ങളായ നിങ്ങൾ സൗഭാഗ്യവാന്മാരാണ്. നിങ്ങൾ ലോകം മുഴുവൻ സ്നേഹത്തിന്റേയും പ്രീതിയുടേയും സാഹോദര്യത്തിന്റേയും സന്ദേശം പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. നിങ്ങളുടെ ജമാഅത്തിന്റെ മോട്ടോയും സ്നേഹത്തിലധിഷ്ഠിതമാണ്. ജമാഅത്ത് എല്ലാവരോടും സഹതാപം വെച്ചുപുലർത്തുന്നു. എല്ലാവരുമായും സഹകരിക്കുന്നു. ദരിദ്രരെ സഹായിക്കുന്നു. ആവശ്യക്കാരുടെ ആവശ്യങ്ങൾ നിറവേറ്റുന്നു. ഞങ്ങളും ഈ ജമാഅത്തിനെ ഞങ്ങളുടെ കുടുംബമായി മനസ്സിലാക്കുന്നു. ഞങ്ങളുടെ പൂർവികരും ജമാഅത്തുമായി വളരെ സ്നേഹബന്ധം പുലർത്തിയിരുന്നു. ഈ മഹത്തായ ജൽസയ്ക്ക് സർവവിധ ആശംസകളും നേരുകയാണ്.

3. ബിഷപ്പ് നോർത്ത് ഇന്ത്യാ ഓഫ് അമൃതസർ ജനാബ് ഫാദർ സമൻത് റായേ സാഹിബ്: ജൽസയിൽ പങ്കെടുത്ത് എല്ലാവർക്കും അദ്ദേഹം നന്ദിപറയുകയും സലാം ചൊല്ലുകയും ചെയ്തു. കഴിഞ്ഞ പല വർഷങ്ങളായി നിങ്ങളുടെ ഈ മഹത്തായ ജൽസയിൽ പങ്കെടുക്കാൻ അവസരം കിട്ടുന്നത് വലിയ ഭാഗ്യമായി ഞാൻ മനസ്സിലാക്കുന്നു. നിങ്ങളുടെ ജമാഅത്തുമായി ഞങ്ങൾക്കു വളരെ നല്ല ബന്ധമാണുള്ളത്. ഇന്ന് ലോകം സ്നേഹത്തിനുവേണ്ടി വിശക്കുകയാണ്. ഏതൊന്നാണോ ഇന്ന് ലോകത്തിന് ഏറ്റവും കൂടുതൽ ആവശ്യമായിട്ടുള്ളത് അത് സ്നഹംതന്നെയാണ്. ഇന്ന് നമ്മളെല്ലാവരും സകല വെറുപ്പുകളും വിദ്വേഷങ്ങളും അകറ്റി നന്മയിലേക്കും സ്നേഹത്തിലേക്കും ഒത്തൊരുമിച്ച് ചുവടുവയ്ക്കേണ്ട ആവശ്യമുണ്ട്. നമ്മൾ എല്ലാവരും ചേർന്ന് ആ ജോലി ചെയ്യേണ്ടതാണ്. ജൽസയിലെ ഈ പ്ലാറ്റ്ഫോം നമ്മളെല്ലാവരും ചേർന്ന് ശേർ ചെയ്യുന്നു. ഈ പ്രവൃത്തിക്ക് വളരെ നല്ലൊരു അവസരമാണിത്. നിങ്ങൾക്കെല്ലാവർക്കും ഒരിക്കൽ കൂടി ഞാൻ ആംശസകൾ നേരുകയാണ്. ജമാഅത്ത് സമർപിക്കുന്ന മാതൃക മറ്റുള്ള എല്ലാവരും സ്വായത്തമാക്കേണ്ടതും സ്നേഹസന്ദേശം പ്രചരിപ്പിക്കേണ്ടതുമാണ്. നമ്മളെല്ലാവരും ചേർന്ന് ഈ ദൗത്യം മുന്നോട്ടുകൊണ്ടുപോകേണ്ടതാണ്.

4. ശ്രീ ഹർഗോബിന്ദ്പൂർ എം.എൽ.എ ജനാബ് ബലാവിന്ദർസിംഗ് ലാഡി സാഹിബ്: ഇന്ന് അതിയായ സന്തോഷത്തിന്റെ ദിവസമാണ്. എല്ലാ വർഷവുമെന്നപോലെ ഈ വർഷവും ജമാഅത്ത് തങ്ങളുടെ മഹത്തായ ജൽസസാലാന സംഘടിപ്പിച്ചിരിക്കുന്നു. ദൂരദൂര സ്ഥലങ്ങളിൽനിന്ന് ഇവിടെ വന്നെത്തിയിട്ടുള്ളവർക്ക് സ്വാഗതം പറയുകയാണ്. ജമാഅത്ത് സൃഷ്ടിസേവനത്തിന്റെ മഹത്തായ ജോലി ചെയ്തുകൊണ്ടിരിക്കുന്നത് ഏറെ പ്രശംസനീയമാണ്. നല്ല പ്രവൃത്തികളിലെല്ലാം ജമാഅത്ത് മറ്റുള്ളവരെക്കാളൊക്കെ മുന്നിലാണ്. ഞാൻ വീണ്ടും ഒരിക്കൽക്കൂടി നിങ്ങൾക്കെല്ലാവർക്കും നന്ദി പറയുകയാണ്. ഈ മഹത്തായ ജൽസയിൽ നിങ്ങളെല്ലാവരേയും സ്വാഗതം ചെയ്യുന്നു.

5. വൈസ് പ്രസിഡന്റ് ആൾ ഇന്ത്യാ കോൺഗ്രസ് കമ്മിറ്റി, മുൻ എം.പി ഓഫ് തിരുനൽവേലി, തമിഴ്നാട് ജനാബ് റാമാ സുബ്ബജി:

അദ്ദേഹം പറഞ്ഞു: 'ചെന്നൈയിൽനിന്ന് ഇവിടെ നടക്കുന്ന നിങ്ങളുടെ മഹത്തായ ജൽസയിൽ പങ്കെടുക്കുന്നതിന് ഞാൻ ഇവിടെ എത്തിയിരിക്കുകയാണ്. ആദ്യമായി നിങ്ങൾക്കെല്ലാവർക്കും നന്ദി പറഞ്ഞുകൊള്ളുന്നു. എന്നെ സംബന്ധിച്ചിടത്തോളം എനിക്ക് ഇത് വളരെ ബഹുമാനമുള്ള കാര്യമാണ്. തമിഴ്നാട്ടിലെ തിരുനൽവേലി സംസ്ഥാനവുമായിട്ടാണ് എന്റെ ബന്ധം. ജമാഅത്ത് ലോകം മുഴുവൻ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന സ്നേഹസന്ദേശം വളരെ പ്രശംസനീയമാണ്. ഇന്ന് ഈ സ്നേഹസന്ദേശം ലോകത്തിലെ 212 രാജ്യങ്ങളിൽ എത്തിയിരിക്കുന്നു. എനിക്കു നിങ്ങളുടെ ജമാഅത്തിനെ കുറിച്ച് നല്ലവണ്ണം അറിയാം. ലോകം ഇന്ന് നാശത്തിലേക്കാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. ന്യൂക്ലിയർ-ആറ്റമിക് യുദ്ധത്തിനുള്ള എല്ലാ തയ്യാറെടുപ്പുകളും അണിയറയിൽ നടന്നുകൊണ്ടിരിക്കുന്നു. ലോകം അതിന്റെ നാശത്തിനുള്ള സാധനസാമഗ്രികൾ സ്വന്തം കൈകൊണ്ട് തയ്യാറാക്കി കൊണ്ടിരിക്കുകയാണ്. പക്ഷേ, നിങ്ങളുടെ ജമാഅത്തിന്റെ ആദരണീയനായ ഖലീഫ മുഴുലോകത്തിനും സ്നേഹത്തിന്റേയും പരസ്പരസാഹോദര്യത്തിന്റേയും അധ്യാപനം നല്കിക്കൊണ്ടിരിക്കുന്നു. മുഴുലോകത്തേയും ഈ നാശത്തിൽനിന്ന് രക്ഷിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഞാനും ജമാഅത്തുമായി കൂടിച്ചേർന്ന് കഴിഞ്ഞിരിക്കുകയാണ്. എല്ലാ മതത്തിലേയും ആളുകൾ ഇന്നിവിടെ സംഘടിച്ചിരിക്കുന്നു. ഇവിടെനിന്ന് സ്നേഹത്തിന്റേയും ശാന്തിയുടേയും സന്ദേശം നല്കിക്കൊണ്ടിരിക്കുന്നു.

ഞാൻ തിരുനൽവേലി ജമാഅത്തിന്റെ എല്ലാ പരിപാടികളിലും പങ്കെടുക്കാറുണ്ട്. നിങ്ങൾ വളരെ നല്ല ആളുകളാണ്. നിങ്ങളുടെ സ്വഭാവം വളരെ മൃദുലമാണ്. നിങ്ങൾ വിദ്വേഷത്തിനും ഭീകരതയ്ക്കും എതിരാണ്. ഇസ്‌ലാം എപ്പോഴും സ്നേഹസന്ദേശമാണ് നല്കിയിട്ടുള്ളത്. നിങ്ങൾ വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. ജമാഅത്ത് ഖുർആൻ എക്സിബിഷനും സംഘടിപ്പിക്കാറുണ്ട്. ദരിദ്രരെ സഹായിക്കുന്നു. വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നു. ഇതു വളരെ വലുതും പ്രശംസനീയവുമായ കാര്യമാണ്. ഞാൻ നിങ്ങൾക്കെല്ലാവർക്കും നന്ദി പറഞ്ഞുകൊള്ളുന്നു. നിങ്ങളുടെ ജൽസയിൽ പങ്കെടുക്കാൻ സാധിച്ചതിൽ ഏറെ സന്തോഷിക്കുന്നു. എനിക്ക് നിങ്ങളുടെ ഖലീഫയെ നേരിൽ കാണാൻ അവസരം കിട്ടിയിട്ടില്ല. എങ്കിലും അദ്ദേഹത്തിന്റെ പ്രശോഭിതമായ മുഖത്തിന്റെ ഫോട്ടോ കണ്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ മുഖകമലം വളരെ സമാധാനനിർഭരവും മനോഹരവും ആകർഷണീയവുമാണ്. ഞാൻ ഹുദൂറിനോടു അപേക്ഷിക്കുകയാണ്, അങ്ങ് ഞങ്ങളുടെ മണ്ണിനേയും(തിരുനൽവേലി, തമിഴ് നാട്)അങ്ങയുടെ പാദസ്പർശംകൊണ്ട് അനുഗ്രഹിച്ചാലും! എനിക്ക് ഈ ബഹുമതി നല്കിയതിന് നന്ദി പറഞ്ഞുകൊള്ളുന്നു.

6. അമൃതസറിലെ ജനാബ് സൻത് ബാബാ സൻതോഘ് സിംഗ് ജി:

അദ്ദേഹം പറഞ്ഞു: ഖാദിയാനിലെ പരിശുദ്ധ മണ്ണിൽ സന്നിഹിതരായിരിക്കുന്ന നിങ്ങൾക്കെല്ലാവർക്കും എന്റെ സലാം. നിങ്ങളെ സംബോധന ചെയ്യാൻ അവസരം കിട്ടിയത് എന്റെ സൗഭാഗ്യമാണ്. മുസ്‌ലീംകൾ എപ്പോഴും സിക്കുമതവിശ്വാസികളോടു സഹതാപത്തോടെ വർത്തിച്ചവരായിരുന്നു. ഗുരു സാഹിബ് ഞങ്ങളുടെ ഹർമന്ദിർ സാഹിബിന്റെ അടിസ്ഥാന ശില പാകിച്ചത് ഒരു മുസ്‌ലിം സഹോദരനായ മീറിനെക്കൊണ്ടായിരുന്നു. അതുതന്നെ സഹവർത്വത്തിനുള്ള മഹത്തായ തെളിവാണ്. മഹത്തായ സാഹോദര്യബന്ധത്തിന്റെ മാതൃക ലോകത്തിന്റെ മുമ്പിൽ സമർപിച്ചു. മുസ്‌ലിം സമാജം എല്ലാ ദുർഘടഘട്ടങ്ങളിലും ഞങ്ങളോടൊപ്പം നിന്നു. ഈ രണ്ടുമതങ്ങളും പങ്കുകാരനില്ലാത്ത ഏകദൈവത്തെ ആരാധിക്കുന്നുവെന്നതാണ് പ്രത്യേകത. അല്ലാഹു നിങ്ങൾ എല്ലാവരുടേയുംമേൽ അവന്റെ കരുണയും കൃപയും വർഷിക്കുമാറാകട്ടെ. നിങ്ങൾ ഇവിടെ ചെയ്യുന്ന പ്രാർഥനകൾ സ്വീകരിക്കുമാറാകട്ടെ. സന്തോഷത്തോടെ ഇവിടെ സമയം ചെലവഴിക്കുന്നവരും അവരവരുടെ വീട്ടിൽ തിരിച്ചെത്തുന്നവരുമാകട്ടെ. എനിക്ക് ഇവിടെ ഏറ്റവും വലിയ ബഹുമതി നല്കിയതിനും നിങ്ങളെല്ലാവരേയും കാണുന്നതിന് അവസരം ലഭിച്ചതിനും ഞാൻ നിങ്ങൾക്കെല്ലാവർക്കും നന്ദി പറയുന്നു.

7. നാഷണൽ അവാർഡ് ഫാർമ ടീച്ചിംഗ് ജനാബ് പ്രീംജിത് സിംഗ് ജീ കലസി:

അദ്ദേഹം ജൽസയിൽ പങ്കെടുക്കുന്നവർക്കെല്ലാം നന്ദി പറഞ്ഞു. എല്ലാവർക്കും സലാം ചൊല്ലി. തുടർന്നു പറഞ്ഞു: നിങ്ങൾ മനുഷ്യകുലത്തിന് സേവനം ചെയ്യുക എന്ന മഹത്തായ ജോലിയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. മാനവികതയുടെ മുദ്രാവാക്യമുയർത്തി മുഴുലോകത്തും പരന്നു കഴിഞ്ഞിട്ടുള്ള പരിശുദ്ധ സ്ഥലമാണിത്. നമുക്കും ഇന്ന് നമ്മുടെ ഉള്ളിൽ മാനവികത സൃഷ്ടിക്കേണ്ട ആവശ്യമുണ്ട്. പരസ്പരമുള്ള വഴക്കുകളും സ്പർദ്ധകളും ഉന്മൂലനം ചെയ്ത് ഒത്തൊരുമിച്ച് ജീവിക്കേണ്ട ആവശ്യമുണ്ട്. മാനവികത തന്നെയാണ് ഏറ്റവും വലിയ മതം.

8. ഗുരുദാസ്പൂർ എം.പിയും കോൺഗ്രസ് പാർട്ടിയുടെ പഞ്ചാബ് പ്രസിഡന്റുമായ ജനാബ് സുനേൽ ജാഘട് സാഹിബ്:

അദ്ദേഹം പറഞ്ഞു: ഖാദിയാനിലെ ഈ പവിത്രമായ മണ്ണിൽ ഈ ജൽസാസാലാനയിൽ പങ്കെടുക്കാനുള്ള ബഹുമതി എനിക്കു ലഭിച്ചു. ദൂരദൂര ദേശത്തുനിന്ന് യാത്രചെയ്ത് ഖാദിയാനിൽ നടക്കുന്ന ഈ ദൈവിക ജൽസയിൽ പങ്കെടുക്കുക എന്ന ഉദ്ദേശ്യത്തോടെ ഇവിടെ എത്തിയിട്ടുള്ള എല്ലാവരേയും ഞാൻ സ്വാഗതം ചെയ്യുകയാണ്. മാനവികതയുടെ മുദ്രാവാക്യം മുഴങ്ങുന്ന സമ്മേളനങ്ങൾ ഇല്ലെന്നുതന്നെ പറയാം. ഇത് നമുക്കെല്ലാവർക്കും ഇന്ന് ആവശ്യമുള്ളതാണ്. നിങ്ങളുടെ ജമാഅത്ത് ചെയ്തുകൊണ്ടിരിക്കുന്ന മാനവസേവ ഏറ്റവും വലിയ ജോലിയാണ്. നമുക്ക് പരസ്പരമുള്ള വൈരാഗ്യങ്ങൾ അവസനിപ്പിച്ച് സ്നേഹവും പ്രീതിയും വർധിപ്പിക്കേണ്ടതുണ്ട്. മാനവികത തന്നെയാണ് ഏറ്റവും വലിയ കാര്യമെന സന്ദേശം നല്കേണ്ട ആവശ്യമാണുള്ളത്. നിങ്ങൾക്കെല്ലാവർക്കും നന്ദി പറഞ്ഞുകൊള്ളുന്നു.

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-4 Thursday 21 February 2019 Issue-8

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

# മിർസാ ഗുലാം അഹ്മദ് സ്വന്തം തൂലികയിലൂടെ ഇസ്‌ലാം

"അല്ലാഹുവിന്റെ സർവ നിയന്ത്രണങ്ങളുടേയും കീഴെ വരുന്നതിന്റെ പേരാണ് ഇസ്‌ലാം. അല്ലാഹുവിനോടുള്ള സത്യസന്ധവും പരിപൂർണവുമായ അനുസരണമാണ് അതിന്റെ ചുരുക്കം. പ്രതിഫലേച്ഛയൊന്നും കൂടാതെ തന്റേതായ സർവതും അല്ലാഹുവിന്റെ തിരുമുമ്പിൽ വെക്കുന്നവനാണ് മുസ്‌ലിം. **മൻ അസ്‌ലമ വജ്ഹഹൂ ലില്ലാഹി വഹുവ മുഹ്സിനുൻ** (2:113).

അതായത് തന്റേതായ സർവതും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി സമർപണം ചെയ്യുകയും അവന് ഏല്പിച്ചു കൊടുക്കുകയും ചെയ്യുന്നവനാണ് മുസ്‌ലിം. വിശ്വാസപരവും കർമപരവുമായ നിലയിൽ അവന്റെ ഉദ്ദേശ്യവും ലക്ഷ്യവും അല്ലാഹുവിന്റെതന്നെ തൃപ്തിയും പ്രീതിയും ആകണം. അവൻ ചെയ്യുന്ന നന്മകളും സൽകർമങ്ങളുമൊന്നും പ്രയാസങ്ങളോടും വിഷമങ്ങളോടും കൂടിയുള്ളതാകരുത്. പ്രത്യുത അവയിൽ ഒരു നിർവൃതിയുടേയും മാധുര്യത്തിന്റേയും ആകർഷണമുണ്ടാകണം. അത് എല്ലാതരം വിഷമങ്ങളേയും സന്തോഷമാക്കിമാറ്റുന്നതാവണം. യഥാർഥ മുസൽമാൻ, അല്ലാഹു തന്റെ പ്രേമപാത്രവും യജമാനനും സ്രഷ്ടാവും ഉപകാരംചെയ്യുന്നവനുമാണെന്നു പറഞ്ഞ് അവനെ സ്നേഹിക്കുകയും അവന്റെ തിരുസന്നിധിയിൽ തല വെക്കുകയും ചെയ്യുന്നു. നിന്റെ കർമങ്ങൾക്ക് ഒരു ഫലവും ലഭിക്കുകയില്ലെന്ന് സത്യവാനായ ഒരു മുസൽമാനോടു പറഞ്ഞാലും - സ്വർഗവുമില്ല നരകവുമില്ല സൗഖ്യവുമില്ല നിർവൃതിയുമില്ല - അവന് തന്റെ സൽകർമങ്ങളോ ദൈവസ്നേഹമോ ഒരിക്കലുമൊരിക്കലും ഉപേക്ഷിക്കാൻ സാധിക്കുകയില്ല. കാരണം അവന്റെ ആരാധനകളും അല്ലാഹുവുമായുള്ള ബന്ധവും അവനോടുള്ള അനുസരണവും അതിലുള്ള ലയനവുമൊന്നും ഏതെങ്കിലും പ്രതിഫലത്തിന്റേയോ പ്രതീക്ഷയുടേയോ അടിസ്ഥാനത്തിലുള്ളതല്ല. മറിച്ച് അവൻ തന്നെക്കുറിച്ച് മനസ്സിലാക്കുന്നത്, വാസ്തവത്തിൽ അല്ലാഹുവിനെ തിരിച്ചറിയുന്നതിനും അവനെ സ്നേഹിക്കുന്നതിനും അവനെ അനുസരിക്കുന്നതിനുംവേണ്ടി താൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്നാണ്. തന്റേതായ ഒരു ലക്ഷ്യമോ ഉദ്ദേശ്യമോ ഇല്ലതന്നെ. അതുകൊണ്ട് തന്റെ ദൈവദത്തമായ കഴിവുകളെ ഈ ലക്ഷ്യങ്ങൾക്കും ഉദ്ദേശ്യങ്ങൾക്കുംവേണ്ടി ചെലവഴിക്കുമ്പോൾ അവൻ തന്റെ യഥാർഥ പ്രേമഭാജനത്തിന്റതന്നെ മുഖമാണ് കാണുന്നത്. സ്വർഗത്തിന്മേലോ നരകത്തിന്മേലോ അടിസ്ഥാനപരമായി അവന്റെ ദൃഷ്ടി ഉണ്ടായിരിക്കുകയില്ല. അല്ലാഹുവിനെ സ്നേഹിക്കുകയോ അവനെ അനുസരിക്കുകയോ ചെയ്താൽ അതികഠിനമായി ശിക്ഷിക്കുമെന്ന് എന്നോടാരെങ്കിലും പറഞ്ഞാൽ ഞാൻ സത്യം ചെയ്തു പറയുന്നു, ആ ബുദ്ധിമുട്ടുകളേയും ബലാകളേയും ഒരു ആനന്ദത്തോടും സ്നേഹാവേശത്തോടും ഉത്സാഹത്തോടുംകൂടി സഹിക്കാൻ ഞാൻ തയ്യാറായിരിക്കും. കാരണം എന്റെ പ്രകൃതി അങ്ങനെയായിത്തീർന്നിരിക്കുന്നു. ദുഃഖവും ശിക്ഷയും അനുഭവിക്കേണ്ടി വരുമെന്ന് എത്ര ശക്തമായി പറഞ്ഞാലും ഒരിക്കലും അല്ലാഹുവിനെ അനുസരിക്കുന്നതിൽനിന്ന് ഒരു ചുവടുപോലും വെളിയിൽ വെക്കുകയില്ല. ആയിരക്കണക്കിന് അല്ല ലക്ഷക്കണക്കിന് മരണം വരിക്കേണ്ടി വന്നാലും ദുഃഖങ്ങളും വിഷമങ്ങളുമുണ്ടായാലും അനുസരണവൃത്തത്തിൽനിന്ന് പുറത്തു പോകുകയില്ല. കുട്ടികൾക്ക് മുലപാൽ കൊടുക്കാതിരുന്നാൽ അതിൽ സന്തോഷിച്ച് താൻ ആ മാതാവിന് സമ്മാനം നല്കുമെന്ന് ഏതെങ്കിലും രാജാവ് വിളംബരം ചെയ്യിച്ചാൽ ഏതെങ്കിലും ഉമ്മ ആ സമ്മാനം മോഹിച്ച് കുട്ടികൾക്ക് പാലുകൊടുക്കാതെ കൊല്ലുമോ? ഇപ്രകാരം സത്യസന്ധനായൊരു മുസൽമാൻ അല്ലാഹുവിന്റെ കല്പനയിൽനിന്ന് വെളിയിൽ പോകുന്നത് തന്റെ നാശത്തിന് കാരണമായി മനസ്സിലാക്കുന്നു; ആ അനുസരണക്കേടിന് അവന് എത്രതന്നെ ഐശ്വര്യ സമ്പൂർണമായ വാഗ്ദാനം നൽകിയാലും ശരി.

അതുകൊണ്ട് യഥാർഥ മുസ്‌ലിമാകാൻ അത്യാവശ്യമായ കാര്യം ഇത്തരത്തിലുള്ള പ്രകൃതി സമ്പാദിക്കുക എന്നതാണ്. അതായത് അല്ലാഹുവിനോടുള്ള സ്നേഹം, അവനോടുള്ള അനുസരണം ഏതെങ്കിലും പ്രതിഫലത്തിന്റേയോ ശിക്ഷയെ ഭയപ്പെട്ടോ എന്തെങ്കിലും പ്രതീക്ഷയുടേയോ അടിസ്ഥാനത്തിൽ ആകരുത്. പ്രത്യുത പ്രകൃതിയുടെ സ്വാഭാവികമായ പ്രത്യേകതയോടും അതിന്റെ ഭാഗമായിത്തീർന്നുംകൊണ്ട് അത് അവന് സ്വയം സ്വർഗം സൃഷ്ടിക്കുമാറ് അവനെ സ്നേഹിക്കുക. യഥാർഥമായ സ്വർഗം ഇതുതന്നെയാണ്. ഈ വഴി സ്വായത്തമാക്കാത്തിടത്തോളം ഒരു മനുഷ്യനും സ്വർഗത്തിൽ പ്രവേശിക്കുകയില്ല. അതുകൊണ്ട് ഞാനുമായി ബന്ധം വെക്കുന്ന നിങ്ങളോടു, ഇതേ വഴിയിലൂടെ പ്രവേശിക്കാൻ ഞാൻ പറയുകയാണ്. കാരണം സ്വർഗത്തിന്റെ യഥാർഥ വഴി ഇതു തന്നെയാണ്."
(മൽഫൂദാത്ത് വാള്യം 2 പേജ് 133 - 134)

## ദൈവികസംരക്ഷണത്തിന്റെ രഹസ്യം

"**ശഹ്റു റമളാനല്ലദീ ഉൻസില ഫീഹിൽ ഖുർആൻ** എന്ന ആയത്തിൽനിന്ന് പരിശുദ്ധ റമളാന്റെ മഹത്ത്വം മനസ്സിലാവുന്നു. ഈ മാസം മനഃസംസ്കരണത്തിനുള്ള അത്യുത്തമമായ മാസമാണെന്നും അതിൽ അധികമധികമായി ആത്മീയദർശനശക്തി ലഭിക്കുന്നതാണെന്നും സ്വൂഫിവര്യന്മാർ എഴുതുന്നു. നമസ്കാരം ആത്മാവിന്ന് സംസ്കരണവും നോമ്പ് ഹൃദയത്തിന് പ്രകാശവും പ്രദാനം ചെയ്യുന്നു. ആത്മസംസ്കരണമെന്നാൽ ദോഷപ്രവണമായ ആത്മാവിന്റെ ദേഹേച്ഛയിൽനിന്ന് ദൂരപ്പെടുക എന്നും മനഃസംസ്കരണമെന്നാൽ ആത്മദർശനത്തിനുള്ള കവാടം തുറന്ന് ദൈവത്തെ കാണുവാൻ സാധിക്കുക എന്നുമാണുദ്ദേശ്യം. **ഉൻസില ഫീഹിൽ ഖുർആൻ** എന്ന ആയത്ത് ഇതിലേക്കുള്ള സൂചന നൽകുന്നു. വ്രതാനുഷ്ഠാനത്തിനുള്ള പ്രതിഫലം മഹത്ത്വപൂർണ്ണമാണെന്നതിൽ സംശയമില്ല. എന്നാൽ, വിവിധതരത്തിലുള്ള രോഗങ്ങൾ മനുഷ്യനെ ഈ അനുഗ്രഹലബ്ധിയിൽനിന്ന് തടഞ്ഞുനിറുത്തുന്നു. എനിക്കോർമയുണ്ട്. എന്റെ യവ്വനകാലത്ത് വ്രതാനുഷ്ഠാനം അഹ്‌ലുബയ്ത്തിന്റെ ചര്യയിൽപ്പെട്ടതാണെന്ന് ഞാൻ സ്വപ്നത്തിൽ കാണുകയുണ്ടായി. എന്നെക്കുറിച്ച് **സൽമാനും മിന്നാ അഹ്‌ലുൽ ബയ്ത്തി** എന്ന് അരുൾചെയ്തിട്ടുണ്ട്. സൽമാൻ എന്ന വാക്കിന് രണ്ടുവിധത്തിലുള്ള സമാധാനം എന്നാണർഥം. അതായത് ആന്തരികവും ബാഹ്യവുമായ സമാധാനങ്ങൾ - ആ ആൾ കാരുണ്യവും അനുകമ്പയും മുഖേനയായിരിക്കും തന്റെ ദൗത്യം നിർവ്വഹിക്കുക; വാൾ മുഖേനയല്ല. ഈ ദർശനം വ്രതാനുഷ്ഠാനത്തിലേക്ക് സൂചന നൽകുന്നുവെന്നെനിക്കുതോന്നി. അങ്ങനെ ഞാൻ തുടർച്ചയായി ആറു മാസക്കാലം നോമ്പനുഷ്ഠിച്ചു. ഇതിന്നിടയിൽ പ്രകാശങ്ങളുടെ സ്തൂപങ്ങൾ ആകാശത്തിലേക്ക് ഉയർന്നുപോകുന്നതായി എനിക്കു കാണാൻ സാധിച്ചു. ആ പ്രകാശസ്തൂപങ്ങൾ ഭൂമിയിൽനിന്ന് ആകാശത്തേക്കുയരുകയാണോ അതല്ല എന്റെ ഹൃദയത്തിൽനിന്ന് ഉയർന്നു പോകുകയാണോ എന്ന് എനിക്ക് മനസ്സിലാക്കാൻ സാധിച്ചില്ല. സാധിക്കുന്നിടത്തോളം അല്ലാഹു നിർദേശിച്ച കടമകൾ നിർവഹിക്കുവാൻ മനുഷ്യൻ ബാധ്യസ്ഥനാണ്. വ്രതാനുഷ്ഠാനത്തെക്കുറിച്ച് അല്ലാഹു പറയുന്നത് **വ ഇൻ തസ്വൂമു ഖയ്റുല്ലക്കും** (2:185) നിങ്ങൾ നോമ്പനുഷ്ഠിക്കുകയാണെങ്കിൽ അത് നിങ്ങൾക്ക് നന്മയാണെന്നാണ്.

എന്തിനാണ് അല്ലാഹു ഫിദ്‌യ നിശ്ചയിച്ചിരിക്കുന്നതെന്ന ചിന്ത എന്റെ ഹൃദയത്തിൽ പൊങ്ങിവന്നപ്പോൾ വ്രതാനുഷ്ഠാനത്തിനുള്ള കഴിവും സൗഭാഗ്യവും ലഭിക്കുന്നതിനായിട്ടാണെന്ന് എന്റെ അന്തഃരംഗം എന്നോട് മറുപടി പറഞ്ഞു. മനുഷ്യന്ന് തൗഫീഖ് നൽകുന്നവൻ അല്ലാഹുവാണ്. അതുകൊണ്ടു ഓരോ കാര്യവും അല്ലാഹുവിനോടാണ് ആവശ്യപ്പെടേണ്ടത്. സർവ്വശക്തനായ അല്ലാഹു ഇച്ഛിക്കുകയാണെങ്കിൽ ഒറു ക്ഷയരോഗിക്കുപോലും വ്രതാനുഷ്ഠാനത്തിനുള്ള ശക്തിയും കഴിവും നൽകുന്നതാണ്. ആ ശക്തി സംജാതമാകുന്നതിന്നുവേണ്ടിയാണ് ഫിദ്‌യ നിശ്ചയിച്ചിരിക്കുന്നത്. ഇത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ മാത്രമേ സാധിക്കുകയുള്ളൂ. അതുകൊണ്ട് എന്റെ പക്കൽ മനുഷ്യൻ അല്ലാഹുവിനോട് ഇപ്രകാരം പ്രാർഥിച്ച് സഹായം തേടേണ്ടതാണ്. "അല്ലാഹുവേ! ഇത്

( ശേഷം പേജ് 10ൽ)

---

അതിനുശേഷം ആദരണീയരായ യോഗാധ്യക്ഷൻ മുൻ എം. എൽ. എ അശോനീ സേഘടി ജീ യേയും യാദോൻദർ ജി ഭണ്ടറേയും ഷാൾ അണിയിക്കുകയുണ്ടായി.

9. ഡേര ബാബ നാനക്ക് എം.എൽ.എ, മിനിസ്റ്റർ പഞ്ചാബ് സർക്കാർ ജനാബ് സുഖ് ജൻദർ സിംഗ് രൻദാദ് സാഹിബ്:

അദ്ദേഹം പറഞ്ഞു: ഇന്ന് എത്രമനോഹരമായ രീതിയിൽ സ്നേഹത്തിന്റേയും സമാധാനത്തിന്റേയും സന്ദേശം ജമാഅത്ത് നല്കിക്കൊണ്ടിരിക്കുന്നുവോ അത് പ്രശംസനീയമാണ്. നമ്മളെല്ലാവരും പങ്കുകാരാരുമില്ലാത്ത ഏകനായ ദൈവം സൃഷ്ടിച്ചവരാണ്. പക്ഷേ, ലോകത്ത് വന്ന് അവരവരുടേതായ വെവ്വേറം വഴികൾ സ്വായത്തമാക്കി. നമ്മളെല്ലാവരും സ്നേഹത്തോടെ ജീവിക്കേണ്ട ആവശ്യമുണ്ട്. നമുക്ക് കളവിന്റേയും കുറ്റങ്ങളുടേയും മുമ്പിൽ തലകുനിക്കേണ്ട ആവശ്യമില്ല. മറിച്ച് സത്യത്തിന്റെ വഴി സ്വായത്തമാക്കേണ്ട ആവശ്യമാണുള്ളത്. പരസ്പര ഐക്യത്തിന്റേയും ഒത്തൊരുമയുടേയും സ്നേഹത്തിന്റേയും ആവശ്യമുണ്ട്. ഇന്ന് ഈ മഹത്തായ ജൽസയിൽ ദൂരദൂര പ്രദേശങ്ങളിൽനിന്ന് ആളുകൾ ഇവിടെ വന്നിരിക്കുന്നു. അവരെയെല്ലാം ഞാൻ സ്വാഗതം ചെയ്യുകയാണ്. നിങ്ങളുടെ മതത്തിനുവേണ്ടി ഇവിടെ സംഘടിച്ചിരിക്കുന്ന നിങ്ങളെല്ലാവരും സൗഭാഗ്യരാണ്. ഇത്തരം ജനതകൾ ജീവിച്ചിരിക്കുന്നവരാണ്; അവർക്കെരിക്കലും മരണമില്ല. ഇവിടെ വന്ന് നല്ല കാര്യങ്ങൾ കേൾക്കുന്നു. അതനുസരിച്ച് പ്രവൃത്തിക്കേണ്ട് ആവശ്യമുണ്ട്. നിങ്ങൾക്കെല്ലാവർക്കും ഒരിക്കൽകൂടി ആശംസകൾ നേരുന്നു.

ഇതോടെ ഇന്നത്തെ രണ്ടാം ദിവസത്തെ രണ്ടാമത്തെ സെഷനിലെ പരിപാടി സമാപിച്ചു. (തുടരും)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin